മൂന്നാർ സപ്ലൈ അസോസിയേഷൻ എന്ന എംഎസ്എയിലെ മാനേജറും ജീവനക്കാരും കയ്യിൽകിട്ടാവുന്ന സാധനങ്ങളുമായി കെട്ടിടത്തിന് മുകളിൽ കയറിയാണ് രക്ഷപ്പെട്ടത്. മാടുപ്പെട്ടിക്ക് പുറമെ പെരിയവരെ ഭാഗത്തും കൃത്രിമ തടാകം രൂപപ്പെട്ടിരുന്നു. അതും തകർന്നു. രണ്ടിടത്തേയും പാറയും കല്ലും മണ്ണും ഒഴുകി എത്തി ഇപ്പോഴത്തെ ഹെഡ് വർക്സിന് സമീപത്ത് മറ്റൊരു അണക്കെട്ട് രൂപപ്പെട്ടു. അതു തകർന്നതോടെ ഹെഡ് വർക്സിനും പള്ളിവാസലിനും ഇടയിലുള്ള വലിയൊരു പ്രദേശം ഒലിച്ചു പോയി. കണ്ണൻ ദേവൻ കമ്പനിയുടെ വൈദ്യുതി നിലയം ഭാഗികമായി തകർന്നു. ആറ്റുകാട് വെള്ളച്ചാട്ടം രൂപപ്പെട്ടത് അന്നത്തെ പ്രളയത്തിലാണ്. മറ്റു എസ്റ്റേറ്റുകളെയും പ്രളയം കാര്യമായി ബാധിച്ചു. ലക്ഷ്മി എസ്റ്റേറ്റ് മൂന്നു ദിവസം ഒറ്റപ്പെട്ടു. ജൂലൈ 16ന് 28 ഇഞ്ച് മഴ രേഖപ്പെടുത്തി. കല്ലാർ എസ്റ്റേറ്റിൽ 15ന് മാത്രം 21.13 ഇഞ്ച് മഴയാണ് പെയ്തത്. 16ന് മഴയുടെ അളവ് 28.66 ഇഞ്ചായി ഉയർന്നു. രാജമലയിൽ 15ന് 30 ഇഞ്ച് മഴ പെയ്തിറങ്ങി. കണ്ണൻ ദേവൻ കമ്പനിയിൽ മാനേജരായിരുന്ന ഗ്രോലി ബോയ്ഡ് അന്നത്തെ അനുഭവം കുറിച്ചിട്ടുണ്ട്. രാജമലയിൽ സുഹൃത്തിനെ കാണാനാണ് കുടുംബ സമേതം പോയത്. എത്തിയപ്പോഴെക്കും മഴ കനത്തു. സുഹൃത്തിൻെറ വീട്ടിൽ നിന്നും കാൽനടയായി മടങ്ങി വരുമ്പോൾ വഴിനീളെ മരങ്ങൾ വീണു കിടന്നിരുന്നു. പെരിയവരെ പാലം തകർന്നതും റോഡ് ഒലിച്ചു പോയതും കാണേണ്ടി വന്നു. ലയങ്ങൾ ഒഴുകി പോകുന്ന കാഴ്ചയും കണ്ടു. മരങ്ങൾ വന്നടിഞ്ഞാണ് കൃത്രിമ തടാകം രൂപപ്പെട്ടത്.

1924 ജൂലൈ 15 മുതൽ 25വരെ മൂന്നാറിൽ 2023.2 മില്ലി മീറ്റർ മഴയാണ് രേഖപ്പെടുത്തിയത്. തലയാറിൽ ജൂലൈ 15 മുതൽ 18വരെയുള്ള നാല് ദിവസം 1806.1 മില്ലി മീറ്റർ മഴ പെയ്തു. ദേവികുളത്ത് ജൂലൈ 15 മുതൽ 19വരെ 1136.7 മില്ലി മീറ്റർ മഴയും പെയ്തു.

തീവണ്ടി ഓർമ്മയിലേക്ക്

മൂന്നാറിൽ തീവണ്ടി സർവീസുണ്ടായിരുന്നുവെന്ന് പറഞ്ഞാൽ, വിശ്വസിക്കാൻ പ്രയാസമായിരിക്കും. ഈ മലമുകളിൽ തീവണ്ടിയോ എന്ന് തിരിച്ച് ചോദിക്കുന്നവരാണ് അധികവും. തീവണ്ടി ഓടിയിരുന്നതും തകർന്നതും കഴിഞ്ഞ നൂറ്റാണ്ടിൽ.

മൂന്നാർ ജനതയുടെ മനസിലെ നൊമ്പരമാണ് കുണ്ടളവാലി തീവണ്ടി. 1924 ജൂലൈ 17ന് രാത്രിയിലെ മഴയിലും മണ്ണിടിച്ചിലിലും മൂന്നാറിൻെറ തീവണ്ടി പാതയുടെ ചില ഭാഗങ്ങൾ തകർന്നു. മൂന്നാറിനും മാടുപ്പെട്ടിക്കും ഇടയിലാണ് പാത ഇല്ലാതായത്. 1924 ജൂലൈ 17ന് തകർന്നില്ലായിരുന്നുവെങ്കിൽ മൂന്നാറിലെ തീവണ്ടി അവശേഷിക്കുമായിരുന്നു. തകർന്ന റെയിൽവേ ലൈൻ പുന:സ്ഥാപിക്കാൻ കണ്ണൻ ദേവൻ കമ്പനിയും ശ്രമിച്ചില്ല. പകരം ചരക്ക് നീക്കത്തിനായി അവർ റോപ്വേ സംവിധാനം കൊണ്ട് വന്നു.

മൂന്നാറിൽ നിന്നും കുട്ടമ്പുഴ വഴിയുള്ള ആലുവ റോഡും പ്രളയത്തിൽ ഇല്ലാതായി. വെസ്റ്റേൺ ഔട്ട്ലെറ്റ് റോഡ് എന്നറിയപ്പെട്ടിരുന്ന റോഡിലുടെയായിരുന്നു മൂന്നാറിൽ നിന്നും കോതമംഗലം ഭാഗത്തേക്കുള്ള യാത്ര. കോതമംഗലം, പെരുമ്പാവൂർ, മൂവാറ്റുപുഴ മേഖലയിൽ നിന്നുള്ള വ്യാപാരികൾ മുന്നാറിലേക്കും കോയമ്പത്തൂരിലേക്കും പോയിരുന്നതും ഇതുവഴി. കോതമംഗലം, തട്ടേക്കാട്, പൂയംകുട്ടി, ആനക്കുളം, കല്ലാർ എസ്റ്റേറ്റ്, നല്ലതണ്ണി എസ്റ്റേറ്റ് വഴി മൂന്നാറിൽ എത്തുന്നതായിരുന്നു പാത. മാടുപ്പെട്ടിയിൽ കൃത്രിമ തടാകം രൂപപ്പെട്ട് മൂന്നാർവാലി റെയിൽവേ ലൈൻ തകർന്നതിന് സമാനമായിരുന്നു ആലുവ–മൂന്നാർ റോഡിൻെറ തകർച്ചയും. കരിന്തിരി മലയിൽ ഉരുൾപ്പൊട്ടിയാണ് റോഡ് തകർന്നത്. പെട്ടിമുടി, രാജമല ഭാഗത്തുണ്ടായ കനത്ത മഴയെ തുടർന്ന് നല്ലതണ്ണിയാറിലുണ്ടായ പ്രളയമാണ് ഇതിന് കാരണമായത്. 42–ാം മൈൽ തുടങ്ങി 56–ാം മൈൽ വരെയുള്ള ഭാഗം ഗതാഗതത്തിന് അസാധ്യമായതരത്തിൽ തകർന്നുവെന്നാണ് ഇതു സംബന്ധിച്ച് തിരുവിതാംകുർ അസംബ്ലി രേഖകളിൽ പറയുന്നത്. ഗതാഗത യോഗ്യമാക്കാൻ വലിയ ചെലവ് വരുമെന്നും ചീഫ് എൻജിനിയർ റിപ്പോർട്ട് ചെയ്തിരുന്നു. അതോടെ ഗതാഗതം നിലച്ചു. ഇതിന് ബദലായാണ് നേര്യമംഗലം, അടിമാലി വഴിയുള്ള ഇപ്പോഴത്തെ റോഡ് നിർമ്മിച്ചത്. ദേശിയ പാതയായി മാറിയ റോഡിന് സമാ

ന്തരമായി പഴയ ആലുവ റോഡ് ഗതാഗത യോഗ്യമാക്കണമെന്ന ആവശ്യം ഇപ്പോൾ ശകതമാണ്. മാങ്കുളം കുടിയേറ്റ പട്ടണമായി വികസിച്ചതോടെയാണ് റോഡിന് വേണ്ടിയുള്ള ആവശ്യം. ഇതേസമയം, അന്നത്തെ ആലുവ–മൂന്നാർ റോഡിൽ ശകതമായ മഴക്കാലത്ത് ഗതാഗതം സാധ്യമല്ലെന്ന് 1921 മാർച്ച് അഞ്ചിന് തിരുവിതാംകൂർ അസംബ്ലിയിൽ നടന്ന ചർച്ചയിൽ പറയുന്നു. 45–ാം മൈലിൽ നിന്നും റോഡ് ഗതിമാറ്റി കന്നിമല ഫാക്ടറിയിലെത്തിച്ച് ഉടുമലപ്പേട്ടക്കുള്ള നോർത്ത് ഔട്ട്ലെറ്റ് റോഡിലേക്ക് ബന്ധിപ്പിക്കണമെന്ന നിർദേശവും അക്കാലത്ത് കണ്ണൻ ദേവൻ കമ്പനി ഉയർത്തിയിരുന്നു. ഇതു ചർച്ചയിലിരിക്കെയാണ് 1924ലെ പ്രളയം.

എച്ച് ഒ എൽ മരിക്കാറുടെ നേതൃത്വത്തിലാണ് മൂന്നാർ ടൗൺ പുനർനിർമ്മിച്ചത്. ശ്രീലങ്കയിൽ വേരുകളുള്ള മരിക്കാർ റെയിൽവേയുടെ ജോലികളുമായി ബന്ധപ്പെട്ടാണ് മൂന്നാറിൽ എത്തിയത്. വീണ്ടുമൊരു പ്രളയമുണ്ടായാൽ അതു കടകളെ ബാധിക്കരുതെന്ന് എൻജിനിയർമാർ ആഗ്രഹിച്ചിരുന്നു. അന്ന് പുനർനിർമ്മിച്ച ടൗൺ ബസാർ ഉയരത്തിൽ നിർമ്മിക്കാൻ കാരണം അതാണെത്ര.

മറ്റൊരു പ്ലാന്റേഷൻ ടൗണായ വണ്ടിപ്പെരിയാറിലും മിഥുനത്തിൽ മഴക്ക് തുടക്കമായി. ശകതമായ കാറ്റിന്റെ അകമ്പടിയോടെയാണ് മഴ ശകതിപ്പെട്ടത്. ജൂലൈ 10 വരെയുള്ള ദിവസങ്ങളിലായി 69 ഇഞ്ച് മഴ ലഭിച്ചതായി ഹീതർ ലോവാട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഏക അണക്കെട്ടായ മുല്ലപ്പെരിയാർ നിറഞ്ഞു, മുന്നറിയിപ്പില്ലാതെ അണക്കെട്ട് തുറന്നു വിട്ടതിനെ തുടർന്ന് വണ്ടിപ്പെരിയാർ ടൗൺ മുങ്ങി. അണക്കെട്ട് തുറന്നു വിട്ടതിനെ തുടർന്ന് കരിങ്കുളം, കരിന്തരുവി എസ്റ്റേറ്റുകളിൽ വലിയ നഷ്ടം സംഭവിച്ചതായി കാട്ടി ഉടമ പി. ജോൺ ജോൺ നിവേദനം നൽകിയിരുന്നു. ഭാഗ്യത്തിനാണ് മുല്ലപ്പെരിയാർ കവിഞ്ഞൊഴുകിയിട്ടും അണക്കെട്ട് തകരാതിരുന്നത്. ജൂലൈ 16ന് വണ്ടിപ്പെരിയാറിലെ കടകളിൽ വെള്ളം കയറിയതോടെ ഭക്ഷണ സാധനങ്ങൾക്ക് കടുത്ത ക്ഷാമം അനുഭവപ്പെട്ടു. പീരുമേടിലും മഴ ശകതിപ്പെട്ടു. ജൂലൈയിൽ 145 ഇഞ്ച് മഴയാണ് രേഖപ്പെടുത്തിയത്. പീരുമേട്–മുണ്ടക്കയം കാളവണ്ടി റോഡിൽ രണ്ടു സൈഡിലും മണ്ണിടിച്ചിലുണ്ടായി. ഗതാഗതം നിലച്ചു. രണ്ടു പാലങ്ങൾ തകർന്നു. 22 കാളവണ്ടിക്കാർ മരിച്ചതായാണ് ഹീതർ എഴുതിയിട്ടുള്ളത്.

തൊഴിലാളികൾക്കും അരിയും മറ്റും കിട്ടാതായി. മറ്റൊരു മാർഗവും ഇല്ലാതായതോടെ തൊഴിലാളികളുമായി മുണ്ടക്കയത്തിന് നടന്നു പോയാണ് തലച്ചുമടായി അരിയും മറ്റും എസ്റ്റേറ്റുകളിൽ എത്തിച്ചത്. കുമളിയിൽ നിന്നും കമ്പത്തേക്കുള്ള ഘാട്ട് റോഡ് മഴയിൽ തകർന്നു. റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ബ്രിട്ടിഷ് ഇൻഡ്യ ഉദ്യോഗസ്ഥർക്കും തിരുവിതാംകൂർ ഭരണാധികാരികൾക്കും പ്ലാന്റേഴ്സ് അസോസിയേഷൻ ടെലഗ്രാം സന്ദേശം അയച്ചുവെങ്കിലും വാർത്താവിനിമയ സംവിധാനം പാടെ തകർന്നതിനാൽ അവ ലക്ഷ്യം കണ്ടില്ല. തോട്ടം തൊഴിലാളികളുടെ സഹായത്തോടെ റോഡ് പുന:സ്ഥാപിച്ചാണ് തേയില കൊണ്ടു പോയതും ഭക്ഷ്യവസ്തുക്കൾ കൊണ്ടു വന്നതും.

ജൂലൈ 26ന് വീണ്ടും മഴ ശകതിപ്പെട്ടു. വണ്ടിപ്പെരിയാറിൽ 26 ഇഞ്ച് മഴ പെയ്തിറങ്ങി. പെരിയാർ കവിഞ്ഞൊഴുകി. കടകളിൽ വെള്ളം കയറി. 1924 ജൂലൈ 15 മുതൽ 25 വരെയുള്ള 11 ദിവസങ്ങളിലായി പീരുമേടിൽ 2044.7 മില്ലി മീറ്റർ മഴ പെയ്തു.

അതൊരു വല്ലാത്ത മഴയായിരുന്നു..... എങ്ങും വെള്ളം, സൂര്യൻ എങ്ങോ പോയി മറഞ്ഞ ദിവസങ്ങൾ.... ജനങ്ങൾ ഉയർന്ന പ്രദേശങ്ങളിൽ അഭയം തേടിയ ദിവസങ്ങൾ... 99ലെ വെള്ളപ്പൊക്കത്തെ കുറിച്ച് പറയുമ്പോഴൊക്കെ മുത്തശ്ശിയുടെ മുഖത്ത് ഭീതിയായിരുന്നു. വർഷങ്ങൾക്ക് മുമ്പ് മുത്തശ്ശി മരിക്കുന്നത് വരെ ഓരോ മഴക്കാലത്തും 99ലെ ഓർമ്മകൾ പറഞ്ഞിരുന്നു. ആലപ്പുഴയിലായിരുന്നു മുത്തശ്ശി ജനിച്ച് വളർന്നത്. അന്ന് ആറോ ഏഴോ വയസ്. നഗരത്തിലെ തോടുകൾ കവിഞ്ഞൊഴുകി, നാടെങ്ങും വെള്ളം. കാണെ കാണെ വെള്ളം ഉയരുകയാണ്. വീടിനകത്തേക്കും വെള്ളം കയറി തുടങ്ങി. അന്ന് വീടുകളിൽ കട്ടിലും സീലിംഗും ഒന്നുമില്ല. എല്ലാം ഓലപ്പുരകൾ. കുട്ടികളും സ്ത്രീകളെയും സുരക്ഷിതമായ സ്ഥാനങ്ങളിൽ എത്തിക്കാനായിരുന്നു പിന്നിടുള്ള ശ്രമങ്ങൾ. അക്കാലത്ത് കുരുമുളക്, ഏലക്ക വ്യാപാരവുമായി ബന്ധപ്പെട്ട് ആലപ്പുഴയിലുണ്ടായിരുന്ന ഗുജറാത്തി കുടുംബങ്ങൾ താമസിച്ചിരുന്നത് നാലും അഞ്ചും നിലകളുള്ള ഫ്ലാറ്റ് പോലുള്ള കെട്ടിടങ്ങളിലായിരുന്നു. ഇത്തരത്തിൽ നിരവധിയായ കെട്ടിടങ്ങൾ ഉണ്ടായിരുന്നു. അത്തരം കെട്ടിടങ്ങളാണ് രക്ഷാകേന്ദ്രങ്ങളായി മാറിയതെന്നാണ് മുത്തശ്ശി പറഞ്ഞിരുന്നത്.

അണപൊട്ടിയത് പോലെ വെള്ളം കയറി വരികയായിരുന്നുവെന്നാണ് മലയാള മനോരമ പത്രാധിപരായിരുന്ന കെ എം മാത്യു 'എട്ടാമത്തെ മോതിരം' എന്ന ജീവിതകഥയിൽ പറയുന്നത്. അന്ന് കുട്ടിയായിരുന്ന മാത്തുക്കുട്ടിച്ചായൻ കുട്ടനാടിലെ കുപ്പപ്പുറത്തായിരുന്നു. വലിയ ശബ്ദത്തോടെയായിരുന്നു വെള്ളത്തിന്റെ വരവ്. അറക്കകത്തെ നെല്ല് മുഴുവൻ മുങ്ങി. 18 അടി വരെ ഉയരത്തിൽ വെള്ളം കയറി. അന്ന് എല്ലാവരും ആലപ്പുഴയിൽ ഒരു വീട്ടിലേക്ക് മാറുകയായിരുന്നു.

അന്ന് വാർത്താവിനിമയ സൗകര്യമെന്നത് ടെലഗ്രാം മാത്രമാണ്. അതാകെട്ട തകരാറിലായി. തപാൽ സംവിധാനം

താറുമാറായി. വിവരങ്ങൾ അറിയാനും അറിയിക്കാനും മാർഗമില്ലാത്ത അവസ്ഥ. പത്രങ്ങളിൽ അച്ചടിച്ച് വന്നിരുന്നത്. പഴയ വിവരങ്ങൾ. 'സ്വന്തം ലേഖകർ'ക്ക് പുതിയ വിവരങ്ങൾ നൽകാനും കഴിഞ്ഞിരുന്നില്ല. ഭയങ്കരമായ വെള്ളപ്പൊക്കം, ശവങ്ങൾ ഒഴുകി നടക്കുന്നു എന്നിങ്ങനെയായിരുന്നു മിക്ക റിപ്പോർട്ടുകളും.

1901നും 1961 നും ഇടയിലുള്ള ഏറ്റവും കൂടിയ മഴയാണ് 1924ൽ ലഭിച്ചത്. മുല്ലപ്പെരിയാർ ഒഴികെ മറ്റൊരു അണക്കെട്ടുമില്ലാത്തിനാൽ, വെള്ളം തടഞ്ഞു നിർത്താൻ സംവിധാനമില്ല. മലവെള്ള പാച്ചിലിൽ നദികൾ എല്ലാം കരകവിഞ്ഞു. തീവണ്ടി പാളങ്ങൾക്ക് മുകളിലൂടെ വള്ളങ്ങൾ സഞ്ചരിച്ചുവെന്നാണ് പഴമക്കാർ പറഞ്ഞിരുന്നത്. 1924ന് മുമ്പ് 1904ലാണ് ഇതുപൊലെ മഴ പെയ്തത്. 1924ൽ 4226.4 മില്ലി മീറർ മഴ പെയ്തിറങ്ങി. ജൂണിൽ 1011.7 മീല്ലി മീറ്ററും ജൂലൈയിൽ 1526.5 മില്ലി മീറ്ററും മഴ പെയ്തു. വിവിധ ജില്ലകളിൽ 1924 ജൂൺ, ജൂലൈ മാസങ്ങളിൽ പെയ്ത മഴയുടെ തോത് ഇപ്രകാരമാണ്. ആ വർഷം ആകെ ലഭിച്ച മഴയും. മില്ലി മീറ്ററിൽ.. ആലപ്പുഴ–1004.4, 947.5, 3517.5 എറണാകുളം–1342.6,1421.2, 4832.9 ഇടുക്കി– 744.4,1812.8,4147.8 കണ്ണൂർ–1283.3, 1876.1, 4587.3 കാസറഗാഡ്–1100.4,1290,3818.3 കൊല്ലം–768.4,907.2, 3357.3 കോട്ടയം–1054.1,1482.5,4565.2 കോഴിക്കോട്–1810.7,916.7,4938.3 മലപ്പുറം–986.1,1709.3,4337.2 പാലക്കാട്–856.6,1460.1,3783 പത്തനംതിട്ട–913.8,1163,4350.6 തൃശൂർ–1363.1,1361.6,4600.4 തിരുവനന്തപുരം–667 ,551.7,2629.2 വയനാട്–1038,3193.6,5523.9. 1924ൽ പല ജില്ലകളും രൂപികരിക്കപ്പെട്ടിരുന്നില്ലെങ്കിലും അതാത് ജില്ലകളിൽ ഉൾപ്പെട്ട പ്രദേശങ്ങളുടെ മഴയുടെ അളവിന്റെ അടിസ്ഥാനത്തിലായിരിക്കാം ഇൻഡ്യൻ കാലാവസ്ഥ കേന്ദ്രം ഈ ഡാറ്റ തയ്യാറാക്കിയത്. മൂന്നാറിനടുത്ത് തലയാറിൽ 1924 ജൂലൈ 16ന് രേഖപ്പെടുത്തിയത് 644.1 മില്ലി മീറ്റർ മഴയാണ്. ജൂലൈ 15 മുതൽ 18വരെ നാല് ദിവസം 1806.1 മില്ലി മീറ്റർ മഴയാണ് പെയ്തത്. ഈ വെള്ളമത്രയും പാമ്പാറിലൂടെ തമിഴ്നാടിലേക്ക് ഒഴുകി. മഴ നിഴൽ പ്രദേശമായ മറയൂരിൽ പ്രളയത്തിന് കാരണമായതും ഈ വെള്ളം.

പ്രളയം ചിലപ്പോൾ അനുഗ്രഹവും ആകാറുണ്ട്. അത്തരമൊരു പ്രകൃതിയുടെ അനുഗ്രഹമാണ് കൊച്ചി തുറമുഖം. 1341ലെ മഹാപ്രളയത്തിൽ മുസരിസ് (കൊടുങ്ങല്ലൂർ) തുറമുഖം മണ്ണടിഞ്ഞ് നികന്നപ്പോൾ പകരം പ്രകൃതി തുറന്ന് കൊടുത്തതാണ് കൊച്ചി തുറമുഖം. എന്നാൽ, 1924ലെ പ്രളയത്തിൽ കൊച്ചി തുറമുഖത്തിനായി നിർമ്മിച്ച കരിങ്കൽ ഭിത്തികൾ തകർന്നു. വൻതോതിൽ വെള്ളം കയറിയതിനാൽ കൊച്ചിയിലുള്ളവർ കിഴക്കോട്ട് സഞ്ചരിച്ചാണ് രക്ഷപ്പെട്ടത്.

ആദ്യകാലത്ത് നദിതടങ്ങൾ സംസ്കാരം രചിച്ചത് പോലെയാണ് വെള്ളപ്പൊക്കത്തിന്റെ കാര്യവും. നദികളായ നദികളൊക്കെ കരകവിഞ്ഞു. പെരിയാറിന്റെ തീരങ്ങളിലെ ഗ്രാമങ്ങൾ മുങ്ങി. ഇന്നും പഴയ വലിയ കെട്ടിടങ്ങളിൽ വെള്ളം കയറിയതിന്റെ അടയാളങ്ങൾ നിലനിർത്തിയിട്ടുണ്ട്. മലയാറ്റൂർ പള്ളിയിലും രേഖപ്പെടുത്തിയിട്ടുണ്ട്.

കാലടി ശൃംഗേരി മഠത്തിനു സമീപമുള്ള ബംഗ്ലാവ് മറ്റൊരു സ്മാരകമാണ്. ഇതേകുറിച്ച് ദീപികയുടെ ഞായറാഴ്ച പതിപ്പിൽ ഇ.പി.ഷാജുദീൻ എഴുതിയിരുന്നു– മൂന്നു ദിവസം മേൽക്കുരയിൽ പിടിച്ച് തൂങ്ങി കിടന്ന ന്യായാധിപൻറ വീരകഥ. കൊച്ചി, തിരുവിതാംകൂർ, മൈസൂർ എന്നി രാജ്യങ്ങളിൽ ചീഫ് ജസ്റ്റീസ് ആയിരുന്ന രാമചന്ദ്രയ്യനായിരുന്നു ആ വീരകഥയിലെ നായകൻ. ശൃംഗേരി മഠത്തിന്റെ ക്ഷേത്രപ്പണിയുടെ ചുമതലക്കാരനായിരുന്ന അദ്ദേഹം താമസിച്ചിരുന്നത് ഈ ബംഗ്ലാവിലായിരുന്നു. വെള്ളം പൊങ്ങി എല്ലാവരും ജീവനും കൊണ്ടോടിയപ്പോൾ ഈ കെട്ടിടം തകരില്ലെന്നും പറഞ്ഞ് ജഡ്ജി അവിടെ തുടർന്നു. കുന്നിലേക്ക് പോകാൻ വള്ളം വന്നപ്പോൾ തലയാറ്റുംപള്ളി മനയിലെ അപ്ഫൻ നമ്പൂതിരി രാമചന്ദ്രയ്യനെ വിളിക്കാൻ പറയത്തു മേനോനെ അയച്ചു. ' ഈ കെട്ടിടം തകർന്നാൽ കൂടെ ഞാനും പൊയ്ക്കോള്ളാ''മെന്നു പറഞ്ഞ് ജഡ്ജി അവിടിരുന്നു. ബംഗ്ലാവ് മുങ്ങി. ജഡ്ജി മൂന്നു ദിവസം പിടിച്ചിരുന്നത് മേൽക്കൂരയിൽ. മനുഷ്യരും ആനയുമൊക്കെ ഒഴുകിപ്പോകുന്നത് അദ്ദേഹം അവിടിരുന്നു കണ്ടു.

മലവെള്ളത്തിനൊപ്പം ജീവനുള്ള കടുവ പ്രത്യക്ഷപ്പെട്ടതും കാലടിയിലാണ്.ആശ്രമം കോമ്പൗണ്ടിലാണ് കടുവയെ കണ്ടത്. ജനങ്ങൾ എത്തിയതോടെ കടുവ അടുത്തുള്ള ഇല്ലിക്കാട്ടിൽ കയറി. പിന്നീട് കടുവായെ വെടിവച്ച് കൊന്നു.

സമുദ്ര നിരപ്പിന് താഴെയുള്ള കുട്ടനാട് തുടങ്ങി ഏറ്റവും ഉയരത്തിലുള്ള മൂന്നാർ വരെയുള്ള പ്രദേശങ്ങളെ ഒരു പോലെ ബാധിച്ചതാണ് 99ലെ പ്രളയം. പമ്പയാർ, അച്ചൻകോവിലാർ, മണിമലയാർ, മീനച്ചിലാർ എന്നിവ ചേരുന്ന വേമ്പനാട് കായലിലൂടെ മനുഷ്യരുടെയും വന്യജീവികളുടെയും വളർത്തു മൃഗങ്ങളുടെയും ശവങ്ങൾ ഒഴുകി നടന്നതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇതൊക്കെ അറബി കടലിൽ എത്തി.

1924 ജൂലൈ 19 ഡേറ്റ്ലൈനിൽ മലയാള മനോരമയിൽ പ്രസിദ്ധികരിച്ച ഭയങ്കരമായ വെള്ളപ്പൊക്കമെന്ന തലക്കെട്ടിലെ ഏറണാകുളം വാർത്തയുടെ ഇൻട്രോയിൽ പറഞ്ഞിരുന്നത് ഇങ്ങനെയാണ്– ''ഇവിടുത്തെ വെള്ളപ്പൊക്കത്തെപ്പറ്റി എഴുതുന്നത് ഉരലു മദ്ദളത്തോട് സങ്കടം പറയുന്നത് പോലെ ആകില്ലയോ എന്ന സംശയമില്ലാതില്ല''.... അതായിരുന്നു അന്നത്തെ കേരളത്തിന്റെ അവസ്ഥ. എല്ലായിടത്തും ഒരേ അവസ്ഥ. മണലിപ്പുഴയും കുറുമാലിപ്പുഴയും കരകവിഞ്ഞൊഴുകി റോഡിലൂടെ കാളവണ്ടിയിൽ പോകുകയായിരുന്ന കത്തനാരും വണ്ടിക്കാരനും വണ്ടിയും ഒഴുകി

പോകുകയും കത്തനാർ മാത്രം ഒരു ദിവസത്തിന് ശേഷം രഷപ്പെട്ടതും വാർത്തിയലുണ്ട്. സമീപത്തെ അമ്പലത്തിലെ ശാന്തിക്കാരൻ രക്ഷപ്പെടുത്തുകയായിരുന്നു. പറവൂർ, ചൊവ്വര, അങ്കമാലി തുടങ്ങിയ പ്രദേശങ്ങളിലെ വെള്ളപ്പൊക്കത്തെ കുറിച്ചും റിപ്പോർട്ടിലുണ്ട്.

ഇടപ്പള്ളിക്കും തൃപ്പൂണിത്തുറക്കും ഇടയിൽ കടത്തു വള്ളങ്ങൾ റോഡിലൂടെയാണ് ഈന്നിയിരുന്നത്. ആലുവ റെയിൽവേ പാലവും ചൊവ്വര സ്റ്റേഷനും മുങ്ങുന്ന തരത്തിൽ പെരിയാറിൽ വെള്ളം കയറി. റെയിൽപാളങ്ങൾ പലയിടത്തും വേർപ്പെട്ടു. ഭാരതപ്പുഴക്ക് കുറുകെയുള്ള ഷോർണൂർ റെയിൽവേ പാലം തകർന്നതും ഈ വെള്ളപ്പൊക്കത്തിൽ. ദേവികുളത്ത് 100 പേർ മരിച്ചുവെന്നാണ് മനോരമയുടെ ലേഖകൻ റിപ്പോർട്ട് ചെയ്തത്. ആലപ്പുഴ, കൊല്ലം, നെടുംപ്രയാർ, പറവുർ, കുമരകം, മൂവാറ്റുപുഴ, കുറുപ്പംപടി, മാവേലിക്കര, ചെങ്ങനൂർ, തിരുവല്ല എന്നിവിടങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകളും പുന:പ്രസിദ്ധികരിച്ച പത്രത്തിലുണ്ടായിരുന്നു.

തലശേരി–കൂർഗ് പാതയിലെ തലശേരി പാലം ഒലിച്ച് പോയത് ജൂലൈ 24നായിരുന്നു. ഈ സന്ദേശം ലക്ഷ്യ സ്ഥാനത്ത് എത്തുമോയെന്ന് അറിയില്ലെന്ന ആമുഖത്തോടെയാണ് കോഴിക്കോട് കളക്ടറുടെ റിപ്പോർട്ട് ആരംഭിക്കുന്നത്. ബ്രിട്ടിഷ് മദിരാശി സ്റ്റേറ്റിന്റെ ഭാഗമായിരുന്നു മലബാർ പ്രദേശം. കോഴിക്കോട് പുർണമായും ഒറ്റപ്പെട്ടു.

മലവെള്ളത്തിനൊപ്പം ഒഴുകി വന്ന മരത്തിൽ കയറി സുഖയാത്ര നടത്തി കുമരകത്ത് എത്തിയ പുലിയുടെ കഥ പറഞ്ഞത് നസ്രാണി ദീപികയാണ്. അക്കഥ ഷാജൂദീൻ സൺഡേ ദീപികയിൽ എഴുതിയിരുന്നു. പ്രളയജലം പരക്കുന്നതിനിടയിൽ പുലി എതിലെ പോയെന്നു മനസ്സിലാക്കാൻ പറ്റിയില്ല. വെള്ളമൊന്നിറങ്ങിയപ്പോൾ അതിലേ പോയ കുട്ടികളാണ് തട്ടക്കാട്ടു വീടിന്റെ പിൻഭാഗത്തെ അഴിക്കുള്ളിലൂടെ രണ്ടു കണ്ണുകൾ കണ്ടത്. മുതിർന്നവർക്ക് കാര്യം പിടികിട്ടി. അവിടം ഇളക്കിയപ്പോൾ പുലി പുറത്തു ചാടി. പുലി ഓടിച്ചെന്നത് ഇന്നു ഹൈസ്കൂൾ ഇരിക്കുന്ന മൈതാനത്ത്. അത് അവിടുത്തെ കുളത്തിൽ ചാടി. അവിടെ വെച്ച് തന്നെ വെടിവെച്ചിട്ടത് കർഷക പ്രമുഖനായ ഇല്ലിക്കുളം ഏബ്രഹാം ജോൺ. പിന്നെ ഉത്സവമായി. ചത്ത പുലിയുടെ വായിൽ ഒരു തടിക്കഷണം തിരുകിക്കയറ്റി പുലിയെയും കൊണ്ടുള്ള ഘോഷയാത്രയായി. ഓരോ വീട്ടിലും പുലിയെ കൊണ്ടുചെന്നു പ്രദർശിപ്പിക്കും. അതിനൊപ്പം പിരിവും. കോട്ടയം വരെ പ്രദർശനം നടത്തിയെന്നാണ് ഷാജൂദീൻ 1994 ജുലൈ 24–ന് എഴുതിയത്. അന്നത്തെ കുമരകം സ്കൂൾ അഭയാർഥി ക്യാമ്പായിരുന്നു.

സ്കൂളിൽ അധ്യാപകർക്കിരിക്കാൻ മുറിയുണ്ടായിരുന്നില്ല. പുലി പ്രദർശനത്തിൽ നിന്നു കിട്ടിയ 75 രൂപാ ഉപയോഗിച്ച് അരഭിത്തികെട്ടി കമ്പിയഴിയിട്ട് ഒരു മുറി പണിതു. അതു ''പുലി മുറി' യായി.

മിഥുനം 26–ന് എറണാകുളത്തുണ്ടായ കൊടുങ്കാറ്റിൽ ഏതാനും വഞ്ചികൾ മുങ്ങി. നാശനഷ്ടം തിട്ടപ്പെടുത്താനായതേയില്ല. അഞ്ചു ദിവസം കഴിഞ്ഞ് ഈ വാർത്ത മാന്നാനത്തു നിന്നിറങ്ങുന്ന നസ്രാണി ദീപികയിൽ അച്ചടിച്ചു വന്നപ്പോൾ നാടിന്റെ നാനാഭാഗങ്ങളിൽ ഇത്തരം നൂറുകണക്കിന് അപകടങ്ങളുണ്ടായിക്കഴിഞ്ഞിരുന്നു. ശകതമായ അടിയൊഴുക്കിൽപ്പെട്ട മൃതദേഹങ്ങളെല്ലാം കടലിലേക്ക് ഒഴുകി.

റെയിൽ ഗതാഗതം മുടങ്ങിയതോടെ എറണാകുളത്തു യാത്രക്കാർ കുടുങ്ങി. ദിവാൻ തൃശൂരിൽ കുടുങ്ങിയെന്നായിരുന്നു പത്രവാർത്ത. തിരുവല്ല, തിരുമൂലപുരം, തുകലശേരി തുടങ്ങിയ സ്ഥലങ്ങളിലെ കുന്നുകളിൽ രണ്ടു ദിവസം കൊണ്ട് 8000 പേരാണ് അഭയാർഥികളായി എത്തിയത്. ഉയർന്ന പ്രദേശങ്ങളിലേക്കുള്ള തീർഥാടനമായിരുന്നു എങ്ങും. ആലപ്പുഴയിലെ തോടുകൾ സമുദ്രതുല്യമായി. രാത്രി മാത്രം ഉയർന്നത് മൂന്നടി വെള്ളം. അകലെനിന്നു പ്രാണരക്ഷാർഥം ഓടിവരുന്നവരെ പാർപ്പിക്കാൻ കച്ചേരി മൈതാനത്ത് കെട്ടിയ ഓലക്കെട്ടിടവും തകർന്നു. പമ്പയാറ്റിലും അതിഭയങ്കരമായി വെള്ളമുയർന്നു. റാന്നി ചന്തയിലെ കെട്ടിടങ്ങളിൽ മിക്കതും മുങ്ങി. തട്ടിന് പുറത്തു കയറിയിരുന്ന 12 പേരുമായി ഒരു വീട് ഒഴുകിപ്പോയി. മുണ്ടക്കയത്തും മണിമലയിലുമൊക്കെ വീടുകൾ വടമിട്ട് വൻമരങ്ങളിൽ കെട്ടിയിടുകയായിരുന്നു. മരങ്ങൾ വേരോടെ പിഴുതു വീണപ്പോൾ മരവും വീടും ഒരുമിച്ച് മണിമലയാറ്റിലൂടെ ഒഴുകി.

അന്നത്തെ ഒരു റിപ്പോർട്ട് ഇങ്ങനെ: മുല്ലപ്പുഴ ചേരിയെന്ന സ്ഥലത്തു നിന്നും പലരും കണ്ട് പ്രത്യേകം എണ്ണി നോക്കിയതിൽ രണ്ടു മണിക്കൂറിൽ 150 കെട്ടിടങ്ങൾ ഒഴുകി പോയതായി പറയുന്നു. ഇതുകളിൽ മനുഷ്യരുണ്ട്. നോഹയുടെ കാലത്തെ പ്രളയമോ ഇതെന്ന് തോന്നുമാറ് ഭയങ്കരം, അതിഭയങ്കരമെന്നല്ലാതെ എന്തു പറയാൻ.''

തീണ്ടലും തൊടീലും കർശനമായി പാലിച്ചിരുന്ന കാലടിയിലും മറ്റും വെള്ളം അയിത്തത്തെ എടുത്തുകൊണ്ടു പോയി. കാലടി തലയാറ്റുംപള്ളി മനയ്ക്കലിൽ നിന്നു കൊണ്ടുപോയ വലിയ ചെമ്പിൽ അരിവേവിച്ചാണ് അഭയകേന്ദ്രമായിരുന്ന മറ്റൂർ കുന്നിലെ സകല ജാതിക്കാർക്കും ചോറു കൊടുത്തത്. തെക്കിനേടത്തു മനയിലെ വാസു നമ്പൂതിരിയാണ് എല്ലാവർക്കും വേണ്ടഅരിയും വിറകും നൽകിയത്. പല ഉയർന്ന മലകളിലെയും ക്ഷേത്ര വളപ്പുകളിൽ എല്ലാ

ജാതിക്കാരും കയറിക്കൂടി. ചിലയിടത്തു മാത്രം ക്ഷേത്ര മതിൽക്കെട്ടിനുള്ളിൽ കയറിയിരുന്ന സവർണർ മറ്റുള്ളവ രെ അകത്തു കടത്തിയില്ല. കാലടിയിൽ പ്രകൃതി അയിത്തമവസാനിപ്പിച്ചപ്പോഴും വൈക്കത്ത് ക്ഷേത്ര വഴിയിൽ കൂടി സഞ്ചരിക്കുന്നതിന് സഹനസമരം നടക്കുകയായിരുന്നു. അയിത്ത ജാതിക്കാർക്ക് ക്ഷേത്ര റോഡിൽ കൂടി സഞ്ചരി ക്കാൻ പാടില്ലെന്ന നിയമത്തിനെതിരായി വൈക്കം സത്യഗ്രഹം നടന്നത് വെള്ളപ്പൊക്ക കാലത്താണ്. വെള്ളം പൊ ങ്ങിയിട്ടും സത്യഗ്രഹികൾ പിന്മാറിയില്ല. സത്യഗ്രഹികൾ കഴുത്തറ്റം വെള്ളത്തിൽ നിന്നപ്പോൾ പൊലീസുകാർ ചങ്ങാ ടത്തിലെത്തിയാണ് അറസ്റ്റ് ചെയ്തത്.

ബ്രിട്ടിഷ് ഇൻഡ്യയുടെ മദിരാശി സംസ്ഥാനത്തായിരുന്നു മലബാർ. 1923ലെ കനത്ത മഴയിൽ പുഴകളും തോടും നിറഞ്ഞ് കവിഞ്ഞതിനാൽ ആ ഓർമ്മകളിൽ 1924ൽ മഴ കനത്തപ്പോൾ തന്നെ മുൻകരുതൽ എടുത്തു തുടങ്ങിയിരു ന്നു. എന്നിട്ടും നിരവധി ജീവനുകൾ നഷ്ടമായി. മരവ്യാപാരത്തിന്റെ കേന്ദ്രമായ കല്ലായിയിൽ പുഴയിൽ കെട്ടിയിട്ടിരു ന്ന മൂന്നു ലക്ഷം രൂപയുടെ മരം ഒഴുകി പോയി. 1924ലെ മൂന്നു ലക്ഷത്തിന്റെ മൂല്യം ആലോചിച്ച് നോക്കാവുന്നതാ ണ്. ജൂലൈ 17ന് കല്ലായിപുഴ, പൊന്നാനിപ്പുഴ, കടലുണ്ടിപുഴ, ചാലിയാർ തുടങ്ങിയവ കരതൊട്ടു. ജൂലൈ 16ന് വൈ ത്തിരിയിൽ മാത്രം 13.30 ഇഞ്ച് മഴ പെയ്തു.12 മുതൽ 24വരെ 103.54 ഇഞ്ച് മഴയാണ് രേഖപ്പെടുത്തിയത്. മാനന്തവാടി യിൽ ജൂലൈ 17ന് അവസാനിച്ച ആഴ്ച 44.8 ഇഞ്ച് മഴയാണ് പെയ്തത്. 16,17 തിയതികളിൽ 21 ഇഞ്ച് മഴയും പെയ്തു. വീ ടിന്റെ മുകളിലും തെങ്ങിൻ മുകളിലുമാണ് പലരും അഭയം പ്രാപിച്ചത്. 25 മരണങ്ങൾ റിപ്പോർട്ട് ചെയ്തുവെന്ന് മദിരാ ശിയുടെ മലബാർ ജില്ലാ ഗസറ്റിയർ പറയുന്നു. റോഡിൽ നിന്നും 18 അടി ഉയരത്തിൽ വരെ വെള്ളം കയറി. നിരവധി പാലങ്ങളും റെയിൽവെ ലൈനുകളും തകർന്നു. മാഹി,നെല്ലിപ്പുഴ,നായ്കെട്ടി,ബാവലി,യാക്കര പാലങ്ങൾ തകർന്നവ യുടെ പട്ടികയിലുണ്ട്. ഒലവക്കോട്–തിരൂർ റെയിൽവേ പലയിടത്തും തകർന്നു. 300ഓളം ഇടത്ത് മണ്ണിടിച്ചിലുണ്ടായി. ആയിരകണക്കിന് ഏക്കർ സ്ഥലത്തെ കൃഷി നശിച്ചു. ആയിരക്കണക്കിന് വീടുകൾ ഒലിച്ചു പോയി.

1923 ജൂലൈ, ആഗസ്ത് മാസങ്ങളിലാണ് മഴ കനത്തത്. വയനാട്, ചിറക്കൽ, കോട്ടയം താലൂക്കുകളിൽ വലിയ നാ ശനഷ്ടമാണുണ്ടായത്. വയനാടിൽ രണ്ടു മാസങ്ങളിലായി 397 ഇഞ്ച് മഴ രേഖപ്പെടുത്തി. പ്രളയക്കെടുതികൾ നേരിട്ടും കണ്ടും ദുരിതങ്ങൾ കേട്ടും മാനസിക സംഘർഷത്തിലായ ഭരണാധികാരിയായിരുന്നു ശ്രീമൂലം തിരുന്നാൾ. വെള്ള പ്പൊക്കം അവസാനിക്കുന്നതിന് മുമ്പേ–1924 ആഗസ്ത് ഏഴിന് അദേഹം മരണമടഞ്ഞു. ഇതേ തുടർന്ന് മഹാരാജാ വായി ശ്രീചിത്തിര തിരുനാൾ അവരോധിക്കപ്പെട്ടുവെങ്കിലും 12 വയസു മാത്രമായിരുന്നതിനാൽ സേതുലഷ്മി ഭായ് റീ ജൻറായി നിയമിക്കപ്പെട്ടു. മഹാരാജാവ് മരിച്ചതിനെ തുടർന്നുള്ള ദു:ഖാചരണത്തിനിടയിലും പ്രളയ ദുരിതാശ്വാസ പ്ര വർത്തനങ്ങളിലാണ് ഭരണകൂടം ശ്രദ്ധ കേന്ദ്രികരിച്ചത്. 500 രൂപ വീതം 1000 കർഷകർക്ക് സഹായം നൽകി. വിലക്ക യറ്റം സൃഷ്ടിക്കപ്പെടാതിരിക്കാനും നിത്യോപയോഗ സാധനങ്ങൾക്ക് ക്ഷാമം അനുഭവപ്പെടാതിരിക്കാനും മുൻകരുത ലെടുത്തു. പാവപ്പെട്ടവർക്ക് സൗജന്യമായും അല്ലാത്തവർക്ക് സൗജന്യ നിരക്കിലും വീട് നിർമ്മാണത്തിനായി വനവിഭ വങ്ങൾ നൽകാൻ വനം വകുപ്പിന് നിർദേശം നൽകി. വെള്ളപ്പൊക്ക കെടുതികൾ നേരിട്ട് കാണാൻ ദിവാൻ നാല് ദിവ സം തിരുവിതാംകൂറിൽ യാത്ര ചെയ്തു. കാർഷിക വായ്പ അനുവദിച്ചും യുദ്ധകാല അടിസ്ഥാനത്തിൽ റോഡും തോടും ഗതാഗതയോഗ്യമാക്കിയും നാടിനെ ഉണർത്തി.


ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഗാന്ധിജി നേരിട്ട് ഇടപ്പെട്ടു. എല്ലാം നഷ്ടപ്പെട്ടവർക്ക് ആഹാരവും വസ്ത്രവും എത്തിക്കാൻ അദേഹം ആഹ്വാനം ചെയ്തു. നവജീവൻ ജീവനക്കാർ ഒരു ദിവസത്തെ വേതനം സംഭാവനയായി നൽ കണം. തെൻറ ഒരു ദിവസത്തെ ആഹാരത്തിന് തുല്യമായ തുക സംഭാവന നൽകുക, പ്രളയ ബാധിതരെ സഹായി ക്കാൻ കൂടുതൽ നൂൽ നൂൽക്കുക, തെൻറ വസ്ത്രാവശ്യങ്ങൾ ചുരുക്കി അവ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുക, സുഖ സൗകര്യങ്ങളും ആഡംബരങ്ങളും ചുരുക്കി ആ തുക ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യു ക ഗാന്ധിജി എഴുതി. ഇത്തരത്തിൽ ലഭിച്ച 6994 രൂപ 13 അണ, മൂന്ന് പൈസ ഗാന്ധിജി കേരള നേതാക്കൾക്ക് അയ ച്ചു കൊടുത്തു.

ചരിത്രത്തിലെ ഏറ്റവും ഉയർന്ന മഴ

120 വർഷത്തെ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന മഴ പെയ്ത വർഷമായിരുന്നു 1961. ശരാശരി 3000 മി ല്ലി മീറ്റർ മഴയാണ് കേരളത്തിന് ലഭിക്കേണ്ടത്. 1961ൽ 4257.9 മില്ലി മീറ്റർ മഴ രേഖപ്പെടുത്തി. മഹാപ്രളയം വന്ന 1924ൽ 4226.4 മില്ലി മീറ്ററായിരുന്നു മഴ. നമ്മൾ നേരിൽ അനുഭവിച്ച 2018ലെ പ്രളയകാലത്ത് 3520.1 മില്ലി മീറ്റർ മഴയെ ലഭിച്ചു ള്ളു. ഉയർന്ന തോതിൽ മഴ ലഭിച്ച മറ്റൊരു വർഷം 1933 ആയിരുന്നു– ആ വർഷം 4073 മില്ലി മീറ്റർ മഴ പെയ്തു. 1961 ജൂ ണിൽ 1005.7 മീല്ലി മീറ്ററും ജൂലൈയിൽ 1146.5 മില്ലി മീറ്ററും മഴ രേഖപ്പെടുത്തി.

1961ൽ ഏറ്റവും കൂടിയ മഴ പെയ്തുവെങ്കിലും 1924ന് സമാനമായ പ്രളയം ഉണ്ടാകാതിരിക്കാൻ ഒരു കാരണം ഡാമുകളാണ്. 1924ൽ മുല്ലപ്പെരിയാർ എന്ന ഒരേ ഒരു ഡാം മാത്രമാണ് ഉണ്ടായിരുന്നത്. എന്നാൽ, 1961ൽ എത്തിയപ്പോഴെക്കും നിരവധി ഡാമുകൾ കമ്മീഷൻ ചെയ്യുകയോ മറ്റു ചിലത് നിർമ്മാണം ആരംഭിക്കുകയോ ചെയ്തിരുന്നു.1924ലേത് പോലെ കൃത്രിമ ഡാമുകൾ രൂപപ്പെടുകയും അവ തകരുകയോ ചെയ്തിരുന്നില്ലെന്ന് കാണാം.

കല്ലാർകുട്ടി, കുണ്ടള, മാടുപ്പെട്ടി, മൂന്നാർ, ചെങ്കുളം, പൊരിങ്ങൾകുത്ത്, മലമ്പുഴ, മീങ്കര, പീച്ചി, നെയ്യാർ എന്നിവയാണ് 1961 മുമ്പ് കമ്മീഷൻ ചെയ്യപ്പെട്ട ഡാമുകൾ. ആനയിറങ്കൽ, കക്കി, പമ്പ, പൊന്മുടി, ഷോളയാർ, പോത്തുണ്ടി, മംഗലം, പറമ്പിക്കുളം, വാഴാനി, ചുള്ളിയാർ, ഭൂതത്താൻകെട്ട് ബാരേജ് എന്നിവ നിർമ്മാണ ഘട്ടത്തിലും. 1961ലെ പ്രളയത്തിൽ 46 കുട്ടികൾക്കടക്കം 116 പേർക്ക് ജീവഹാനി സംഭവിച്ചുവെന്നാണ് നിയമസഭാ രേഖകൾ.അരലക്ഷത്തിലേറെ വീടുകൾ തകർന്നു. 1,20,0000 ഏക്കർ സ്ഥലത്തെ കൃഷി നശിച്ചു.



1924 ലെ പ്രളയ ചിത്രങ്ങൾ പകർത്തിയ പരംജ്യോതി നായിഡു

മുല്ലപ്പെരിയാർ അണക്കെട്ട് തുറന്ന് വിട്ടത് മൂലം വെള്ളം കുത്തിയൊലിച്ച് എത്തി. കെഎസ്ഇ ബോർഡിന്റെ പാമ്പളയിലെ നേര്യമംഗലം വൈദ്യുതി നിലയത്തിന് സാരമായ കേടുപാടുകൾ സംഭവിച്ചു. പെരിയാർ കരകവിഞ്ഞൊഴുകി. മുങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ളവരെ ഉയർന്ന പ്രദേശങ്ങളിലേക്ക് മാറ്റി. കുറ്റ്യാടിപ്പുഴ കവിഞ്ഞൊഴുകിയാണ് കൊയിലാണ്ടി, വടകര മേഖല മുങ്ങിയത്.

ജൂൺ അവസാനമാണ് മഴ ശകതിപ്പെട്ടത്. ജൂലൈ ആദ്യവാരം പ്രളയമായി മാറി. റോഡുകൾ മുങ്ങി. ആലുവ–ചാലക്കുടി, ആലവു–പറവൂർ, തൃശൂർ–കുന്നംകുളം, എറണാകുളം–ആലുവ, തിരുവല്ല–കോട്ടയം, ഏറ്റുമാനൂർ–പാലാ, കോഴിക്കോട്–ബേപ്പൂർ, തൃത്താല–പൊന്നാനി തുടങ്ങിയ റോഡുകൾ മുങ്ങി. പൊന്നാനി ദിവസങ്ങളോളം ഒറ്റപ്പെട്ടു. അട്ടപ്പാടിയിൽ രണ്ടിടത്ത് ഉരുൾപൊട്ടി. കല്ലട നദിതടത്തിൽ പതിനായിരക്കണക്കിന് എക്കർ കൃഷി നശിച്ചു. ഇടവേളക്ക് ശേഷം ജൂലൈ അവസാനം വീണ്ടും മഴ കനത്തു. ജൂലൈ 23ന് കണ്ണൂർ, കോഴിക്കോട് മേഖല മുങ്ങി.

ജൂണിൽ പൊന്മുടി, വർക്കല, അടൂർ, നിലമേൽ, മൂന്നാർ, ദേവികുളം, പീരുമേട്, മുകുന്ദപുരം, ഒറ്റപ്പാലം, വൈത്തിരി, വടകര, കാസറഗോഡ്, തലശേരി എന്നിവിടങ്ങളിൽ കനത്ത മഴയാണ് രേഖപ്പെടുത്തിയത്. കൊയിലാണ്ടിയിൽ 3156.7 മില്ലി മീറ്ററായിരുന്നു മഴ. ജൂലൈയിൽ വൈത്തിരിയിൽ 3556.9 മില്ലി മീറ്റർ മഴ രേഖപ്പെടുത്തി. മൂന്നാർ, ദേവികുളം, പീരുമേട്, പെരുമ്പാവൂർ, മണ്ണാർക്കാട്, നിലമ്പൂർ, കൊയിലാണ്ടി എന്നിവിടങ്ങളിലും കനത്ത മഴയായിരുന്നു. ഇതേസമയം, സംസ്ഥാന അതിർത്തിയായ ചിന്നാറിൽ 89.5 മില്ലി മീറ്റർ മഴയാണ് 1961 ജൂലൈയിൽ ലഭിച്ചത്. കൊയിലാണ്ടിയിൽ 1961 മെയ് 23 മുതൽ 29വരെയുള്ള ദിവസങ്ങളിലും ശകതമായ മഴ രേഖപ്പെടുത്തി. 835.4 മില്ലി മീറ്റർ മഴയാണ് നാല് ദിവസങ്ങളിലായി പെയ്തത്. ജൂൺ 7,8,9 ദിവസങ്ങളിലായി 969.8 മില്ലി മീറ്റർ മഴയും പെയ്തിറങ്ങി. മൂന്നാറിൽ ജൂൺ 30 മുതൽ ജൂലൈ അഞ്ച് വരെയുള്ള ആറ് ദിവസങ്ങളിലായി 1192.9 മില്ലി മീറ്റർ മഴയും പെയ്തു. വൈത്തിരിയിൽ ജൂലൈ 12 മുതൽ 25 വരെയുള്ള 14 ദിവസങ്ങളിലായി 2779.9 മില്ലി മീറ്ററും വൈത്തിരിയിൽ ജൂൺ 29 മുതൽ ജൂലൈ അഞ്ച് വരെയുള്ള ഏഴ് ദിവസങ്ങളിലായി 2143.9 മില്ലി മീറ്ററും മഴയാണ് രേഖപ്പെടുത്തിയത്.

1961ലെ പ്രളയത്തെ തുടർന്ന് വെള്ളപ്പൊക്ക കെടുതികൾ തടയാൻ കേരളം സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യാൻ പൊതുമരാമത്ത് വകുപ്പിനെ സർക്കാർ ചുമതലപ്പെടുത്തി. അന്ന് ജലവിഭവ വകുപ്പ് രൂപീകൃതമായിട്ടില്ല. പുഴകളിൽ കൂടുതൽ തടയണകൾ നിർമ്മിക്കണമെന്നതടക്കമുള്ള നിർദേശങ്ങളാണ് സമർപ്പിച്ചത്. സമുദ്രനിരപ്പിന് താഴെ സ്ഥിതി ചെയ്യുന്ന കുട്ടനാടിൽ ഒഴുകിയെത്തുന്ന വെള്ളം പുറത്തേക്ക് പോകുന്നതിന് സൗകര്യമൊരുക്കണമെന്നും നിർദേശിച്ചു.

2018ലെ പ്രളയം

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമായിരുന്നു 2018 ആഗസ്തിലേത്. നാം നേരിൽ കണ്ട് അനുഭവിച്ച മഹാപ്രളയം. 435 ജീവനുകളാണ് നഷ്ടമായത്. ഇവരിൽ 67 കുട്ടികളും 98 സ്ത്രീകളും ഉൾപ്പെടുന്നു. സംസ്ഥാനത്തെ 54 ഡാമുകളിൽ 35 ഏണ്ണം തുറന്നു. സംസ്ഥാനത്തൊട്ടാകെ 341 ഉരുൾപ്പൊട്ടലുകളുണ്ടായി. ഇതിൽ 143ഉം ഇടുക്കി ജില്ലയിൽ. ഐക്യ രാഷ്ട്ര സഭയുടെ മാനദണ്ഡപ്രകാരമുള്ള കണക്കെടുപ്പിൽ സംസ്ഥാനുത്തുണ്ടായ നഷ്ടം 26718 കോടിയുടെത്. പുനർനിർമ്മാണത്തിന് 31000 കോടി രൂപ വേണ്ടി വരുമെന്നും കണക്കാക്കി.

ആധുനിക സാങ്കേതിക വിദ്യകളൊക്കെ ഉണ്ടായിരുന്നിട്ടും പ്രളയത്തെ ചെറുക്കാൻ കഴിഞ്ഞില്ല. കേരള പോലീസിന്റെ കണക്ക് പ്രകാരം രക്ഷിച്ചത് 317573 പേരെയാണ്. രണ്ട് ലക്ഷത്തോളം പേരെ മൽസ്യത്തൊഴിലാളികൾ രക്ഷപ്പെടുത്തി.

മുങ്ങി കിടന്ന വീടുകളിലേക്ക് മൽസ്യത്തൊഴിലാളികൾ, അവരുടെ ബോട്ടുകളുമായാണ് എത്തി മനുഷ്യരെ രക്ഷപ്പെടുത്തിയത്. 669 ബോട്ടുകൾ രക്ഷാപ്രവർത്തനത്തിന് എത്തി. ഉയർന്ന കെട്ടിടങ്ങളിൽ അഭയം തേടിയവർക്ക് ഹലികോപ്ടറുകളിലാണ് ഭക്ഷണം എത്തിച്ചത്. ഗർഭിണികളും രോഗികളും അടക്കം എത്രയോ പേർ ഹെലികോപ്ടറുകളിൽ പിടിച്ച് കയറി ജിവിതത്തിലേക്ക് എത്തി. ആയിരക്കണക്കിന് ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 14 ലക്ഷം പേർ ക്യാമ്പുകളിൽ എത്തി. അവിടെ ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾ ഇല്ലാതെ പാവപ്പെട്ടവരും സമ്പന്നരും ഒന്നിച്ച് ഉണ്ടുറങ്ങി. എന്നാൽ, വെള്ളം ഇറങ്ങി നാട് സാധാരണ നിലയിലേക്ക് മാറിയതോടെ മനുഷ്യരുടെ മനസിലേക്ക് ജാതിയും മതവും തിരിച്ച് വന്നുവെന്നത് മറ്റൊരു കാര്യം.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വെള്ളം കയറിയതിനെ തുടർന്ന് രണ്ടാഴ്ച അടച്ചിട്ടു. പാളങ്ങൾ മുങ്ങിയതിനാൽ തീവണ്ടി സർവീസ് നിലച്ചു.സംസ്ഥാനത്തെ 1259 വില്ലേജുകളെ പ്രളയം നേരിട്ട് ബാധിച്ചു. എത്രയോ വീടുകൾ തകർന്നു. മഴ മാറി വെള്ളം ഇറങ്ങിയിട്ടും കുടിവെള്ളം കിട്ടാകനിയായി. 317000 കിണറുകൾ ഉപയോഗ ശൂന്യമായതായാണ് കണക്ക്.

കനത്ത മഴയാണ് പ്രളയത്തിന് കാരണമായത്. ജൂണിൽ 15ശതമാനവും ജൂലൈയിൽ 18ശതമാനവും അധിക മഴ ലഭിച്ചു. ആഗസ്ത് ഒന്നു മുതൽ 19വരെയുള്ള ദിവസങ്ങളിലായി 758.6 മില്ലി മീറ്റർ മഴയാണ് കേരളത്തിൽ പെയ്തത്. അതായത് 164 ശതമാനം അധിക മഴ. കനത്ത മഴയെ തുടർന്നാണ് ഡാമുകൾ ഒന്നിച്ച് തുറന്നത്. ഇതു പുഴകൾ നിറയാനും പ്രളയം സൃഷ്ടിക്കാനും കാരണമായിട്ടുണ്ട്.

മൂന്നാർ ടൗൺ മുങ്ങിയതും പഴയ മുന്നാറിലെ ആട്ടുപാലം തകർന്നതും മാടുപ്പെട്ടി ഡാം തുറന്നതും ഹെഡ് വർക്സിന്റെ ഷട്ടറുകൾ ഉയർത്താൻ കഴിയാതെ വന്നതും മൂലമാണ്. ഇടുക്കിയിൽ കനത്ത മഴയാണ് പെയ്തത്. ആഗസ്ത് ഒന്ന് മുതൽ 19വരെ സംസ്ഥാനത്താകെ 287.6 മില്ലി മിറ്റർ മഴ ലഭിക്കേണ്ടയിടത്ത് 758.6 മില്ലി മീറ്റർ പെയ്തു. ഇടുക്കിയിൽ 92ശതമാനം അധിക മഴയാണ് പെയ്തത്. മഹാപ്രളയുമണ്ടായ 1924ൽ 64 ശതമാനം അധിക മഴയാണ് ലഭിച്ചത്. മറ്റൊരു പ്രളയകാലമായ 1961ൽ 50ശതമാനം അധികം മഴ പെയ്തു.1907ലാണ് കനത്ത മഴ ലഭിച്ചത്–175ശതമാനം അധികം,.

പെട്ടിമുടിയുടെ ദു:ഖം

2020 ആഗസ്ത് മൂന്നാറിനെ മാത്രമല്ല, രാജ്യത്തെയാകെ ദു:ഖത്തിലാക്കി രാജമല–പെട്ടിമുടിയിൽ ഉരുൾപൊട്ടി 70 ജീവനുകൾ കവർന്നതും കനത്ത മഴയെ തുടർന്നാണ്. ഇരവികുളം ദേശിയ ഉദ്യാനത്തിനോട് ചേർന്ന പെട്ടിമുടിയിലെ എസ്റ്റേറ്റ് ലയത്തിൽ ഉറക്കത്തിലായിരുന്നവരെ ഉരുൾപ്പൊട്ടലിനൊപ്പം ഒഴുകിയെത്തിയ മലവെള്ളം കൊണ്ട് പോയി.

കുട്ടികളും മുതിർന്നവരും അടക്കം ജീവൻ ബലി നൽകി. ആഗസ്ത് ആറിന് രാത്രി 10.30ന് ശേഷമാണ് ദുരന്തമുണ്ടായത്. വൈദ്യുതി ഇല്ലാതിരുന്നതിനാൽ ആ രാത്രിയിലെ ഇരുട്ടിൽ എന്താണ് സംഭവിച്ചതെന്ന് പോലും തിരിച്ചറിഞ്ഞിരിഞ്ഞിക്കില്ല.രക്ഷാ പ്രവർത്തനം നടന്നത് പിറ്റേന്ന് പുലർച്ചെ നാല് മണി മുതലാണ്.12പേരാണ് രക്ഷപ്പെട്ടത്.എന്ത് കൊണ്ട് രക്ഷാ പ്രവർത്തനം വൈകിയെന്നത് സംബന്ധിച്ച് അന്വേഷണം വേണ്ടതായിരുന്നു.




പെട്ടിമുടിയിൽ 40 വർഷത്തിനിടെയിലെ ഏറ്റവും ഉയർന്ന മഴയാണ് 2020ൽ പെയ്തത്. 96 മണിക്കൂറിനിടെ പെയ്തത് 1600 മില്ലി മീറ്റർ മഴ. ആഗസ്ത് നാലിന് ശകതിപ്പെട്ട മഴ ഏഴ് വരെ തുടർന്നു. നാലിന് 301.8,അഞ്ചിന് 308.9,ആറിന് 367.8,ഏഴിന് 616.2 മില്ലി മീറ്റർ എന്നിങ്ങനെയാണ് പെട്ടിമുടിയിൽ മഴ പെയ്തത്.ആഗസ്ത് രണ്ട് മുതൽ ഏഴ് വരെ ലഭിച്ചത്



1842.7 മില്ലി മീറ്റർ മഴ. തൊട്ടടുത്ത രാജമലയിൽ ഈ ദിവസങ്ങളിലായി 788 മില്ലി മീറ്ററും മൂന്നാറിൽ 631.2 മില്ലി മീറ്ററും മഴ കിട്ടി.പൊതുവെ പെട്ടിമുടിയിൽ നല്ല മഴ ലഭിക്കാറുണ്ട്.വർഷത്തിൽ ശരാശരി 5000 മില്ലി മീറ്റർ മഴ പെയ്യുന്നു. 2013ലും 2015ലും 8000 മില്ലി മീറ്റർ കവിഞ്ഞിരുന്നു.2015ലെ വരൾച്ച വർഷത്തിൽ 6500 മില്ലി മീറ്റർ മഴയാണ് പെട്ടിമുടിയിൽ പെയ്തത്. 2018ലും 2019ലും ഇടുക്കി പദ്ധതി പ്രദേശത്ത് പെയ്തതിനേക്കാളും അധികം മഴ പെട്ടിമുടിയിൽ ലഭിച്ചു. ഈ വെള്ളമത്രയും പെട്ടിമുടിയാറിലൂടെ ഒഴുകി കരിന്തിരിയാറായി (നല്ലതണ്ണിയാറെന്നും വിളിക്കുന്നു) ആനക്കുളം വഴി പെരിയാറിൽ ചേരുകയാണ്.

മഴയുടെ സ്വഭാവത്തിലുണ്ടായ മാറ്റമാണ് പ്രളയവും ഉരുൾപ്പൊട്ടലും സൃഷ്ടിക്കപ്പെടുന്നത്. ജൂൺ ഒന്ന് മുതൽ സെപ്തംബർ 30 വരെയുള്ള തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്ത് 2049.2 മില്ലി മീറ്റർ മഴയാണ് സംസ്ഥാനത്ത് ലഭിക്കേണ്ടത്. 2019ൽ 2309.8 മില്ലി മീറ്റർ ലഭിച്ചു. എന്നാൽ, ഈ മഴ ഏതാനം ദിവസങ്ങൾക്കൊണ്ട് പെയ്യുന്നു.

സ്വപ്നങ്ങൾ കണ്ട്കൊണ്ട് മരണത്തിനൊപ്പം യാത്ര ചെയ്തവരാണ് പെട്ടിമുടിയിലെ ലയങ്ങളിൽ ഉറങ്ങിയവർ. സ്വപ്നങ്ങൾ നെയ്ത കൗമാരക്കാരുണ്ട്,വിദ്യാർഥികളുണ്ട്. പിച്ചവെച്ച് തുടങ്ങും മുമ്പ് മരിച്ച കുഞ്ഞുങ്ങളുണ്ട്. ജീവിച്ചും സ്നേഹിച്ചും ആശ തീരാത്തവരുമുണ്ട്.പെട്ടിമുടിയിൽ മരിച്ചവർക്ക് ആദരാഞ്ജലികൾ.....



MARIKAR
GROUP
Since 1910

MARIKAR GROUP

Regd Office: MARIKAR BUILDING
MG ROAD, TRIVANDRUM – 695 001
Email: info@marikar.in, Phone: 0471-2477420

നൈനാർകുപ്പത്തെ മൂന്നാർ വിശേഷങ്ങൾ

മിനി അമ്പാടൻ

ചെന്നൈ നൈനാർകുപ്പത്തെ ആ വീട് ഏതാനം മണിക്കൂറുകൾ എങ്കിലും മൂന്നാറായി മാറി. അവിടെ ജീവിക്കുന്ന രണ്ടു പേർ മൂന്നാറിന്റെ ആത്മാവ് ഉൾക്കൊള്ളുന്നവരാണെങ്കിലും ഞങ്ങൾ മൂന്നു മുന്നാറുകാർ കൂടി അവിടേക്ക് എത്തിയതോടെയാണ്, ഓർമ്മകളിലൂടെയുള്ള മടക്ക യാത്ര ആരംഭിക്കുന്നത്. കണ്ണൻ ദേവൻ കമ്പനിയിലെ ആദ്യ ഇൻഡ്യൻ മാനേജർ എൻ.എസ്.ധറിന്റെ ഭാര്യ വിജയലഷ്മിയും മകൾ ലതികയും കുടുംബവും താമസിക്കുന്നത് ഇവിടെയാണ്. തമിഴ്നാടിലെ ആദ്യ വനിത ഐ പി എസ് ഓഫീസറും രാജ്യത്തെ രണ്ടാമത്തെ വനിത ഡിജിപിയുമാണ് മൂന്നാറിൽ ജനിച്ച ലതിക മാഡം. അമ്മ വിജയലഷ്മി മൂന്നാറുകാരിയല്ലെങ്കിലും എൻ എസ് ധറിന്റെ ഭാര്യയായി മൂന്നാറിലെത്തിയത് മുതൽ ഇന്നും മൂന്നാറിനെ സ്നേഹിക്കുന്നു. അവരുമായി മൂന്നാർ ഓർമ്മകൾ പങ്കു വെയ്ക്കാനാണ് ഞങ്ങൾ– എം ജെ ബാബു, ആർ മോഹൻ, എന്നിവരും ഞാനും എത്തിയത്.

1947ൽ ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷമാണ് കണ്ണൻ ദേവൻ കമ്പനിയിൽ ഇൻഡ്യക്കാരെ പ്ലാൻറർമാരായി നിയമിക്കാനുള്ള തീരുമാനം. തമിഴ്നാടിലെ ബോഡിനായ്ക്കനൂരിൽ നിന്നുള്ള രങ്കസ്വാമി ചെട്ടിയാരാണ് ആദ്യമായി നിയമിക്കപ്പെട്ടത്. അളഗണ്ണൻ ചെട്ടിയാരുടെ ബന്ധുവായിരുന്നു അദേഹം. എന്നാൽ, അധികം വൈകാതെ അദേഹം കമ്പനി വിട്ടു. തുടർന്നാണ് തിരുവനന്തപുരം സ്വദേശി എൻ.എസ്.ധർ അസി. മാനേജരായി നിയമിക്കപ്പെടുന്നത്. അദേഹത്തിന്റെ വധുവായി വിജയലഷ്മി 1950 ഏപ്രിലിൽ മൂന്നാറിൽ എത്തി. അതിന് മുമ്പ് ഒരു തവണ മൂന്നാർ കാണാൻ വന്ന ഓർമ്മയും അവർ പങ്കുവെച്ചു. വിവാഹം നിശ്ചയിച്ച ശേഷമായിരുന്നു അത്. പിതാവും കുടുംബാംഗങ്ങളുമായി എത്തി മൂന്നു ദിവസം താമസിച്ചു. അന്ന് മാടുപ്പെട്ടി ഡാം നിർമ്മാണം അവസാന ഘട്ടത്തിലായിരുന്നു. പിതാവിന്റെ സുഹൃത്തായിരുന്നു എൻജിനിയർ. ഡാം നിർമ്മാണവും കണ്ടു.



മിസിസ്. ധർ


വിവാഹം കഴിഞ്ഞ് പെരിയകനാലിലേക്കാണ് വന്നത്. പവർ ഹൗസ് വെള്ളച്ചാട്ടവും ആനയിറങ്കലും ഒക്കെ മായാത്ത ഓർമ്മകൾ. അക്കാലത്ത് നേര്യമംഗലം പാലം കടന്നാൽ ഒരു പ്രത്യേക അനുഭൂതിയാണ്. വഴിക്ക് കടകളൊന്നുമില്ല. അടിമാലിയിൽ ഏതാനം കടകൾ മാത്രം. നേരെ ഹൈറേഞ്ച് ക്ലബ്ബിലെത്തിയാണ് കാപ്പി കുടി. തുടർന്ന് ഏസ്റ്റേറ്റിലേക്ക്. അന്ന് ഹൈറേഞ്ച് ക്ലബ്ബിനെ യൂറോപ്യൻ ക്ലബ്ബ് എന്നും വിളിച്ചിരുന്നു. മാനേജർമാർക്കും അസി. മാനേജർമാർക്കും മാത്രമാണ് മെമ്പർഷിപ്പ്. അവരുടെ ഭാര്യമാർക്കും പ്രവേശനമുണ്ട്. അവരൊക്കെ യൂറോപ്യന്മാരും. ആദ്യത്തെ ഇൻഡ്യൻ വനിത ഞാനാണ്– ആ അമ്മയുടെ മനസ് മൂന്നാറിലൂടെ സഞ്ചരിക്കുകയായിരുന്നു. ഹൈറേഞ്ച് ക്ലബ്ബിൽ ചില ദിവസങ്ങളിൽ വനിതകൾക്ക് പ്രവേശനമില്ലാത്ത ഹാളുണ്ട്– അതുപോലെ തുടർച്ചയായി 30 വർഷം പൂർത്തിയാക്കുന്ന മെമ്പറുടെ പേരെഴുതിയ തൊപ്പി അവിടെ പ്രദർശിപ്പിക്കും. അതും ഒരാഘോഷമാണ്. മെമ്പറെ ആഘോഷപൂർവ്വം ഉയർത്തുകയും തൊപ്പി എടുക്കുകയും ചെയ്യും. എൻ എസ് ധറിന്റെ പേരെഴുതിയ തൊപ്പി അവിടുണ്ട്.

ഹൈറേഞ്ച് ക്ലബ്ബിനെ കുറിച്ച് പറഞ്ഞപ്പോഴാണ് മകളുടെ ഇടപ്പെടൽ. താനും സഹോദരി ലേഖയുമടക്കം മൂന്ന് പെൺകുട്ടികൾ ആദ്യക്ഷരം കുറിച്ചത് അവിടെയാണ്. ഈ കുട്ടികൾക്ക് വേണ്ടിയാണ് ഹൈറേഞ്ച് ക്ലബ്ബിൽ പ്രീ സ്കൂൾ ആരംഭിച്ചതെന്ന് അമ്മ. പിന്നിട് ബോഡിനായ്ക്കനൂരിലും കൊഡൈക്കനാലിലും പഠനം തുടർന്നു. മകൾ ലേഖ രട്ടനാനി മുംബൈയിൽ അറിയപ്പെടുന്ന മാധ്യമ പ്രവർത്തകയാണ്. 2017ൽ മൂന്നാറിൽ വന്നിരുന്നതായി ലതിക മാഡം പറഞ്ഞു. അന്നു വാഗുവര എത്തിയപ്പോഴെക്കും കുട്ടിക്കാലത്തേക്ക് മടങ്ങിയത് പോലെ. തെന്മല ഗ്യാപ്പിൽ എത്തിയപ്പോൾ വല്ലാതെ വിഷമം തോന്നി– മരങ്ങളൊക്കെ വെട്ടിയിരിക്കുന്നു. വലിയ മാറ്റമാണ് മൂന്നാറിലാകെ കണ്ടത്. ചൊക്കനാട് പോകുന്ന വഴിയിലെ ചെറിയ ആറിൽ വെള്ളം കുറവായിരുന്നു.വരൾച്ചയുടെ അവസ്ഥ. മൂന്നാറിന്റെ ചരിത്രത്തിൽ വരൾച്ച ഉണ്ടായിട്ടേയില്ല.

ഓർക്കുന്നില്ലേ ഹൈറേഞ്ച് ക്ലബ്ബ് റോഡിലെ ബ്ലോസം മരങ്ങൾ? അമ്മയുടെ മനസിൽ അന്നത്തെ മൂന്നാറാണ്. യുദ്ധ സ്മാരകം മുതൽ ഹൈറേഞ്ച് ക്ലബ്ബ് പാലം വരെ രണ്ടു സൈഡിലും ബ്ലോസം മരങ്ങളായിരുന്നു. പൂക്കാലത്ത് മനോഹരമായ കാഴ്ച. ഭർത്താവ് ജോലി ചെയ്ത എസ്റ്റേറ്റുകളിലൊക്കെ മരങ്ങൾ നട്ടു വളർത്തി. തേയില തോട്ടത്തിനിടയിലും മരങ്ങൾ നട്ടു. ഒരു മരം മുറിച്ചാൽ അക്കാലത്ത് രണ്ടു മരം നടുമായിരുന്നു. വീടുകൾക്കും ഫാക്ടറികൾക്കും വിറക് വേണമായിരുന്നു. അപ്പർ വാഗുവരയിൽ താമസിക്കുമ്പോഴാണ് ഇടക്കിടെ ഇരവികുളം യാത്ര. ഇരവികുളം ഹട്ടിന്റെ ചുമതല അപ്പർ വാഗുവര മാനേജർക്കാണ്. ബൈക്ക് പോകുന്ന വഴിയുണ്ട്. അസി. മാനേജർ നായിഡുവിനെയും ക്ഷണിക്കും. അദേഹത്തിന്റെ ബൈക്കിൾ മൂന്ന് പേർക്ക് പോകാം. അങ്ങനെ പോ



1958 ഫെബ്രുവരി 5ന് പരീശീലന പറക്കലിന് കോയമ്പത്തൂരിൽ നിന്നും പുറപ്പെട്ട വിമാനം ചെണ്ടുവര മലയിൽ തകർന്നു വീണു. വലിയ തീ ഗോളം കണ്ട് തൊഴിലാളികളെ അയച്ചു. പിന്നിട് സേനയുടെ ഉദ്യോഗ്സഥർ വന്നപ്പോൾ അവർക്കൊപ്പം തൊഴിലാളികളെ അയക്കുകയും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുക യും ചെയ്തു. പത്തു പേരാണ് വിമാനത്തിലു ണ്ടായിരുന്നത്. 1958ലെ തോട്ടം തൊഴിലാളി സമരത്തിലാണ് ഗൂഡാർവിളയിൽ വെടിവെയ്പു ണ്ടാകുന്നത്. എന്നാൽ, ഞങ്ങൾ ഉണ്ടായിരുന്ന എസ്റ്റേറ്റിൽ പോലീസിനെ വിളിച്ചില്ല. തൊഴിൽ പ്രശ്നങ്ങളടക്കം എന്തുണ്ടായാലും ഭർത്താവ് ഇടപ്പെട്ട് തീർക്കും.



എൻ.എസ്.ധർ

യി വരും. ആദ്യകാലത്ത് കുതിരയായിരുന്നു വാഹനം. കുതിരയെ പരിചരിക്കാൻ ഒരാളുമുണ്ടാകും. മുതിരയാണ് ഭക്ഷണമായി നൽകുന്നത്. ഞങ്ങൾ ഇടക്ക് കാരറ്റൊക്കെ കൊടുക്കും. ഇടക്കിടെ മൂന്നാറിൽ കുതിരയോട്ട മൽസരവും നടക്കും. മോട്ടോർ സൈക്കിൾ വന്നതോടെ കുതിര സവാരി നിലച്ചു. പതുക്കെ കുതിരയോട്ടവും ഇല്ലാതായി. റോഡ് വരുന്നതിന് മുമ്പ് എസ്റ്റേറ്റുകളെ ബന്ധിച്ച് വയർ റോപ്പ്വേ ഉണ്ടായിരുന്നു.

ഭർത്താവിന് കാടും മലയും കയറി ഇറങ്ങുന്നത് വലിയ ഇഷ്ടമായിരുന്നു. സയൻറിഫിക് ഓഫീസറായിരുന്ന രാഘവൻ നായരും സഹൃത്തുക്കളുമൊന്നിച്ചാണ് മാങ്കുളം മുഴുവൻ നടന്നത്. വാഗുവരയിലെ റോഡുകൾ നിർമ്മിച്ചത് ഭർത്താവിൻെറ കാലത്താണ്. പരിസ്ഥിതിക്ക് കോട്ടം തട്ടാതെയായിരുന്നു റോഡ് നിർമ്മാണം.

ചെണ്ടുവരയിലിരിക്കുമ്പോഴാണ് വിമാനാപകടം. 1958 ഫെബ്രുവരി 5ന് പരീശീലന പറക്കലിന് കോയമ്പത്തൂരിൽ നിന്നും പുറപ്പെട്ട വിമാനം ചെണ്ടുവര മലയിൽ തകർന്നു വീണു. വലിയ തീ ഗോളം കണ്ട് തൊഴിലാളികളെ അയച്ചു. പിന്നിട് സേനയുടെ ഉദ്യോഗ്സഥർ വന്നപ്പോൾ അവർക്കൊപ്പം തൊഴിലാളികളെ അയക്കുകയും വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു. പത്തു പേരാണ് വിമാനത്തിലുണ്ടായിരുന്നത്.1958ലെ തോട്ടം തൊഴിലാളി സമരത്തിലാണ് ഗൂഡാർവിളയിൽ വെടിവെയ്പുണ്ടാകുന്നത്. എന്നാൽ, ഞങ്ങൾ ഉണ്ടായിരുന്ന എസ്റ്റേറ്റിൽ പോലീസിനെ വിളിച്ചില്ല.. തൊഴിൽ പ്രശ്നങ്ങളടക്കം എന്തുണ്ടായാലും ഭർത്താവ് ഇടപ്പെട്ട് തീർക്കും. സൈലൻറ്വാലിയിൽ ജോലി ചെയ്യുമ്പോഴാണ് വരദൻ മൽസരിക്കുന്നത്. വലിയ സ്നേഹമായിരുന്നു. തലക്ക് മുകളിൽ കൈ ഉയർത്തിയാണ് വണക്കം പറയുക. മകൾക്കും വരദനെ നല്ല ഓർമ്മയാണ്. വരദനെ മാത്രമല്ല, കുട്ടിക്കാലത്ത് മൂന്നാർ മേഖലയിലുണ്ടായിരുന്ന മാനേജർമാർ, അസി.മാനേജർമാർ അവരുടെ കുട്ടികൾ എന്നിവരെയൊക്കെ ഓർക്കുന്നു. ഇവരിൽ ചിലരുമായി സൗഹൃദം തുടരുന്നുണ്ട്.

പൂക്കൾ, ചെടികൾ, മരങ്ങൾ, വന്യജീവികൾ..... അങ്ങനെ മൂന്നാറുമായി ബന്ധപ്പെട്ട ചർച്ച മണിക്കുറുകൾ നീണ്ടു. ചെടികളുടെ ചർച്ച വന്നപ്പോഴാണ്, ഹൈറേഞ്ചിലെ വിവിധ തരം പാഷൻ ഫ്രൂട്ടുകളെ കുറിച്ച് ലതിക മാഡം പറഞ്ഞത്. തെന്മല ബംഗ്ലാവിൽ ധാരാളം പാഷൻ ഫ്രൂട്ടുണ്ടായിരുന്നത് ഓർമ്മയില്ലേയെന്ന് അമ്മയോട്... എന്നാൽ, അമ്മക്ക് പാഷൻ ഫ്രൂട്ടിനേക്കാളും പീച്ചസിൻറ വിശേഷം പറയാനായിരുന്നു ഇഷ്ടം. തെന്മല ബംഗ്ലാവിന് ചുറ്റുമുണ്ടായിരുന്ന ആ മരങ്ങളൊക്കെ ഇപ്പോൾ ഉണ്ടോ എന്തോ?. മരത്തക്കാളിയുടെ രുചി ഇപ്പോഴുമുണ്ടെന്നും അമ്മയും മകളും ഒരു പോലെ. ഞങ്ങളുടെ ബംഗ്ലാവിൽ എത്രയോ തവണ ആന വന്നിട്ടുണ്ട്. അതു വരും പോകും. ആരെയും ശല്യം ചെയ്യില്ല. ഒരിക്കൽ ബോഡിനായ്ക്കനൂരിൽ നിന്നും വരുമ്പോഴാണ് റോഡിൽ പുലിയെ കണ്ടത്. കുറച്ച് കഴിഞ്ഞ് പുലി മാറി. ഞങ്ങൾ കടന്ന് വന്നു. വന്യജീവികൾ ഒരിക്കലും ബുദ്ധിമുട്ടിച്ചിട്ടില്ല. ഒരിക്കൽ ബംഗ്ലാവിന് സമീപം നിർമ്മിച്ച ഷെഡ് ആന തകർത്തു. അവിടെ വീണ്ടും ഷെഡ് നിർമ്മിക്കാൻ ശ്രമിച്ചപ്പോൾ ഭർത്താവ് വിലക്കി– അതു ആനയുടെ വഴിയാണ്. അതിലെ തടസമാണ് അവർ നീക്കിയത്. ഇനിയും അവരുടെ വഴി തടസപ്പെടുത്തരുത്– അദേഹം പറഞ്ഞു.

പെരിയകനാലിൽ എത്തിയ നാളിൽ വെടിയേറ്റ് വീണ കാട്ടാനയെ കാണാൻ പോയത് അമ്മയുടെ ഓർമ്മയിലുണ്ട്. യുറോപ്യൻ മാനേജർമാരും ഉണ്ടായിരുന്നു. അവിടെ ചെന്ന് ആനയെ കണ്ട് നിന്നപ്പോഴാണ് വെറെ കാട്ടാനകൾ കൂട്ടത്തോടെ വരുന്നുവെന്ന് തൊഴിലാളികൾ പറഞ്ഞത്. അതോടെ വേഗം ബംഗ്ലാവിലേക്ക് മടങ്ങി. ആദ്യകാലത്ത് മൃഗ വേട്ട അനുവദനീയമായിരുന്നു. എ



ആർ. മോഹൻ, റിട്ട. ഡി.ജി.പി ലതിക ശരൺ, എം.ജെ ബാബു, മിസിസ് ഡർ, മിനി അമ്പാടൻ

ന്നാൽ, വെടിവെച്ച മൃഗത്തിന്റെ മാംസം ഭർത്താവ് കഴിക്കുമായിരുന്നില്ല. അതിന്റെ കരച്ചിൽ കേൾക്കുന്നുവെന്നാണ് പറയുക. കെണി വെച്ച് ചെറിയ മൃഗങ്ങളെ പിടികൂടുമായിരുന്നു.

തോട്ടം തൊഴിലാളി സ്ത്രീകളുടെ കൈ കാണുമ്പോൾ സങ്കടം തോന്നുമായിരുന്നു. കൊളുന്തെടുക്കുന്നതിന്റെ കറയും തഴമ്പും ചേർന്ന് കറുത്തിരിക്കും. ലയത്തിലെ മുറിക്കകത്ത് വിറകിന്റെ പുകയും. ആകെ വല്ലാത്ത ജീവിതം. അന്ന് കൊളുന്തെടുക്കൽ നീണ്ട് പോയാൽ സ്വന്തം പൈസക്ക് ഇവർക്ക് ചായ ഏർപ്പാടുക്കുമായിരുന്നു ഭർത്താവ്. അക്കാലത്ത് തേയില തണ്ണിയാണ്. മധുരമില്ലാത്ത കട്ടൻ ചായയും ഒപ്പം കരിപ്പട്ടിയും.

ചർച്ച മുതുവാ കുടികളിലേക്ക് നീണ്ടപ്പോഴാണ് ലതിക മാഡത്തിന്റെ മകൾ ആദിവാസി വിഭാഗത്തെ കുറിച്ചാണ് ഗവേഷണം നടത്തിയതെന്ന് വിവരം അറിയിച്ചത്. സിഗ്നൽ പോയിന്റേറാ സിഗറ്റ് പോയിന്റേറാ..... പഠിക്കുന്ന കാലത്ത് സ്കൂളിലും ഇതായിരുന്നു തർക്കം. നൈനാർകുപ്പത്തും അത് തുടർന്നു. സിഗ്നൽ പോയിന്റെന്ന് ഒരു വിഭാഗം. അല്ല, സിഗറ്റ് പോയിന്റെന്ന് ലതിക മാഡവും മോഹനനും. ദേവികുളം, ഗ്രഹാംസലാൻറ്, ഗൂഡാവിള ഭാഗങ്ങളിൽനിന്നും കുതിരപ്പുറത്ത് എത്തി, അൽപം വിശ്രമിച്ച് ഒരു സിഗറ്റും പുകച്ച് വട്ടക്കാട് വഴി ഹൈറേഞ്ച് ക്ലബ്ബിലേക്ക് പോയിരുന്നത് ഇവിടെ നിന്നാണെന്നും അവർ. നാല് ഭാഗത്തേക്കുള്ള സൈൻ ബോർഡുകളാണ് സിഗ്നൽ പോയിന്റെന്ന് മറുവിഭാഗവും.

സ്പോർട്സിലേക്ക് നീണ്ടപ്പോഴാണ് സെവന്മലയുടെ ഫുട്ബോൾ മഹാത്മ്യം പറഞ്ഞു തുടങ്ങിയത്. ചാമ്പ്യൻസ് ടീം എന്നാണ് സെവന്മല മാനേജറായിരുന്ന എൻ എസ് ധറിന്റെ ഭാര്യയും മകളും വിശേഷിപ്പിച്ചത്. 1964, 67 വർഷങ്ങളിലെ സെവന്മല ടീമിന്റെ ഫോട്ടോയും ഇവർ സൂക്ഷിച്ചിട്ടുണ്ട്. പോൾ ശേഖർ, രാമയ്യ, അപ്പി, യേശയ്യ, ജോളി തോമസ്, പെരുമാൾ, ഷാഹുൽ എല്ലാവരെയും ഓർമ്മയുണ്ട് അമ്മക്കും മകൾക്കും. ഞങ്ങൾ വർക്ഷോപ്പ് ഫാൻസാണെന്ന് പറഞ്ഞപ്പോഴാണ്, വർക്ഷോപ്പ് മാനേജരായിരുന്ന ഫ്രഡി മാന്റെ ടെന്നിസ് കളിയെ കറിച്ച് പറഞ്ഞത്. ഹൈറേഞ്ചിൽ നിന്നും ധാരാളം ടെന്നിസ് കളിക്കാരുമുണ്ടായിരുന്നു. ഇന്ന് ടെന്നിസ് ഇല്ലെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അത് സംരക്ഷിക്കണമായിരുന്നുവെന്നായിരുന്നു മറുപടി. മൂന്നാറിൽ വേരുകളുള്ള ചില ഇംഗ്ലിഷ് ടെന്നീസ്, റഗ്ബി താരങ്ങളെ കുറിച്ചും ലതിക മാഡം പറഞ്ഞു.

ഞങ്ങളുടെ മൂന്നാർ തിരിച്ച് വരില്ലെന്നാണ് ഇരവരും ഒരേസ്വരത്തിൽ പറഞ്ഞത്. ആ മൂന്നാർ ഓർമ്മയിലായി. മൂന്നാർ മാറിയിരിക്കുന്നു. എന്തിനാ ബഹുനില മന്ദിരങ്ങൾ? മൂന്നാർ സംരക്ഷിക്കണം. ഞങ്ങളും അതിനോട് യോജിച്ചു. മൂന്നാർ കേന്ദ്രികരിച്ച് നടത്തുന്ന പരിസ്ഥിതി പ്രവർത്തനങ്ങളെ കുറിച്ചും അവരോട് പറഞ്ഞു.

മണിക്കുറുകൾ പിന്നിടുമ്പോഴും ഒരിക്കലും അവർ സമയത്തെ കുറിച്ച് ഓർമ്മിപ്പിച്ചില്ല. ഇടക്ക് കുടിക്കാനും കഴിക്കാനും തന്നു. മുൻ ഡിജിപിക്കൊപ്പം അവർ വളിമ്പിയ ഉച്ചഭക്ഷണം കഴിച്ചു. ഞങ്ങളിൽ രണ്ടു പേർക്ക് മൂന്നാറിലേക്ക് മടങ്ങണമെന്നതിനാൽ സംസാരം അവസാനിപ്പിക്കുകയായിരുന്നു. ഇറങ്ങുമ്പോൾ ആ അമ്മ ആലിംഗനം ചെയ്തപ്പോൾ സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞു, കമ്പനിയുടെ വർക്ഷോപ്പ് ജീവനക്കാരെന്റെ മകളായ എന്നെ ആലിംഗനം ചെയ്തത് 'ദ്വരസണി'യാണ്– മാനേജരുടെ ഭാര്യ ഞങ്ങൾ കമ്പനി കുടുംബങ്ങൾക്ക് ദ്വരസണിയാണ് അതാണ് കണ്ണുകൾ നിറയാൻ കാരണം.

The POWER to Dream Bigger

ESAF SAVINGS BANK ACCOUNT

பெரிதாக சேமியுங்கள், பெரிதாக கனவு காணுங்கள்.



சேமிப்புக் கணக்கிற்கு

ஆண்டிற்கு

7.5%*

வரை வட்டி

- சேமிப்புக் கணக்கிற்கு அதிக வட்டி விகிதம்*
- மாதாந்திர வட்டியை கணக்கில் பெறுங்கள்*

Anaviratty Branch
85899 06495

Anachal Branch
85899 07390

Vattavada Branch
70129 93178

SUSTAINABLE DEVELOPMENT GOALS

MEMBER Global Alliance for Banking on Values

A Scheduled Commercial Bank

www.esafbank.com | 24x7 Toll Free: **1800-103-3723**

இசாப்

இசாப் ஸ்மால் பைனான்ஸ் பேங்க்

*நிபந்தனைகள் பொருந்தும். 01-07-2023ல் குறிப்பிடப்பட்ட இந்த வட்டி விகிதம் முன் அறிவிப்பின்றி மாற்றப்படலாம். | ESFBG_9210_04_06_24

സുലോചന നാലാപ്പാട്ട്



നാലാപ്പാട്ട് സുലോചന, നമ്മൾ മുന്നാറുകാർക്ക് ഡോക്ടറമ്മ ആണ്. "കാച്ചലിനും ഇരുമ്മലിനും മാത്രയും മരുന്നും" നൽകുന്ന ഡോക്ടർ മാത്രമല്ല, മൂന്നാറിനെ ശുചിത്വം പഠിപ്പിക്കുന്നതിനും എസ്റ്റേറ്റുകളിൽ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയതും ഈ ഡോക്ടർ. ലയങ്ങൾ തോറും കയറി ഇറങ്ങിയും ക്രഷുകളും സ്കൂളുകളും സന്ദർശിച്ചും കുന്നിന്റെ മുകളിൽ നിന്നും വരുന്ന കുടിവെള്ള സ്രോതസുകളുടെ 'പരിശുദ്ധി' പരിശോധിച്ചും കക്കുസുകളും ഓടകളും 'ക്ലീൻ' ആണോയെന്ന് നോക്കിയും നടന്ന ഡോക്ടറമ്മ. കണ്ണൻ ദേവൻ കമ്പനിയുടെ മെഡിക്കൽ ഓഫീസറും ഉപാസിയുടെ മെഡിക്കൽ അഡ്വൈസറും ടാറ്റാ ടീയുടെ കമ്മ്യൂണിറ്റി ഡവലപ്മെൻറ് ആൻഡ് സോഷ്യൽ വെൽഫയർ മാനേജരുമായിരുന്നു. പ്രശസ്ത കവയിത്രി ബാലാമണിയമ്മയുടെയും 'മാതൃഭൂമി' സിഎംഡി ആയിരുന്ന വി എം നായരുടെയും മകൾ. അന്തർദേശിയ തലത്തിൽ അറിയപ്പെട്ട എഴുത്തുകാരി കമല സുരയ്യയുടെ സഹോദരി. ഖാദിയും കോട്ടൺ വസ്ത്രങ്ങളും മാത്രം ധരിച്ച് കണ്ടിട്ടുള്ള ഡോ. സലോചനയുടെ ലാളിത്യം മൂന്നാറിനെന്നും അൽഭുതമായിരുന്നു. കണ്ണൻ ദേവൻ കമ്പനിയിലെ മാനേജർ സി.കെ.ഉണ്ണികൃഷ്ണൻ നായരുടെ വധുവായി 1965ൽ എത്തി മൂന്നു പതിറ്റാണ്ട് മുന്നാറിൽ ജീവിച്ച അവർ ഇപ്പോഴും ഈ മലകളെ സ്നേഹിക്കുന്നു. മൂന്നാറിൽ നിന്നും ഒരുപാട് പഠിച്ചുവെന്നും മൂന്നാറിനെയും മൂന്നാറിലെ ജനങ്ങളെയും ഒരുപാട് ഇഷ്ടപ്പെടുന്നുവെന്നും പറയുന്ന ഡോ. സുലോചനയുമായി എം.ജെ.ബാബു നടത്തിയ സംഭാഷണം.

മൂന്നാറിനെ വലിയ ഇഷ്ടമാണ്. മൂന്നാറിൽ പോകണമെന്ന് ഇടക്കിടെ ആഗ്രഹിക്കും. ഇനി പോകാനാകുമോ എന്തോ? മൂന്നാറിൽ തന്നെ മാടുപ്പെട്ടിയോട് കൂടുതൽ ഇഷ്ടമാണ്. ഏറ്റവും കൂടുതൽ നാൾ താമസിച്ചത് അവിടെയാണ്. അവിടുത്തെ ബംഗ്ലാവിൽ ഒരുനാൾ ഞങ്ങൾ പോയി താമസിച്ചിരുന്നു. അന്നൊരുനാൾ ഞാനും മകൾ അനുരാധയുമൊന്നിച്ച് രാവിലെ നടക്കാനിറങ്ങി. അകലെ കാട്ടുപോത്ത് മേയുന്നത് കണ്ടിരുന്നു. വഴിക്ക് കുറച്ച് സ്ത്രി തൊഴിലാളികൾ കൊളുന്തെടുക്കാൻ പോകുന്നു. അതിലൊരു പെൺകുട്ടിയോട് ചോദിച്ചു.–എന്നെ തെരിയുമാ? തെരിയും മുട്ടായി കൊടുക്ക്റ അമ്മാ താനെ– ആ കുട്ടിയുടെ മറുപടി അങ്ങനെയായിരുന്നു. ആ കുട്ടിയുടെ ശൈശവത്തിലെ ഓർമ്മ..

? മിഠായി കൊടുക്കുന്ന അമ്മ, അതെന്താ

=കമ്മ്യൂണിറ്റി ഡവലപ്മെൻറ് ആൻറ് സോഷ്യൽ വെൽഫയർ പ്രവർത്തനങ്ങളുടെ ഭാഗമായി എസ്റ്റേറ്റുകളിലെ ക്രഷുകൾ സന്ദർശിക്കാൻ പോകുമ്പോൾ മിഠായി കരുതുമായിരുന്നു.എന്റെ ബാഗിൽ എപ്പോഴും മിഠായി ഉണ്ടാകും. കടലാസിൽ പൊതിഞ്ഞ മിഠായികൾ. അതു കുട്ടികൾക്ക് നൽകും. ഒപ്പം മിഠായി കടലാസുകൾ വേസ്റ്റ് നിക്ഷേപിക്കാനുള്ള പാത്രത്തിൽ ഇടണമെന്നും പറഞ്ഞു കൊടുക്കും. മിഠായി തിന്ന് കടലാസ് എവിടെയെങ്കിലും ഇടുന്നതാണല്ലോ പൊതുവേയുള്ള ശീലം. എന്നാൽ, ക്രഷിലെ കുട്ടികളിലുടെ അതിന് മാറ്റം വന്നു.

ഒരിക്കൽ മിഠായി തീർന്നുപോയപ്പോഴാണ് കുട്ടികൾ മിഠായി ചോദിച്ചു വന്നത്. മുട്ടായി കൊണ്ട് വരലയാ– കുട്ടികൾ ചോദിച്ചു. മറന്തിട്ടേൻ ഇന്ത വാട്ടി... ഞാൻ മറുപടി നൽകിയപ്പോൾ ആ കുട്ടികൾ പറഞ്ഞു. പറവാലെ അടുത്തവാട്ടി പോതും. അതാണ് കുട്ടികളുടെ മനസ്.

ചെറിയ ചെറിയ കാര്യങ്ങളാണ് ചെയ്തത്. അതിൽ പ്രധാനമായിരുന്നു സോഷ്യൽ ഓഡിറ്റ്. ചീഫ് മെഡിക്കലാഫീസറായിരുന്ന ഡോ. തങ്കവേലുവാണ് തുടങ്ങി വെച്ചത്. ഞാൻ അതു ഏറ്റെടുത്തു. എസ്റ്റേറ്റ് ആഫീസിലോ ആശുപത്രി

യിലോ ഇരിക്കാതെ നേരിട്ടിറങ്ങി. കുന്നും മലയും കയറി. കുടിവെള്ള വിതരണം, കക്കൂസുകൾ, പാർപ്പിട സൗകര്യം, കൃഷിലെ സൗകര്യം അങ്ങനെ നീണ്ട പട്ടികയുണ്ടായിരുന്നു. ഇവ ഓരോന്നിനും പോയിൻറ് നൽകി. ഏറ്റവും മികച്ച എസ്റ്റേറ്റിലെ മാനേജർക്കും ഡോക്ടർക്കും വെൽഫയർ ആഫീസർക്കും ട്രോഫികൾ നൽകി. കക്കൂസൊന്നും ആദ്യ കാലത്ത് ഉപയോഗിക്കാറുണ്ടായിരുന്നില്ല. കൃഷിൽ ചെല്ലുമ്പോൾ കുട്ടികളോട് ചോദിക്കും– എങ്കേ ഒന്നുക്ക് പോറത്. കുട്ടികൾ കക്കൂസിൽ കൊണ്ടു പോയി കാട്ടി തരും. അവരോട് വെള്ളം ഒഴിക്കാനും പറഞ്ഞു കൊടുക്കും. ലയത്തിലെ വീട്ടിൽ പകൽ സമയത്ത് സൂര്യപ്രകാശം കയറുമായിരുന്നില്ല. ട്രാൻസ്പെരൻറായ ഷീറ്റുകൾ അടുക്കളയിൽ ഇട്ടാണ് പ്രശ്നം പരിഹരിച്ചത്.

ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ, മാതൃ–ശിശു മരണ നിരക്കുകൾ, കുടുംബാസൂത്രണ നിരക്ക്, കുട്ടികളുടെയും ഗർഭിണികളുടെയും പോഷകാഹാര കുറവ് എന്നിവയൊക്കെ പരിഹരിക്കാൻ കഴിഞ്ഞു. ഇതിനായി ലിങ്ക് വർക്കേഴ്സ് അഥവാ തൊടർപ്പ് ഈഴിയർകളുമുണ്ടായിരുന്നു. വീടും പരിസരവും കക്കൂസും ഓടകളും വൃത്തിയായി സൂക്ഷിക്കുന്നുണ്ടോ എന്നൊക്കെ അവർ പരിശോധിച്ചു. ആദ്യകാലത്ത് മാതൃ–ശിശു മരണ നിരക്ക് കൂടുതലയായിരുന്നു. മീസിൽസും കുഞ്ഞുങ്ങളെ പിടികൂടി. എത്രയോ കുഞ്ഞുങ്ങൾ മരിച്ചു. ഇതിനെയൊക്കെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അതിജീവിക്കാൻ കഴിഞ്ഞു. തിളപ്പിച്ച വെള്ളം കുടിക്കണമെന്ന് ബോധവൽകരണത്തിലൂടെ അവരെ പഠിപ്പിച്ചു. വാർഷിക ഓഡിറ്റിന് പോകുമ്പോൾ പുറത്തു നിന്നുള്ള ഒരു ഡോക്ടറേയും കൂട്ടുമായിരുന്നു മാർക്കിടാൻ.

ലോകരാരോഗ്യ സംഘടനയുടെ സഹായത്തോടെ ഉപാസിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ കമ്മ്യൂണിറ്റി ഡവലപ്മെൻറ് ആൻറ് സോഷ്യൽ വെൽഫയർ പദ്ധതിയാണ് തോട്ടം തൊഴിലാളികളുടെ ജീവിതം മാറ്റാൻ സഹായിച്ചത്. ഒരു വാഹനവും ഡോക്ടറെയും മാനേജരെയും പദ്ധതിയുടെ ഭാഗമായി നിയോഗിച്ചു. ടാറ്റാ ടീ കമ്പനി എന്നെ പദ്ധതിയിലേക്ക് നിയോഗിക്കുകയായിരുന്നു. ടാറ്റാ ടീക്ക് പുറമെ ഹാരിസൺ, തലയാർ, വയനാട്, ആനമുടിസ് എന്നിവിടങ്ങളിലെ എസ്റ്റേറ്റുകളിലും പദ്ധതി നടപ്പാക്കി. ഈ പദ്ധതിയുടെ ഭാഗമായാണ് ലിങ്ക് വർക്കേഴ്സിനെ ചുമതലപ്പെടുത്തിയത്. പ്രത്യേക വിദ്യാഭ്യാസമോ ഒന്നും ഉള്ളവരെയല്ല ഇതിനായി തെരഞ്ഞെടുത്തതെന്നാണ് പ്രത്യേകത. പത്ത് വീടുകൾ ചേരുന്നതാണല്ലോ ഒരു ലയം. അവിടെ ഞങ്ങൾ ചെല്ലും. യോഗം ചേരും. അവരോട് ചോദിക്കും. നിങ്ങളുടെ പ്രശ്നങ്ങളൊക്കെ പറയുന്ന ഒരാൾ ഉണ്ടാകില്ലേ, അവരുടെ പേര് പറയാൻ. ചിലപ്പോൾ ഒരു പാട്ടിയാകും. അല്ലെങ്കിൽ താത്തായാകും. അതുമല്ലെങ്കിൽ പൊതുപ്രവർത്തകനാകും. ആ ആളെയാണ് ലിങ്ക് വർക്കറായി ചുമതലപ്പെടുത്തുന്നത്. അവർക്ക് പ്രത്യേക ആനുകുല്യങ്ങളൊന്നും നൽകിയിരുന്നില്ല. അവർക്ക് നേരിട്ട് ഡോക്ടറോട് റിപ്പോർട്ട് ചെയ്യാം. വെള്ളം തിളപ്പിച്ചാൽ കീടാണുക്കൾ ഇല്ലാതാകുന്നതും മറ്റും അവരെ പഠിപ്പിക്കും. അവർ ലയങ്ങളിൽ ചെന്ന് മറ്റുള്ളവരോട് പറഞ്ഞു കൊടുക്കും. ആ ശൃംഖലയാണ് സാമൂഹ്യാരോഗ്യരംഗത്ത് മാറ്റങ്ങൾ വരുത്തിയത്. പദ്ധതിയുടെ കയ്യും കാലും ലിങ്ക് വർക്കർമാരായിരുന്നു.

കണ്ണൻ ദേവൻ കമ്പനിയിലെ അസി. മാനേജർ സി കെ. ഉണ്ണികൃഷ്ണൻ നായരുടെ വധുവായി 1965ലാണ് മൂന്നാറിൽ എത്തുന്നത്. കമ്പനിയിൽ ഡോക്ടറായി നിയമനം കിട്ടി. എന്നാൽ, എനിക്ക് ഭർത്താവിനൊപ്പം താമസിക്കണം. അന്ന് ഡോ. മഹാദേവനാണ് സി എം ഒ. നല്ലോണം ദേഷ്യപ്പെടും. അതു പോലെ സ്നേഹിക്കുകയും ചെയ്യും. സി എം ഒ പറഞ്ഞു, സാധാരണ ഡോക്ടർക്ക് നൽകുന്ന ശമ്പളമോ ആനുകുല്യങ്ങളോ തരില്ല. ഒരു ഹോണറേറിയം പ്രതീക്ഷിച്ചാൽ മതിയെന്നും പറഞ്ഞു. അങ്ങനെ ഹോണറേറിയം വാങ്ങിയാണ് പ്രവർത്തിച്ചത്. ആശുപത്രിയിൽ ചടഞ്ഞിരിക്കാതെ തൊഴിലാളികൾക്കൊപ്പം അവരുടെ ആരോഗ്യകാര്യങ്ങൾ ശ്രദ്ധിക്കുന്ന ഡോക്ടറാകാൻ കഴിഞ്ഞതും അതുകൊണ്ടാണ്. അന്ന് മെഡിക്കൽ ആഫീസറുടെ ജോലി സ്വീകരിച്ചിരുന്നുവെങ്കിൽ ഞാൻ ഞാനാകില്ലായിരുന്നു. പശ്ചിമ ബംഗാളിൽ ജോലിക്ക് ചെന്നപ്പോഴാണ് മൂന്നാറിൻെറ പ്രധാന്യം മനസിലായത്. അവിടെ കുടുംബക്ഷേമമൊന്നും ഉണ്ടായിരുന്നില്ല. ഒരു വീട്ടിൽ 10–12 പേരൊക്കെ ഉണ്ടാകും.

ആദ്യമായി ഹൈറേഞ്ച് ക്ലബ്ബിൽ പോയ അനുഭവവും മറക്കാനാകില്ല. വിവാഹം കഴിഞ്ഞയുടനാണ്. ഹൈറേഞ്ച് ക്ലബ്ബിലെ കീഴ്വഴക്കമനുസരിച്ച് ഒരാൾ പരിചയപ്പെടുത്തിയതിന് ശേഷം മാത്രമെ നവാഗതർക്ക് മറ്റുള്ളവരോട് സംസാരിക്കാൻ കഴിയു. എന്നെ വനിതകളുടെ ഭാഗത്ത് വിട്ടതിന് ശേഷം ഉണ്ണി പോയി. ഞാനാകട്ടെ എന്തു ചെയ്യണമെന്ന് അറിയാത്ത അവസഥയിലും. മറ്റുള്ളവരൊക്കെ വർത്തമാനം പറയുന്നു. എൻെറ തലക്ക് മുളിലൂടെയും അങ്ങോട്ടും ഇങ്ങോട്ടും സംസാരിക്കുന്നു. സങ്കടം സഹിക്കവയ്യാതെ മറ്റൊരിടത്തേക്ക് മാറി. അവിടെ കിടന്ന മാഗസിൻ മറിച്ച് നോക്കി ഇരുന്നു. എങ്കിലും സങ്കടം കണ്ണീരായി. അപ്പോഴാണ് രാഘവൻ നായർ അതു വഴി വന്നത്. അദേഹം ചോദിച്ചു.

എന്തുപറ്റി. ഞാൻ കാര്യം പറഞ്ഞു. അദേഹം പറഞ്ഞു.– ഈ സ്ത്രീകളിലാരും ഡോക്ടർമാരില്ല. ഒരു ഡോക്ടർ ഇങ്ങനെ ആകരുത്. എന്തിനാ മഠിച്ച് മാറി നിൽക്കുന്നത്. സ്വയം പരിചയപ്പെടുത്തി സൗഹൃദം കൂടാം. അതോടെ ഞാൻ വാചാലയായി. ഉണ്ണിയുടെ ഭാര്യയെന്ന നിലയിൽ എല്ലാവരെയും പരിചയപ്പെട്ടു.

മൂന്നാറിനെ ഒരുപാട് സ്നേഹിച്ച ആർ.കെ. കൃഷ്ണകുമാറി നെയും മറക്കാനാകില്ല. ടാറ്റാ ടീയു ടെ വൈസ് പ്രസിഡൻറായിരുന്ന കൃഷ്ണകുമാർ മൂന്നാറിനായി ഒരുപാട് ചെയ്തു. ഈശ്വരനെ പോ ലെയൊരാൾ. അദേഹത്തിൻെറ സഹായം കിട്ടാത്തവരില്ല. അദേഹവുമായി ബന്ധപ്പെട്ടവർ ക്കൊക്കെ ഓരോ കഥകൾ പറയാനുണ്ടാകും. ഒരിക്കൽ അദേഹം ജനറൽ ആശുപത്രി സന്ദർ ശിക്കാനെത്തി. ഹെലികോപ്ടറിലാണ് മൂന്നാറിൽ എത്തിയത്. ജിഎച്ചിലെ ഐസിയുവിൽ ഒരു യുവതി അത്യാസന്ന നിലയിലുണ്ടായിരുന്നു. കൃഷ്ണകുമാർ വിവരം അറിഞ്ഞു. അവരെ എയർ ലിഫ്ട് ചെയ്യാൻ കഴിയുമോയെന്നാണ് ആദ്യം അന്വേഷിച്ചത്. എന്നാൽ, അതിന് പോലും കഴി യാത്ത അവസ്ഥയിലാ ണെന്ന് അറിയിച്ചതോടെ. ഹെലികോപ്ടർ എറണാകുളത്തിന് അയച്ച് നെഫ്രോളജിസ്റ്റ് ഡോ. ജോർജി നൈനാനെ മൂന്നാറിൽ കൊണ്ടു വന്നാണ് യുവതിയെ ചികിൽ സിച്ചത്. അവർ രക്ഷപ്പെട്ടു. എന്നാൽ കുഞ്ഞിനെ രക്ഷിക്കാനായില്ല. വൈകല്യം ബാധിച്ച കുട്ടി കൾക്ക് വേണ്ടിയുള്ള 'സൃഷ്ടി' കൃഷ്ണകുമാറിൻെറ സൃഷ്ടിയാണ് അദേഹം സൃഷ്ടിയിൽ എത്തി യാൽ കുട്ടികളെ എടുത്തു ലാളിക്കുമായിരുന്നു.


കൃഷ്ണകുമാർ

വന്യജീവികളെ ഉപദ്രവിക്കുന്നതായി അറിയുമ്പോൾ വിഷമം തോന്നുന്നു. പടയപ്പ ഈശ്വ രൻെറ സൃഷ്ടിയാണ്. എന്തിനാ ഈശ്വരൻെറ സൃഷ്ടികളെ ദേഷ്യം പിടിപ്പിക്കണത്. അവരെ സ് നേഹിക്കാൻ കഴിയാത്തത് എന്താ. അന്നം കിട്ടാതെ വന്നപ്പോൾ ഒരാന അരി തിന്നു, മറ്റൊരാ ന ചക്ക തിന്നു. അവക്കും ജീവിക്കണ്ടേ.. ഒരിക്കൽ മുതുവാ സംഗമത്തിൽ അവരോട് ചോദിച്ച് നിങ്ങളെ കാട്ടാന ആക്രമിക്കുമോ എന്ന്. ഇല്ലെന്നായിരുന്നു മറുപടി. ആന വഴിക്ക് തടസം നി ന്നാൽ എന്തു ചെയ്യുമെന്ന് ചോദിച്ചപ്പോൾ പറഞ്ഞത്, ആനയെ കുമ്പിടും. എന്നിട്ട് പറയും. അവ സരമാ പോകണം, കൊഞ്ചം വഴി കിടച്ചാൽ പോകലാം.... ആന പതുക്കെ മാറി തരും. ഞങ്ങൾ കടന്ന് പോകും. എങ്കളുക്ക് കടവുൾ മാതിരി–അവർ പറഞ്ഞു.

ഡോക്ടർക്ക് മൂന്നാറിനെ കുറിച്ച് പറയാൻ ഇനിയും വർത്തമാനങ്ങൾ ഏറെയുണ്ട്. മൂന്നാറി ൻെറ കഥ എന്ന പുസ്തകത്തിലുടെ കുറച്ച് കഥകൾ പറഞ്ഞു.



मुन्नार में मेरे अविस्मरणीय क्षण



अल्केश कुमार शर्मा

अगस्त 1992 में लाल बहादुर शास्त्री राष्ट्रीय प्रशासनिक अकादमी में प्रशिक्षण के अन्तिम सप्ताह में लगभग सभी राज्यों के IAS अधिकारियों के नियुक्ति पत्र जारी हो गये थे । केरला राज्य को आवंटित अधिकारियों के नियुक्ति पत्र नहीं आ पाये अतः हमने तिरुवनंतपुरम में मुख्य सचिव के यहाँ उपस्थिति दर्ज की । उसी सप्ताह हमारे नियुक्ति पत्र जारी हुए और मुझे Fort Kochi Assistant Collector नियुक्त किया गया । यह समाचार जब हमारे बहुत वरिष्ठ अधिकारी एवं मेरे आदरणीय श्री SM Vijayanand को मिला तो उन्होंने मुझे बुलाया और कहा कि तुम्हारे लिए उचित जगह देविकुलम या मनन्थवाडी होगी । मेरे IRMA के background और PRADAN NGO में मेरे द्वारा देश के पिछड़े क्षेत्रों में मेरे कार्य अनुभव को देखते हुए उन्होंने मुझे यह सलाह दी । उनके हस्तक्षेप से मेरी नियुक्ति देविकुलम में हुई और यहीं से मुन्नार से बना हमारा सम्बन्ध दिन प्रतिदिन गहरा होता चला गया ।

देविकुलम से ज़्यादा बड़ा होने के कारण तथा TATA Tea का बड़ा केन्द्र होने की वजह से मुन्नार को उत्तर भारत के लोग ज़्यादा जानते थे ।

मुझे देविकुलम जाने का उत्साह था लेकिन साथ ही साथ नयी जगह पर जाने की चिंता व संकोच भी । वहाँ के लोग कैसे होंगे । क्या मैं Vijayanand sir

की आशाओं के अनुरूप कार्य कर पाऊँगा, जैसे संशय भी उठ रहे थे ।

लेकिन मेरे seniors M/s Michael VedhaSiromony , James Verghese और T K Jose से मिलने के बाद मेरा विश्वास बढ़ा और मैंने पूरे विश्वास के साथ वहाँ के लिये प्रस्थान किया ।

देविकुलम Sub Division का विस्तार North में चिन्नार से लेकर South में पीरमेड– मुंडकयम तक है । यह केरला का सबसे बड़ा sub division है ।

मुन्नार का मौसम बड़ा सुहावना है और वहाँ की हरियाली देखते ही बनती है । सुबह से शाम तक इस जगह का मनोरम दृश्य और लोगों का स्नेह अविस्मरणीय है ।

हालाँकि यह प्रदेश चाय मसाले और इलायची जैसी कई फसलों के लिए विख्यात है लेकिन वृक्षों की कटाई और गाँजे की गैर कानूनी कृषि वहाँ के ज्वलंत मुद्दे थे । इन पर कार्रवाई के लिए सरकारी तंत्र के साथ साथ जनता का सहयोग बहुत जरूरी था ।

मुन्नार कघ्स्बे में Traffic regulation, encroachment on public lands और basic civic सुविधाओं का अभाव जैसी समस्याओं पर ध्यान केंद्रित करने की जरूरत थी ।

नीलगिरी की पर्वतमाला शृंखला के तीन प्रमुख पर्वतीय स्थलों में से मुन्नार एक हैय बाकघी दो तमिलनाडु में ऊटी व कोडाइकनाल हैं जो उस समय काफी विकसित थे ।

देविकुलम sub division में मलयालम भाषा के साथ ही तमिल भाषा बोलने वालों का बाहुल्य है । बहुत से लोग plantation में कार्य करते हैं और उनकी अपनी समस्याएँ थीं अतः एक responsive and responsible administrative system भी चाहिए था ।

मेरा दायित्व एक दो साल में इन सभी पर कार्य करना था ।

मैंने अपने कार्य की शुरुआत चिन्नकनाल की मुदुवन आदिवासी कोलोनी में जाकर की।

പിന്നിട് എത്രയോ വർഷങ്ങൾക്ക് ശേഷമാണ് മൂന്നാറിൽ കയ്യേറ്റം ആരംഭിക്കുന്നത്. ഫുട്ബോൾ ലീഗ് മൽസരങ്ങളിൽ സംസ്കാരയുടെ ടീം ബൂട്ട് കെട്ടാൻ തിരുമാനിച്ചതും മറക്കാനാകില്ല.

എം ജെ ബാബു, അനസ് നടുക്കുടി, സാജൂ വർഗീസ്, ബിനീഷ്, ജബകുമാർ, ടി ജബ, മജീദ്, രാജൂ, പൊന്നച്ചൻ, കിച്ചിലു, ജലീൽ, മദൻ, ജോൺസൺ, സുധ അങ്ങനെ അന്തിചർച്ചയിലെ പട്ടിക നീളുന്നു. ചിലർ എല്ലാ ദിവസവും ഉണ്ടാകും. മറ്റു ചിലർ ഇടക്കിടെ എത്തും. എന്തായാലും 10–15 പേർ രാത്രിയിലെ

വെടിവട്ടത്തിൽ ഉണ്ടാകും.

ഒരിക്കൽ ചർച്ച എത്തിയത് മൂന്നാറിന്റെ ടൂറിസം സാധ്യതകളിലേക്ക്. 1989ലെ കുറിഞ്ഞി സീസണിൽ മൂന്നാറിനെ തേടി ആയിരങ്ങൾ എത്തിയതാണ് ഈ ചർച്ചക്ക് വഴിയൊരുക്കിയത്. നീല കുറിഞ്ഞി സംരക്ഷണ പ്രവർത്തനങ്ങളിലും സംഘം സജീവമായിരുന്നു.

ആ ചർച്ച ദിവസങ്ങളോളം നീണ്ടു. മൂന്നാറിന്റെ ടൂറിസം വികസനത്തിന് എന്തു ചെയ്യാനാകുമെന്നത് സംബന്ധിച്ച് പല അഭിപ്രായങ്ങളും ഉയർന്നു. മൂന്നാർ മേഖലയിൽ ടൂറിസ്റ്റുകൾക്ക് കാണാൻ എന്തുണ്ട് എന്ന് ലോകത്തെ അറിയിക്കണമെന്നും മൂന്നാറിനായി പ്രചരണം നടത്തണമെന്നുമുള്ള അഭിപ്രായത്തിലേക്കാണ് ആ ചർച്ചകൾ എത്തിയത്.

ഒടുവിൽ തിരുവനന്തപുരത്തേക്ക് സൈക്കിൾ യാത്ര സംഘടിപ്പിക്കാനുള്ള തീരുമാനമായി മാറി. സംസ്കാ രയും ഹൈറേഞ്ച് മർച്ചന്റ്സ് അസോസിയേഷനും സംയുകതമായി തിരുവനന്തപുരത്തേക്ക് സൈക്കിൾ യാത്ര നടത്താനും മൂന്നാറിന്റെ ലഘുലേഖ തയ്യാറാക്കി വഴിനീളെ വിതരണം ചെയ്യാനുമായിരുന്നു തീരുമാനം. സൈക്കിൾ യാത്രക്ക് ഒപ്പമുള്ള ജീപ്പിൽ മൂന്നാറിന്റെ ഫോട്ടോ പ്രദർശനവും ആസൂത്രണം ചെയ്തു. മർച്ചന്റ്സ് യൂത്ത് വിങ് എന്നത് പ്രത്യേക സംഘടനയായിരുന്നുവെങ്കിലും ഏതാണ്ട് എല്ലാവരും സംസ്കാരയുടെയും പ്രവർത്തകരായിരുന്നു. അലിക്കുഞ്ഞായിരുന്നു പ്രസിഡൻറ്.

അന്ന് മാതൃഭൂമി സ്റ്റഡി സർക്കിൾ ജില്ല പ്രസിഡൻറായിരുന്ന എം ജെ ബാബു ലഘുലേഖ എഴുതി തയ്യാറാക്കി. ടാറ്റാ ടീയിലെ അന്നത്തെ മാനേജർ ശ്രീ. ടി ദാമുവായി സംസാരിച്ചപ്പോൾ ലഘുലേഖ അച്ചടിക്കാനുള്ള പണം ടാറ്റാ ടി താരാമെന്ന് അറിയിച്ചു.

1989 ഒക്ടോബർ 20 – അന്നാണ് മൂന്നാറിനെ ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിന് ഒരു സംഘം യുവാക്കൾ സൈക്കിളിൽ തിരുവനന്തപുരത്തിന് പുറപ്പെട്ടത്. അന്നത്തെ ദേവികുളം സബ് കളക്ടർ ശ്രീ. ജയിംസ് വർഗീസ് സൈക്കിൾ യാത്രക്ക് പതാക വീശി. മൂന്നാർ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ.എം.വൈ. ഔസേഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ മുഴുവൻ രാഷ്ട്രിയ പാർട്ടികളുടെയും പ്രതിനിധികൾ ആശംസകൾ നേരാൻ എത്തിയിരുന്നു. പ്രായം മറന്നും ഹൈറേഞ്ച് മർച്ചൻറ് അസോസിയേഷൻ സെക്രട്ടറി പി.അരുമനായകം അടിമാലി വരെ സൈക്കിളിൽ വന്നതും മറക്കാനാകില്ല. മറ്റൊരാൾ ജാസ്മി സ്റ്റോഴ്സ് ഉടമ ശ്രീ. സി കെ ഇസ്മായിൽ. അദ്ദേഹത്തിന്റെ രണ്ടു മക്കളെയും ഒരു മടിയും കൂടാതെ സൈക്കിൾ യാത്രക്ക് അയച്ചു.

മൂന്നാറിൽ നിന്നും കോതമംഗലം, ആലുവ, എറണാകുളം, ആലപ്പുഴ, കൊല്ലം, ആറ്റിങ്ങൽ വഴി 25 ന് തിരുവനന്തപുരത്ത് എത്തി.

സൈഫുദീൻ കിച്ചിലു യൂത്ത് വിംഗ് ടീമിനെയും സി ഐ അബ്ദുൽ ജലീൽ സംസ്കാര സംഘത്തേയും നയിച്ചു. ലാൻസി റോച്ച്, കെ.പി. രാജു, പി കെ പുന്നൻ, ആനന്ദ് (കന്നിയപ്പൻ), ബാലസുബ്രമണ്യൻ, ഇബ്രാഹിം ഷാ,ഐസക് എം എം, സുരേഷ്, വേണു എന്നിവരായിരുന്നു സൈക്കിൾ യാത്രികർ. ഞാൻ കോഓർഡിനേറ്റ് ചെയ്തു. വി എം ജോർജ് ജീപ്പുമായി പങ്കാളിയായി. അദേഹത്തിന്റെ ജീപ്പിലാണ് സി കുട്ടിയാപിള്ളയുടെ കാമറയിൽ പതിഞ്ഞ ചിത്രങ്ങളുടെ പ്രദർശനം ഒരുക്കിയത്. കോതമംഗലം, എറണാകുളം, ആലപ്പുഴ, കരുനാഗപ്പള്ളി, ആറ്റിങ്ങൽ എന്നിവിടങ്ങളിൽ താമസത്തിന് ശേഷമാണ് തിരുവനന്തപുരം രകതസാക്ഷി സ്മാരകത്തിൽ സമാപിക്കുന്നത്. വഴിനീളെ വ്യാപാരി–വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ സ്വീകരണം ഒരുക്കി. മാതൃഭൂമി ബ്യൂറോകളിലും യൂണിറ്റുകളിലും ഞങ്ങളെ സ്വീകരിക്കാൻ മാതൃഭൂമി സ്റ്റഡി സർക്കിൾ പ്രവർത്തകരടക്കമുണ്ടായിരുന്നു..

തിരുവനന്തപുരത്ത് മന്ത്രിമാർ, ടൂറിസം ഡയറക്ടർ തുടങ്ങിയവർക്ക് നേരിട്ട് നിവേദനം നൽകി. ഗവർണർ സ്ഥലത്തില്ലാതിരുന്നതിനാൽ കാണാനായില്ല. എം ജെ.ബാബുവും സി.കുട്ടിയാപിള്ളയും സമാപന ചടങ്ങിന് എത്തി. മാതൃഭൂമി തിരുവനന്തപുരം യൂണിറ്റിൽ ഈഷ്മളമായ വരവേൽപാണ് ലഭിച്ചത്. വ്യാപാരി–വ്യവസായി ഏകോപന സമിതിയുടെ അന്നത്തെ ജില്ലാ പ്രസിഡൻറ് ശ്രീ. പെരിങ്ങമല രാമചന്ദ്രന്റെ നേതൃത്വത്തിൽ മാതൃഭൂമിയിൽ നിന്നും സംഘത്തെ സ്വീകരിച്ച് പാളയം രകതസാക്ഷി സ്മാരകത്തിൽ കൊണ്ടുവന്നു.

വഴി നീളെ മൂന്നാർ എവിടെയാണെന്ന് ചോദിച്ചവരായിരുന്നു ഏറെയും. യാത്രക്ക്ശേഷം ബാക്കി വന്ന ലഘുലേഖ വടക്കൻ ജില്ലകളിലെ കലാലയങ്ങളിലേക്കും ലൈബ്രറികളിലേക്കും അയച്ചു കൊടുത്തു. അന്നത്തെ യാത്രയാണ് മൂന്നാറിലേക്കുള്ള സഞ്ചാരികളുടെ വഴി തുറന്നത്. അതോടെ ഭൂമി തേടിയുള്ള അന്വേഷണവും ആരംഭിക്കുകയായിരുന്നു.

ഞങ്ങൾ നടത്തിയ ടൂറിസം പ്രവർത്തനങ്ങൾ പുതിയൊരു ഘട്ടത്തിലേക്ക് കടക്കുന്നുവെന്ന് വേണം കരുതാൻ. മൂന്നാർ മൗണ്ട് കാർമ്മൽ ദേവാലയം ഇടുക്കി ജില്ലയിലെ ആദ്യ മൈനർ ബസിലിക്കയായി പ്രഖ്യാപിക്കപ്പെട്ടതോടെ തീർ

ഥാടന ടൂറിസത്തിന് വഴി തുറന്നേക്കും.

സംസ്കാരയുടെ പ്രവർത്തനം ആരംഭിക്കുന്നത് ചുമ്മാർ ബിൽഡിംഗിലെ മുറിയിലാണ്. വായനശാലയും ഇൻഡോർ ഗെയിംസുമുണ്ടായിരുന്നു. കെ ആർ മണി, ഹരിലാൽ, കെ എം സിദ്ധിഖ്, റഷീദ ബീവി, പാർഥീപൻ, ജോസഫ് സേവ്യർ, ജോൺ ക്വീൻറസ്, സണ്ണി മുല്ലക്കൽ, പി പി സലിം, അനിഷത് തുടങ്ങിയവരും സജീവമായുണ്ടായിരുന്നു. അന്ന് തുടക്കമിട്ട ഗാനമേള സംഘം ഇന്ന് മറ്റൊരു പേരിൽ സജീവമാണ്. സംസ്കാര സംഘടിപ്പിച്ച ഓണാഘോഷങ്ങൾ യുവജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി. ഒരിക്കൽ ഓണം സുവനീറും പുറത്തിറക്കി.

വിദ്യാഭ്യാസ അവാർഡ് വിതരണം മറ്റൊരു പ്രധാന ചടങ്ങായിരുന്നു. ഒരിക്കൽ അന്നത്തെ ധനമന്ത്രി ഉമ്മൻചാണ്ടിയും എംഎൽഎമാരായ പി.ടി.തോമസ്, ഇ എം ആഗസ്തി, എ കെ മണി എന്നിവരും വിദ്യാഭ്യാസ അവാർഡ് വിതരണത്തിന് എത്തി. പ്രശസ്ത സാഹത്യകാരനായിരുന്ന ശ്രീ. സി പി ശ്രീധരൻ, കവി കെ പി ഗോപി എന്നിവർ വിവിധ വർഷങ്ങളിൽ സാംസ്കാരിക സമ്മേളനങ്ങളിൽ സംബന്ധിച്ചു. സർവശ്രീ സി എ കുര്യൻ, സി കെ കൃഷ്ണൻ, കെ എം കാദിർകുഞ്ഞ്, കെ വി ഐസക്, വി ഇ അബ്ദുൾഖാദർ (ഇക്ക), എം മുത്തുസ്വാമി, പി.മുത്തുപാണ്ടി തുടങ്ങിയവർ ഉപദേശങ്ങൾ നൽകാൻ ഉണ്ടായിരുന്നു.

മൂന്നാറിൽ ആദ്യമായി എസ് ടി ഡി ബൂത്ത് ആരംഭിക്കുന്നതും സംസ്കാരയാണ്. പഞ്ചായത്ത് വെയ്റ്റിംഗ് ഷെഡിൽ ഇതിനായി സൗകര്യമൊരുക്കി. എസ്ടിഡി ബൂത്ത് സ്ഥാപിക്കുന്നതിന് പഞ്ചായത്ത് വെയ്റ്റിംഗ് ഷെഡിനോട് ചേർന്ന് സ്ഥലവും അനുവദിച്ചു. സംസ്കാരയുടെ പിറവിക്ക് പിന്നാലെയാണ് ശ്രീ. ജി.മോഹൻകുമാറിൻെറയും കെ.കെ.ഉദയെൻറയും നേതൃത്വത്തിൽ ഏ കെ ജി ക്ലബ്ബ് രൂപീകരിക്കുന്നത്. കുടിൽകെട്ടി സമരത്തിനും മൂന്നാർ മേളക്കും അടക്കമുള്ള പൊതു പരിപാടികളിൽ അവരും സജീവമായിരുന്നു.

ഒരു കാലഘട്ടത്തിൽ മൂന്നാറിൻെറ സാംസ്കാരിക മുഖമായിരുന്നു സംസ്കാരയും യൂത്ത് വിങ്ങും എകെജി ക്ലബ്ബുമൊക്കെ.



മൂന്നാറിൻെറ ടൂറിസം വികസനം ഉറപ്പു വരുത്തണമെന്നാവശ്യപ്പെട്ട് നിവേദനം നൽകാൻ മൂന്നാർ സംസ്കാര മാതൃഭൂമി സ്റ്റഡിസർക്കിളം അംഗങ്ങളും ഹൈറേഞ്ച് മർച്ചൻറ് യൂത്ത് വിംഗ് പ്രവർത്തകരും നിത്തുന്ന സൈക്കിളം റാലി കൊച്ചിയിലെത്തിയപ്പോൾ.

ഹൈറേഞ്ച് ക്ലബ്ബും കെഡിഎച്ച് ക്ലബ്ബും ദേവികുളത്തെ ശ്രീമൂലം ക്ലബ്ബുമൊക്കെ ഒരർഥത്തിൽ സാംസ്കാരിക കേന്ദ്രങ്ങളാണ്. ഹൈറേഞ്ച് ക്ലബ്ബിൽ പ്ലാൻറർമാർക്ക് മാത്രമാണ് അംഗത്വം. അവരുടെ ഭാര്യമാർക്കും കുട്ടികൾക്കും പ്രവേശനമുണ്ട്. ആദ്യകാലത്ത് ബ്രിട്ടിഷുകാർ മാത്രമായിരുന്നു പ്ലാൻറർമാർ എന്നതിനാൽ, യൂറോപ്യൻ ക്ലബ്ബ് എന്നാണ് അറിയപ്പെട്ടിരുന്നത്. സ്റ്റാഫംഗങ്ങളുടെ കെഡിഎച്ച് ക്ലബ്ബ് ഇൻഡ്യൻ ക്ലബ്ബ് എന്നും അറിയപ്പെട്ടു. ഈ രണ്ട് ക്ലബ്ബുകളെയും 1924ലെ പ്രളയം ബാധിച്ചു.

1905ൽ ജിംഖാന ക്ലബ്ബ് എന്ന പേരിൽ കുതിരപന്തയ മൈതാനിയിലാണ് തുടക്കം. 1910ൽ ഇപ്പോഴത്തെ സ്ഥലത്തെ കെട്ടിടം പൂർത്തിയായി. മുതിരപ്പുഴയാറിൻെറ തീരത്തെ കെട്ടിടം 1924ലെ പ്രളയം തകർത്തു. തുടർന്ന് പുതുക്കി പണിതു. ഇതിനിടെ ഹൈറേഞ്ച് ക്ലബ്ബ് എന്ന പേരു മാറ്റവും സംഭവിച്ചു.

എസ്റ്റേറ്റുകളിൽ നിന്നും മൂന്നാറിൽ വിവിധ ആവശ്യങ്ങൾക്ക് വരുന്ന സ്റ്റാഫ് ജീവനക്കാർക്ക് താമസിക്കാൻ ഇടം വേണമെന്ന ആവശ്യത്തെ തുടർന്നാണ് 1917ൽ കമ്പനി ആസ്ഥാനത്ത് ചെറിയ മുറി അനുവദിച്ചത്. 1924ലെ പ്രളയത്തെ തുടർന്ന് മൂന്നാർ ടൗൺ പുതുക്കി പണിതപ്പോൾ, പിന്നിട് റോച്ചാസ് ഹോട്ടലായും മൂന്നാർ ഹോട്ടലായും മാറിയ കെട്ടിടം ജീവനക്കാർക്ക് അനുവദിച്ചു. മൂന്നാർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിലായിരുന്നു തുടക്കം. പിന്നിട് ഇപ്പോഴത്തെ സ്ഥലത്തേക്ക് മാറിയപ്പോൾ കണ്ണൻ ദേവൻ ക്ലബ്ബ് എന്ന പേരും സ്വീകരിച്ചു.

ദേവികുളത്തെ ശ്രീമുലം ക്ലബ്ബിന് ശ്രീമൂലം തിരുന്നാളിൻെറ ജന്മദിനവുമായി ബന്ധമുണ്ട്. ഇവിടെ ഗ്രന്ഥശാലയുമുണ്ട്. ഇതിന് പുറമെ എസ്റ്റേറ്റുകൾ തോറും ലേബർ ക്ലബ്ബുകളുമുണ്ട്.



മൂന്നാർ ഗവ.ഹൈസ്കൂൾ ഗ്രാൻറ് അലൂമിനി മീറ്റിനോടനുബന്ധിച്ച് സ്കൂൾ സ്ഥാപിച്ച കണ്ണൻ ദേവൻ കമ്പനിക്കുള്ള ഉപഹാരം മാനേജിംഗ് ഡയറക്ടർ ശ്രീ. മാത്യു എബ്രഹാമിന് അസോസിയേഷൻ പ്രസിഡൻറ് എം ജെ ബാബു കൈമാറുന്നു. ജോൺ പെരേര, ലിജി, ടി.എ.ചന്ദ്രൻ, ജി.മോഹൻ കുമാർ എന്നിവർ സമീപം

BALCO®

വീട് ഒരുപാട് നാൾ നിലനിൽക്കണം,,
അപ്പോൾ ഉപയോഗിക്കുന്ന പൈപ്പ്
ഈടുള്ളതും സുരക്ഷിതവും ആയിരിക്കണം.

BALCO® സുരക്ഷിതം, ഗുണമേന്മയിൽ ഒന്നാമത് !



Top-Quality Electrical Conduits

Trust the NO.1
choice of professionals



WWW.BALCOPIPES.COM
balcopvcpipes
+91 80 89 14 74 26
+91 62 35 35 00 00

CONDUITS | PVC PIPES | FITTINGS
GARDEN & SUCTION HOSES | SOLVENT CEMENT | WATER TANKS

മൂന്നാറിന്റെ സ്വന്തം ഭാസ്കരൻ



റവ. ഡോ. ചാക്കോ പുത്തൻപുരയ്ക്കൽ

ഭാസ്കരനെ മാറ്റിനിറുത്തി മൂന്നാറിനെക്കുറിച്ച് ചിന്തിക്കാൻ എനിക്കു സാധിക്കുന്നില്ല. ഭാസ്കരനെ ആദ്യമായി കണ്ടതെന്നാണെന്ന് ഞാൻ ഓർക്കുന്നില്ല. അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരിക്കണം. വീട്ടിൽനിന്നും അഞ്ചുകിലോമീറ്റർ അകലെയുള്ള പഴയ മൂന്നാറിലെ സ്കൂളിലായിരുന്നു നാലാം ക്ലാസ്സുവരെ. അഞ്ചാംക്ലാസ്സിലേക്കു ജയിച്ചപ്പോൾ പഠനം കോൺവെന്റ് സ്കൂളിലായി. സ്കൂളിലേക്ക് ഒൻപത് കിലോമീറ്ററോളം നടക്കണം. ടൗൺ കഴിഞ്ഞ് നല്ലതണ്ണിയിലാണ് സ്കൂൾ. മൂന്നാർ ടൗണിലൂടെ കടന്നുപോകുമ്പോൾ ഭാസ്കരനെ പലപ്പോഴും കണ്ടിട്ടുണ്ട്.

കൂട്ടുകാർ പറഞ്ഞു: ഭാസ്കരൻ ഭ്രാന്തനാണ്.

ഭാസ്കരന്റെ അടുത്തുകൂടി പോകാൻപോലും പേടിയായിരുന്നു. പലപ്പോഴും ഏതെങ്കിലും കടയിൽ ഭാസ്കരൻ ഭാരം ചുമക്കുന്നതു കാണാം. ചിലപ്പോൾ ചില വീടുകളിൽ വിറകുകീറും. തീർത്തും മുഷിഞ്ഞ വേഷം. ഭാസ്കരൻ എപ്പോഴും എന്തെങ്കിലും ജോലി ചെയ്യുന്നതായേ ഞാൻ കണ്ടിട്ടുള്ളൂ.

മൂന്നു വർഷം കഴിഞ്ഞപ്പോൾ ഞാൻ കോൺവെന്റ് സ്കൂൾ വിട്ടു. പഠനം പട്ടണത്തിലുള്ള സെമിനാരിയിലായി. അവധിക്ക് മൂന്നാറിലെത്തുമ്പോഴൊക്കെ ഭാസ്കരനെ ടൗണിൽവച്ച് കാണാറുണ്ടായിരുന്നു. വർഷങ്ങൾ പലതു കടന്നുപോയി. ഇടവകയിൽ എന്റെ സുഹൃത്ത് ഫെർണാണ്ടോ അച്ചൻ സഹവികാരിയായി എത്തി. അവധിക്കാലത്ത് ഉച്ചയൂണുകഴിഞ്ഞ് ഞങ്ങൾ പള്ളിമേടയുടെ വാതിൽപ്പടിയിലിരുന്ന് തണുപ്പകറ്റാൻ വെയിലുകൊള്ളും. മുന്നിലെ കാഴ്ചകളെല്ലാം സുന്ദരമായിരുന്നു – പച്ചവിരിച്ച് മഞ്ഞുപുതച്ചുകിടക്കുന്ന മൊട്ടക്കുന്നുകൾ. തിരമാലകണക്കെ നീണ്ടുനീണ്ടുപോകുന്ന തേയിലത്തോട്ടങ്ങൾ. എതിരെയുള്ള മറ്റു രണ്ടു കുന്നുകളിൽ അമ്പലവും മോസ്കും അവിടുത്തെ കാഴ്ചകളും. താഴെ പട്ടണത്തിന്റെ തിരക്കുകൾ. കണ്ടാലും കേട്ടാലും മതിവരാത്ത മൂന്നാറിന്റെ സൗന്ദര്യക്കാഴ്ചകൾ.

1988 ഡിസംബറിലെ തണുപ്പുള്ള ഒരു ദിവസം, ഞങ്ങൾ പള്ളിമുറ്റത്ത് വെയിലുംകൊണ്ടിരിക്കുമ്പോൾ അവിടേക്ക് ഭാസ്കരൻ കയറിവന്നു. ഭാസകരൻ ഫെർണാണ്ടോ അച്ചനെ കണ്ടപാടെ ഉച്ചത്തിൽ ചിരിച്ച്, അച്ചാ എന്നു വിളിച്ച്, കൈ രണ്ടും ഒരു പ്രത്യേകരീതയിൽ കൂട്ടിയടിച്ച് അടുത്തുചെന്നുനിന്നു. അവർ വലിയ സുഹൃത്തുക്കളെപ്പോലെ ചിരിച്ച് സംസാരിക്കുമ്പോഴും എന്റെ മനസ്സിൽ വലിയ അസ്വസ്ഥതയാണ് തോന്നിയത്. അല്ല, ശരിക്കും പറഞ്ഞാൽ പേടിയാണ് തോന്നിയത്. ഫെർണാണ്ടോ അച്ചനോട് ഭാസ്കരൻ തിരക്കി: അച്ചാ, ഇതാരാ?

ഫെർണാണ്ടോ അച്ചൻ പറഞ്ഞു: ഇതും ഒരച്ചനാ.

ഉടനെ ഭാസ്കരൻ എന്നോട്, അച്ചാ അച്ചന്റെ വീടെവിടാ?

ഞാൻ പറഞ്ഞു: മൂന്നാറിൽത്തന്നെ.

അതെയോ ഞാൻ കണ്ടിട്ടില്ലല്ലോ?

ഭാസകരൻ ഒരു സങ്കോചവും കൂടാതെ ഒരു സുഹൃത്തിനോടെന്നപോലെ സംസാരിക്കുന്നു. വളരെ പെട്ടെന്ന് എന്റെ ഉള്ളിലെ പേടിയും അകൽച്ചയും മാറിയതുപോലെ തോന്നി.

ഞാൻ പറഞ്ഞു: എന്റെ വീട് സെവൻമലയിലാണ്, ചെറുപ്പം മുതൽ ഞാൻ ഭാസ്കരനെ അറിയും.

പിന്നെ ഞാൻ പറയുന്നതൊന്നും ഭാസ്കരൻ ശ്രദ്ധിക്കുന്നതായി തോന്നിയില്ല. ഫെർണാണ്ടോ അച്ചനുമായി വലിയ സംസാരം. അവരുടെ തമാശകൾ അല്പനേരം തുടർന്നു. ഞാൻ കേട്ടിരുന്നു. പോകാൻ സമയമായപ്പോൾ ഭാസകരൻ ഫെർണാണ്ടോ അച്ചനോടു ചോദിച്ചു: അച്ചാ ഒരു രണ്ടു രൂപ തര്വോ?

അച്ചൻ അകത്തുപോയി രണ്ടു രൂപാ കൊണ്ടുവന്നുകൊടുത്തു. വലിയ സന്തോഷത്തോടെ ഭാസ്കരൻ ഞങ്ങളോട് യാത്രപറഞ്ഞു പോയി.

ഞാൻ അദ്ഭുതത്തോടെ ഫെർണാണ്ടോ അച്ചനോട് ഭാസ്കരനെക്കുറിച്ച് ഒരുപാടു തിരക്കി – നിങ്ങൾ എങ്ങനെ സുഹൃത്തുക്കളായി? ഭാസ്കരൻ ഭ്രാന്തനല്ലേ? അങ്ങനെ പലതും. ഭാസ്കരന്റെ രസകരമായ പല കഥകളും ഫെർണാണ്ടോ അച്ചൻ വിവരിച്ചു. ഞാൻ താത്പര്യത്തോടെ കേട്ടിരുന്നു. ഭ്രാന്തനാണെന്ന് ജനം പറയുമെങ്കിലും മനസ്സിന്റെ സമനില നഷ്ടപ്പെട്ട (ഈ ലോകത്തിനു മുന്നിൽ) തെരുവിൽ ജീവിക്കുന്ന ഒരു സാധു മനുഷ്യൻ. ഭാസ്കരൻ എപ്പോഴും രണ്ട് രൂപയേ ചോദിക്കാറുള്ളൂ. കൂടുതൽ ചോദിക്കാറില്ല. അതാണ് ഭാസ്കരന്റെ അന്നത്തെ ഭിക്ഷാശൈലി. ഭാസ്കരൻ ഏതച്ചനെ കണ്ടാലും പറയും: അച്ചാ, കർത്താവുള്ളതുകൊണ്ട് ഞാൻ ജീവിച്ചുപോകുന്നു.

ഫെർണാണ്ടോ അച്ചൻ പറഞ്ഞത് അമ്പലത്തിലെ പൂജാരിയെ കാണുമ്പോൾ സ്വാമീ, കൃഷ്ണനുള്ളതുകൊണ്ട് ഞാൻ ജീവിച്ചുപോകുന്നു എന്ന് പറയാറുണ്ടെന്നാണ്. എല്ലാ ദൈവങ്ങളെയും എല്ലാ മതങ്ങളെയും എല്ലാ മനുഷ്യരെയും ഒന്നുപോലെ സ്നേഹിക്കുന്ന വിശ്വമനുഷ്യൻ!

ഒരിക്കൽ ഞാനും ഫെർണാണ്ടോ അച്ചനും പള്ളിയുടെ മുന്നിൽ നില്ക്കുകയായിരുന്നു. ഭാസ്കരൻ താഴെ ടൗണിൽ നിന്ന് പള്ളിയിലേക്ക് തിരക്കുപിടിച്ച് കയറിവരുന്നു. വന്നപാടേ ഭാസ്കരൻ അച്ചനോടു ചോദിച്ചു:

അച്ചാ ഒരു പത്തു രൂപ തര്വോ?

പതിവില്ലാതെ രണ്ടിനു പകരം പത്ത് എന്ന ചോദ്യം കേട്ട് ഞാൻ ഭാസ്കരനോട് തമാശയായി ചോദിച്ചു:

ഭാസ്കരാ അത് ഭാസ്കരന് ബുദ്ധിമുട്ടാകില്ലേ?

വളരെ പെട്ടെന്ന് ഭാസ്കരൻ എന്നോട് പറഞ്ഞു: you don't worry.

ഞാൻ അന്ധാളിച്ചുപോയി. ഒപ്പം ഫെർണാണ്ടോ അച്ചന്റെ നിർത്താതെയുള്ള ചിരിയും. ജീവിതത്തിൽ ശരിക്കും ചെറുതായിപ്പോയി എന്നു തോന്നിയ സന്ദർഭങ്ങളിലൊന്നായിരുന്നു അത്.

പിന്നെ ഭാസ്കരൻ എന്റെയും സുഹൃത്തായി. എന്നെ കാണുമ്പോഴും അച്ചാ എന്ന വിളിയും ഉച്ചത്തിലുള്ള ചിരിയും കൈകൾ കൂട്ടിയടിച്ചുള്ള സന്തോഷവും കാട്ടാൻ തുടങ്ങി. ഒരു സുഹൃത്തിനെ കണ്ടുമുട്ടുമ്പോൾ ഇത്ര ഈഷ്ണമായി സ്വീകരിക്കുന്ന ഒരാളെയും ഞാൻ എന്റെ യാത്രയിൽ കണ്ടുമുട്ടിയിട്ടില്ല. ഭാസ്കരൻ വ്യക്തിത്വവികസന പഠന ക്ലാസ്സിൽ പങ്കെടുത്തതോ അതോ, പുസ്തകം വായിച്ചതോ? എനിക്കറിയില്ല! ഭാസ്കരന് തന്നെക്കുറിച്ചുതന്നെ നല്ല മതിപ്പാണ്. ഏതു വലിയ ആളോടും യാതൊരു സങ്കോചവും കൂടാതെ നേരേ ചെന്ന് സംസാരിക്കും. ഏതു വലിയ ചടങ്ങിലും കടന്നുചെല്ലും. ഏതു യോഗത്തിന്റെയും വോളന്റിയേഴ്സ് ബാഡ്ജ് തരപ്പെടുത്തി അതുമണിഞ്ഞ് യോഗസ്ഥലത്ത് കറങ്ങി നടക്കും. കണ്ടുമുട്ടുന്ന പരിചയക്കാരെ ഏറെ ഹൃദ്യമായി ചിരിച്ച് അഭിവാദനം ചെയ്യും. അഥവാ ആരെങ്കിലും ഇഷ്ടക്കേടുകാട്ടി മുഖം തിരിച്ചാൽ പരിഭ്രമമില്ലാതെ അടുത്ത ആളോടാകും പിന്നത്തെ സംസാരം. ഇങ്ങനെ എന്നിലുണ്ടാകാൻ ആഗ്രഹിച്ച എത്രയെത്ര കഴിവുകളാണ് ഞാൻ ഭാസ്കരനിൽ കണ്ടത്.

ഫെർണാണ്ടോ അച്ചൻ മൂന്നാറിൽനിന്ന് സ്ഥലംമാറിപ്പോയി. പിന്നെ ഭാസ്കരനും വരാതെയായി. ഒരിക്കൽ ടൗണിൽ വച്ച് ഞാൻ ഭാസ്കരനെ കണ്ടു. എന്താണ് പള്ളിമേടയിൽ



ഭാസ്കരൻ

വരാത്തതെന്ന് തിരക്കി. ഭാസകൻ പറഞ്ഞു:

ഇപ്പോഴത്തെ വല്യച്ചന് ഇഷ്ടമല്ല. വഴക്കുപറയും.

ഞാൻ പറഞ്ഞു: ഞാൻ ഉള്ളപ്പോൾ വരണം.

പിന്നീട് ഭാസ്കരൻ പലപ്പോഴും ഞാനുള്ള സമയംനോക്കി വരും. ഭാസ്കരൻ ഏറെ സംസാരിക്കും, ഭാസ്കരന്റെ വീടിനെപ്പറ്റി, ഇപ്പോഴും അവിടെ അടുത്തുതന്നെ താമസിക്കുന്ന സഹോദരങ്ങളെപ്പറ്റി, തെരുവിൽ അന്തിയുറങ്ങുന്നതിന് വാടക കൊടുക്കുന്നതിനെപ്പറ്റി, സ്ഥിരമായി ജോലിചെയ്യിച്ച് കൂലി കൊടുക്കാത്ത ചില കച്ചവടക്കാരെപ്പറ്റി അങ്ങനെ പലതും.

പള്ളിയിൽ വരുന്ന എല്ലാ കൊച്ചച്ചന്മാരുമായി കൂട്ടുകൂടാൻ ഭാസ്കരൻ ശ്രമിക്കുമായിരുന്നു. ഞാനൊരിക്കൽ പറഞ്ഞു: ഭാസ്കരാ, എന്നെ അച്ചാ എന്നു വിളിച്ചാൽ പോരാ, എന്റെ പേര് ഓർത്തിരിക്കണം. എന്റെ പേര് മറന്നാൽ നമ്മൾ തമ്മിൽ കൂട്ടില്ല.



അടുത്ത അവധിക്ക് ചെന്നപ്പോൾ വിശുദ്ധ അന്തോണീസിന്റെ കുരിശടിയോടു ചേർന്നുള്ള ഡീൻ ബേക്കറിയിൽ വച്ച് ഭാസ്കരനെ കണ്ടു. അച്ചാ... ഉടനെ ഞാൻ ആരും കേൾക്കാതെ ഭാസ്കരനോടു ചോദിച്ചു: എന്റെ പേര്?

ഒരു ചെറുചിരിയോടെ ഭാസ്കരൻ എന്റെ പേര് പറഞ്ഞു.

എന്റെ പൗരോഹിത്യസ്വീകരണം മൂന്നാറിൽവച്ചായിരുന്നു. ഞാൻ ഭാസ്കരനോടു പറഞ്ഞു: എന്റെ പൗരോഹിത്യസ്വീകരണമാണ്.

ഹിന്ദുവായ, തെരുവിലെ ഭാസ്കരന് ഒന്നും മനസ്സിലായിട്ടുണ്ടാവില്ലെന്നു ഞാൻ കരുതി.

ഡിസംബർ 19–ാം തീയതിയാണ്. ദിവസം, അതും ഭാസ്കരന് ഒട്ടും നിശ്ചയമുണ്ടാവില്ലല്ലോ. ഭാസ്കരനെ എന്റെ പൗരോഹിത്യസ്വീകരണത്തിന് ക്ഷണിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ഞാൻ ക്ഷണിച്ചില്ല. അവൻ വന്നാലും പള്ളിക്കു വെളിയിൽ നില്ക്കേണ്ടിവരും. വല്ലതും കഴിക്കണമെങ്കിൽ 'സദ്യ' തീരുന്നതുവരെ ദൂരെ മാറി കാത്തുനില്ക്കേണ്ടിവരും.

വൈദികപട്ടം കിട്ടിയ അന്നു വൈകുന്നേരം ഏഴ് മണിയോടെയാണ് ഞാൻ വീട്ടിലേക്കു പോകാനായി മേടയിൽനിന്ന് ഇറങ്ങിവന്നത്. അപ്പോൾ എവിടെനിന്നാണെന്നറിയില്ല, ഭാസ്കരൻ പെട്ടെന്ന് മുന്നിൽ വന്നു. ഭാസ്കരൻ വിളിച്ചു, അച്ചാ...



ഞാൻ വീട്ടിലെത്താനുള്ള തിരക്കിലായിരുന്നു. പതിവുപോലെ ഭാസ്കരന് എന്തെങ്കിലും കൊടുക്കാമെന്നു കരുതി പോക്കറ്റിൽ കൈയിട്ടു. അതിനു മുൻപേ ഭാസ്കരൻ എന്തോ എന്റെ നേരെ നീട്ടി. ഞാൻ അതു വാങ്ങി. പഴയ ഒരു പത്തുരൂപാ നോട്ട്!

എന്റെ വൈദികപട്ടം നടന്നപ്പോൾ ഭാസ്കരൻ പള്ളിപരിസരത്ത് ഉണ്ടായിരുന്നിരിക്കണം. എനിക്ക് പലരും സമ്മാനം തരുന്നത് അവൻ കണ്ടിരുന്നിരിക്കണം. എനിക്കുള്ള അവന്റെ സമ്മാനവുമായി അവൻ കാത്തുനിന്നിട്ടുണ്ടാകണം. എന്റെ പൗരോഹിത്യസ്വീകരണ ദിവസം എനിക്കു കിട്ടിയ ആ സമ്മാനം ഒരു നിധികണക്കേ ഇന്നും ഞാൻ സൂക്ഷിക്കുന്നു. ഏകാന്തതയുടെയും തിരസ്കരണത്തിന്റെയും നിമിഷങ്ങളിൽ എനിക്ക് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കണിക്കാഴ്ചയാകാനുള്ള അമൂല്യനിധി!

രണ്ടു വർഷം കഴിഞ്ഞ് പഠനം തുടരാനായി ഞാൻ നാടുവിട്ടു. വണ്ടി കയറുന്നതിനുമുൻപ് ഞാൻ ഭാസ്കരനോട് യാത്രപറഞ്ഞിരുന്നു. അന്യദേശ

ത്തായിരുന്നപ്പോൾ പലപ്പോഴും ഭാസ്കരനെപ്പറ്റിയുള്ള ഓർമ്മകൾ മനസ്സിലേക്ക് കടന്നുവരുമായിരുന്നു. ആ ഓർമ്മകൾ സന്തോഷമായിരുന്നു, ആശ്വാസമായിരുന്നു. അന്നേ മനസ്സിൽ കരുതിയിരുന്നു, മൂന്നാറിൽ മടങ്ങിയെത്തിയാൽ ഭാസ്കരനെ കാണണം. മൂന്നുവർഷങ്ങൾക്കുശേഷമാണ് നാട്ടിൽ മടങ്ങിയെത്താനായത്.

ആഗ്രഹിച്ചിരുന്നതുപോലെ ഭാസ്കരനെ കണ്ടു. അതേ വിളി, അതേ സൗഹൃദം, അതേ സംസാരം. ഭാസ്കരന് ഒരു മാറ്റവുമില്ല, എന്നെ മറന്നിട്ടുമില്ല.

ഞാൻ ഭാസ്കരനോടു പറഞ്ഞു: ഞാനിപ്പോൾ റോമിലാണ്.

ഭാസ്കരൻ അത് വലിയ കാര്യമായി എടുത്തുകണ്ടില്ല.

ഞാൻ ഭാസ്കരനോട് വീണ്ടും പറഞ്ഞു: ഭാസ്കരാ, എന്റെ കൈയിൽ കാശുണ്ട്. ഭാസ്കരന് പൈസ വേണോ?

ഭാസ്കരൻ ചിരിച്ചുകൊണ്ടു പറഞ്ഞു: വേണ്ടച്ചാ.

ഞാൻ നിർബന്ധിച്ചു ചോദിച്ചു: ഭാസ്കരാ എന്റെ പക്കൽ ആവശ്യത്തിനു പൈസയുണ്ട്. എത്ര രൂപ വേണം.

ഭാസ്കരൻ വീണ്ടും ചിരിച്ചു, പോ അച്ചാ...

അവസാന ശ്രമമെന്ന നിലയിൽ ഞാൻ കൈയിൽ കരുതിയിരുന്ന ഒരു കെട്ട് നോട്ട് ഭാസ്കരനെ കാണിച്ചിട്ടു പറഞ്ഞു: ആവശ്യമുള്ളത് എടുത്തോ. എന്നിട്ടും ഭാസ്കരൻ പറഞ്ഞു: എനിക്ക് പത്തുരൂപ മതി.

പിന്നെയും നിർബന്ധിച്ചപ്പോൾ മുപ്പതു രൂപ മാത്രം വാങ്ങി ഭാസ്കരൻ പോയി. അന്ന് കൂടുതൽ പൈസ ആവശ്യമില്ലാത്തതിന്റെ കാരണവും ഭാസ്കരൻ പറഞ്ഞിരുന്നു. ആർക്കും മതിവരാത്ത ഈ ലോകത്തിൽ, എത്ര കിട്ടിയാലും ഇനിയും വേണമെന്നു പറയുന്ന ഞങ്ങളുടെ ഈ ലോകത്തിൽ, നീയൊരു അധികപ്പറ്റാണ്. ചുമ്മാതെയല്ല, ലോകം നിന്നെ ഭ്രാന്തൻ എന്നു വിളിക്കുന്നത്! ഭാസ്കരാ, അന്ന് നീയെന്നെ തൃപ്തനാക്കി. മതി എന്നു പറയാൻ പഠിപ്പിച്ചു. നീയെന്നെ പഠിപ്പിച്ച ആ പാഠം ഞാൻ ഒരിക്കലും മറന്നിട്ടില്ല. പിന്നീടൊരിക്കലും എന്റെ കീശ കാലിയായിട്ടില്ല. എന്റെ ആർത്തിയുടെ മൂശയിൽ നിറവേറ്റപ്പെടാത്ത ഒരാശയും ബാക്കിയില്ല. ആരോ പറഞ്ഞ ഭിക്ഷാപാത്രം എന്ന കഥയിൽ അതിശയോകതി ഒട്ടുമില്ലെന്നു തോന്നി.

ചക്രവർത്തി തന്റെ പ്രഭാതസവാരിക്കുവേണ്ടി കൊട്ടാരത്തിൽ നിന്ന് പുറത്തേക്കു വന്നപ്പോൾ ഒരു ഭിക്ഷക്കാരനെ കണ്ടുമുട്ടി. അദ്ദേഹം ഭിക്ഷക്കാരനോട് ചോദിച്ചു: നിനക്ക് എന്തുവേണം?

ഭിക്ഷുവിന് ചിരിവന്നു. അവൻ പറഞ്ഞു: എന്റെ ആഗ്രഹം സാധിച്ചുതരാൻ കഴിയും എന്ന ഭാവത്തിലാണല്ലോ നിങ്ങൾ ചോദിക്കുന്നത്?

രാജാവിന് കോപം വന്നു. അദ്ദേഹം പറഞ്ഞു: തീർച്ചയായും എനിക്കു നിന്റെ ഏതാഗ്രഹവും സാധിച്ചുതരാൻ കഴിയും. എന്താണത്, ഒന്നു പറഞ്ഞാൽ മാത്രം മതി.

ഭിക്ഷു പറഞ്ഞു: എന്തെങ്കിലും വാഗ്ദാനം ചെയ്യുന്നതിനുമുൻപ് രണ്ടു പ്രാവശ്യം ചിന്തിക്കണം.

ആ ഭിക്ഷു ഒരു സാധാരണ ഭിക്ഷക്കാരനായിരുന്നില്ല. രാജാവിന്റെ കഴിഞ്ഞ ജന്മത്തിലെ ഗുരുവായിരുന്നു. അദ്ദേഹം രാജാവിനോട് ഇങ്ങനെ വാഗ്ദാനം ചെയ്തിരുന്നു: നിന്റെ അടുത്ത ജന്മത്തിൽ ഞാൻ വന്ന് നിന്നെ ഉണർത്താൻ ശ്രമിക്കും. ഈ ജന്മത്ത് നീയത് പാഴാക്കി. എന്നാൽ ഞാൻ വീണ്ടും വരും.

രാജാവ് എല്ലാം മറന്നിരുന്നു.

രാജാവ് നിർബന്ധിച്ചു: നീ ചോദിക്കുന്നതെന്തും ഞാൻ സാധിച്ചുതരും. ഞാൻ ശകതനായ ചക്രവർത്തിയാണ്. എനിക്കു തരാൻ സാധിക്കാത്ത എന്താണ് നിനക്ക് ആഗ്രഹിക്കാൻ സാധിക്കുക.

ഭിക്ഷു പറഞ്ഞു: എന്റേത് വളരെ ചെറിയൊരു ആഗ്രഹമാണ്. അങ്ങ് ഈ ഭിക്ഷാപാത്രം കാണുന്നില്ലേ? എന്തെങ്കിലുംകൊണ്ട് ഇതൊന്ന് നിറച്ചുതരാമോ?

ചക്രവർത്തി പറഞ്ഞു: തീർച്ചയായും. തന്റെ സേവകന്മാരിലൊരാളോട് ആാപിച്ചു. ഈ മനുഷ്യന്റെ ഭിക്ഷാപാത്രം പണംകൊണ്ട് നിറയ്ക്കുക. സേവകൻ പണവുമായി വന്ന് ഭിക്ഷാപാത്രം നിറച്ചു. എന്നാൽ വളരെപെട്ടെന്ന് ആ പണം

അപ്രത്യക്ഷമായി. അവൻ വീണ്ടും വീണ്ടും കൂടുതൽ പണം പാത്രത്തിൽ നിറച്ചുകൊണ്ടിരുന്നു. എന്നാൽ അതെല്ലാം തത്ക്ഷണം അപ്രത്യക്ഷമായി. ഭിക്ഷുവിന്റെ ഭിക്ഷാപാത്രം ശൂന്യമായിത്തന്നെ തുടർന്നു.

കൊട്ടാരത്തിലെ സകലരും ഈ കാഴ്ചകാണാൻ അവിടെ വന്നുകൂടി. സാവധാനം വാർത്ത തലസ്ഥാന നഗരിയിലെങ്ങും പരന്നു. വലിയൊരു ജനക്കൂട്ടം അവിടെ എത്തിച്ചേർന്നു. ചക്രവർത്തി അപമാനിതനാകുന്ന അവസ്ഥയായി. അദ്ദേഹം പരിചാരകന്മാരോടു കല്പിച്ചു: എന്റെ സാമ്രാജ്യംതന്നെ നഷ്ടപ്പെട്ടാലും സാരമില്ല ഈ ഭിക്ഷക്കാരന്റെ മുന്നിൽ തോല്ക്കാൻ മനസ്സില്ല.

അദ്ദേഹത്തിന്റെ രാജ്യത്തെ മുത്തുകളും വൈരങ്ങളും സമ്പാദ്യങ്ങളെല്ലാംതന്നെ ശൂന്യമായിക്കൊണ്ടിരുന്നു. ഭിക്ഷാപാത്രത്തിന് അടിത്തട്ടില്ലാത്ത അവസ്ഥ. അതിൽ നിക്ഷേപിക്കുന്നതെല്ലാം ക്ഷണനേരംകൊണ്ട് അപ്രത്യക്ഷമാകുന്നു. സായാമായി, ജനങ്ങളെല്ലാം നിശ്ശബ്ദരായി ഈ കാഴ്ച കണ്ടുകൊണ്ടു നില്ക്കുന്നു. ചക്രവർത്തി ഭിക്ഷുവിന്റെ കാല്ക്കൽവീണ് തോൽവി സമ്മതിച്ചു. അദ്ദേഹം പറഞ്ഞു:

അങ്ങ് വിജയിച്ചിരിക്കുന്നു. പോകുന്നതിനുമുമ്പ് എന്നോട് ഒരു കാര്യം മാത്രം പറയണം, എന്റെ ജിജ്ഞാസയ്ക്ക് ഉത്തരം നല്കണം. ഈ ഭിക്ഷാപാത്രം എന്തുകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്?

ഭിക്ഷു ചിരിച്ചുകൊണ്ടു പറഞ്ഞു: അത് മനുഷ്യന്റെ മനസ്സാണ്. ഒരു രഹസ്യവുമില്ല, മനുഷ്യന്റെ ആഗ്രഹംകൊണ്ടാണ് ഭിക്ഷാപാത്രം നിർമ്മിച്ചിരിക്കുന്നത്.

പഠനം പൂർത്തിയാക്കാൻ ഞാൻ വീണ്ടും വിദേശത്തേക്കു മടങ്ങിപ്പോയി. ഡോക്ടറൽ ബിരുദം നേടാനുള്ള പ്രബന്ധം തയ്യാറാക്കി സമർപ്പിച്ചു. പതിവുള്ളൊരു അനുഷ്ഠാനം ഞാനും നിറവേറ്റി, എഴുതിയ പ്രബന്ധം പ്രിയപ്പെട്ട ആർക്കെങ്കിലും സമർപ്പിക്കൽ – മാതാപിതാക്കൾക്ക്, ഗുരുഭൂതർക്ക്, സുഹൃത്തുക്കൾക്ക്, ഇടവകയ്ക്ക്... ഞാനും സമർപ്പണം നടത്തി – 'ഭാസ്കരനും ഭാസ്കരന്റെ കൂട്ടുകാർക്കും.' അങ്ങനെ എഴുതിയപ്പോൾ വലിയ സന്തോഷവും അഭിമാനവും തോന്നി.

പഠനം കഴിഞ്ഞ് നാട്ടിലെത്തി, പതിവുപോലെ ഭാസ്കരനെ കണ്ടു. ആദ്യം പറഞ്ഞത് ഞാൻ വലിയ പഠിത്തക്കാരനായെന്നും പ്രബന്ധം എഴുതിയെന്നും പ്രബന്ധത്തിൽ ഭാസ്കരന്റെ പേര് എഴുതിയിട്ടുണ്ടെന്നുമാണ്. ഭാസ്കരൻ ഒരു ഭാവമാറ്റവുമില്ലാതെ, പതിവുചിരിയോടെ എല്ലാം കേട്ടുനിന്നു. ഞാൻ അസ്വസ്ഥതയോടെ തിരക്കി:

ഭാസ്കരനു സന്തോഷമില്ലേ?

ഭാസ്കരൻ പറഞ്ഞു: എന്തു സന്തോഷം! എനിക്ക് എപ്പോഴും സന്തോഷം.

എന്റെ പഠനത്തിന്റെ ശുഷ്കമായ ഭാണ്ഡക്കെട്ട് ഭാസ്കരന്റെ വെറുമൊരു ചിരിയിൽ ഒലിച്ചുപോകുന്നത് ഞാൻ വെറുതെ നോക്കിനിന്നു. അതിലുപരി, ഞാൻ ഈതിവീർപ്പിച്ച ഔദാര്യത്തിന്റെയും അനുകമ്പയുടെയും വലിയ സൗധം ഒരു നീർക്കുമിളപോലെ പൊട്ടിപ്പോകുന്നതും നിസ്സഹായനായി കണ്ടുനിന്നു.

പിന്നീടൊരിക്കൽ എന്റെ അതിഥിയായി ജർമ്മനിയിൽനിന്നുള്ള ഒരു വല്യമ്മ നാട്ടിലെത്തി. അവർക്ക് എഴുപതിനോടടുത്ത് പ്രായംവരും. സാമാന്യം നല്ല വണ്ണവുമുണ്ടായിരുന്നു. നാടുകാണിച്ചു നടക്കുന്നവഴിയിൽ മൂന്നാറിലുമെത്തി. പള്ളിമേടയിലാണ് താമസം. ഒരു ദിവസം ഭാസ്കരൻ പള്ളിമേടയിലെത്തിയപ്പോൾ ഞാനും അവരുമായി സംസാരിച്ചിരിക്കുന്നു. ഭാസ്കരൻ ഞങ്ങളെ കണ്ടപാടേ എന്നോടു ചോദിച്ചു:

എവിടെനിന്നു കിട്ടി ഈ സാധനത്തിനെ?

ഞാൻ അന്തംവിട്ടുനിന്നു. ഭാസ്കരനോട് വല്ലാത്ത ദേഷ്യംതോന്നി. ഭാസ്കരൻ ചോദിച്ചിരുന്ന ചോദ്യങ്ങൾക്ക് എനിക്ക് പലപ്പോഴും ഉത്തരങ്ങളില്ലായിരുന്നു. ഭാസ്കരൻ ഉത്തരങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല എന്നതാണ് സത്യം. ഭാസ്കരന്റെ ചോദ്യങ്ങൾ സത്യങ്ങളായിരുന്നു. ഞാൻ സംസ്കാരത്തിന്റെയും മര്യാദയുടെയും പേരിൽ, ഭയത്തിന്റെയും സ്നേഹത്തിന്റെയും സ്ഥിരബുദ്ധിയുടെയും പേരിൽ മറച്ചുവയ്ക്കുന്ന, ചോദിക്കാൻ മടിക്കുന്ന സത്യങ്ങൾ! നേരിന്റെ സ്ഥാനത്ത് നുണ തിരുകിക്കയറ്റി ചോദ്യങ്ങൾ ചോദിക്കാനേ എനിക്കാവൂ. ഉള്ള ചോദ്യങ്ങൾ നേരേ ചോദിക്കാൻ എനിക്കും എന്റെ വർഗത്തിനും ചങ്കൂറ്റം പോരാ.

കഥകളുടെ പ്രവാചകൻ നിദ്രാടകർ എന്ന കഥയിലൂടെ പറഞ്ഞത് എത്ര സത്യമാണ്!

'ഞാൻ ജനിച്ച പട്ടണത്തിൽ രണ്ട് സ്ത്രീകൾ ജീവിച്ചിരുന്നു, ഒരമ്മയും മകളും.

രണ്ടുപേരും ഉറക്കത്തിൽ നടക്കുന്നവരായിരുന്നു.

ഒരു രാത്രിയിൽ നിശ്ശബ്ദത ഭൂമിയെ മൂടിയിരുന്നപ്പോൾ ഈ രണ്ടു സ്ത്രീകൾ ഉറക്കത്തിൽ നടന്ന് അവരുടെ പൂന്തോട്ടത്തിൽ പരസ്പരം കണ്ടുമുട്ടു.

അമ്മ സംസാരിച്ചു. അവർ പറഞ്ഞു: അവസാനം അവസാനം ഇതാ എന്റെ ശത്രു. എന്റെ യുവത്വം നശിപ്പിച്ചവൾ! എന്റെ നാശാവശിഷ്ടങ്ങളുടെമേൽ സ്വന്തം ജീവിതം പടുത്തുയർത്തിയവൾ! എനിക്കു നിന്നെ കൊല്ലാൻ കഴിഞ്ഞെങ്കിൽ!

മകൾ സംസാരിച്ചു, അവൾ പറഞ്ഞു: നികൃഷ്ടയായ സ്ത്രീയേ, സ്വാർത്ഥമതിയായ കിളവീ, നീ എനിക്കും സ്വാതന്ത്ര്യത്തിനുമിടയ്ക്ക് തടസ്സം നില്ക്കുന്നു! എന്റെ ജീവിതം നിന്റെ നിറം മങ്ങിയ ജീവിതത്തിന്റെ പ്രതിധ്വനിയായിരിക്കണം എന്നാഗ്രഹിക്കുന്നവളേ, നീയൊന്ന് ചത്തുപോയിരുന്നെങ്കിൽ!

ആ നിമിഷം ഒരു പൂവൻകോഴി കൂവി. രണ്ടുപേരും ഉറക്കത്തിൽനിന്നുണർന്നു.

അമ്മ ഇമ്പമായി മൊഴിഞ്ഞു:

ഓ നീയാണോ, എന്റെ പൊന്നുമോളേ!

മകൾ സൗമ്യതയോടെ മറുപടിയോതി:

അതേ പ്രിയ അമ്മേ'

(Kahlil Gibran, "The Sleep Walkers', The Mad man)

എന്റെ ഓർമ്മകളിൽ എന്നും മൂന്നാർ നിറഞ്ഞുനില്ക്കുന്നു. അതിൽ ഏറിയപങ്കും ഭാസ്കരനെക്കുറിച്ചുള്ള ഓർമ്മകളാണ്. ഭാസ്കരൻ പഠിപ്പിച്ച പാഠങ്ങളുടെ അസ്വസ്ഥതകളാണ്. മൂന്നാറിലെത്തിയാൽ ആദ്യം ശ്രമിക്കുന്നത് ഭാസ്കരനെ കാണാനാണ്. പള്ളിയിൽ ജോലിചെയ്യാറുള്ള യേശുദാസിനോട് ഭാസ്കരനെ കണ്ടുപിടിച്ച് വിളിച്ചുകൊണ്ടുവരാൻ പറയും. ഇപ്പോൾ ഭാസ്കരനെ കണ്ടിട്ട് രണ്ടുവർഷം കഴിയുന്നു. ഒരിക്കൽ മൂന്നാറിലെത്തിയപ്പോൾ ഞാൻ യേശുദാസിനെ തിരക്കി. കുറച്ചുനാൾ രോഗിയായി കിടന്നിരുന്ന ആ സാധു മനുഷ്യൻ രോഗം മൂർച്ഛിച്ച് മരിച്ചുപോയെന്നറിഞ്ഞു. അങ്ങനെ ഭാസ്കരനുമായുള്ള എന്റെ കണ്ണി വിച്ഛേദിക്കപ്പെട്ടു. ഇന്നും എന്റെ പ്രാർത്ഥന ഇതാണ്, ഞാൻ മൂന്നാറിൽ ചെല്ലുന്ന കാലത്തോളം ഭാസ്കരൻ മൂന്നാറിൽ ഉണ്ടാകണം, ഭാസ്കരന് എന്നെ തിരിച്ചറിയാനാകണം, അവന്റെ അച്ചാ എന്ന വിളികേൾക്കണം. ആരും ശ്രദ്ധിക്കാതെ കുറച്ചുനേരം സംസാരിച്ചിരിക്കണം.

ഭാസ്കരാ, നീ എന്നോടു ചോദിച്ച ചോദ്യങ്ങൾ മുഴുവനും ഇവിടെ കുറിച്ചുവയ്ക്കണമെന്നുണ്ട്. പക്ഷേ, എനിക്കതിന് ധൈര്യം പോരാ. നീ പറഞ്ഞുതന്ന സത്യത്തിന്റെ പാഠങ്ങൾ എന്നിലെ വിശ്വാസത്തിന്റെ പൊള്ളത്തരങ്ങളെയും സമർപ്പണത്തിന്റെ കാപട്യങ്ങളെയും പൗരോഹിത്യത്തിന്റെ ഇടർച്ചകളെയും വെല്ലുവിളിക്കുന്നു. ഒരിക്കൽ എനിക്കു നിന്റെ കഥയെഴുതണം. പക്ഷേ, അതു വായിച്ച് നിന്നെ പുകഴ്ത്താനായി എന്റെ കൂട്ടുകാർ നിന്നെത്തേടിവരുമ്പോൾ നീ ഉണ്ടാവരുത്. അതുവായിച്ച് എന്നെ വിധിക്കാനായി നിന്റെ കൂട്ടുകാർ എന്നെത്തേടിവരുമ്പോൾ ഞാനും ഉണ്ടാവരുത്.

എങ്കിലും...

ഭാസ്കരാ, ഇന്നും നീ തന്നെയാണ് എന്റെ best friend.

(മൂന്നാറിലെ ഭാസ്കരനും

അമേരിക്കയിലെ ബെഞ്ചമിൻ ഫ്രാങ്ക്ളിനും എന്ന ഗ്രന്ഥത്തിൽനിന്നും)

Best wishes from Maximunnar Pvt. Ltd.

Tourism Projects of Munnar Service Co-Operative Bank Ltd. No. I-209

Maxi Spices Outlet

A Munnar Service Co Operative Bank Venture

Very first Semi Government sector venture in Kerala

Specialities

- Home made chocolates (chrispy)
- Dry fruits
- Spices
- Amla Honey (शहद आंवला, തേൻ നെല്ലിക്ക)
- Thalayar Tea (Very famous for Milk Tea)
- Kolukkumala Tea (Too good for Black Tea)
- Wild Honey | Passion Fruit Squash
- Vegetable Pickles (Garlic, Carrot, Lime & Beetroot - all cultivating from Munnar periphery)

Special Discount to Inmates

All first quality products with international standard of packing goods are available at **Maxi Spices Outlet**

T&U LEISURE HOTEL

Owned by The Munnar Service Co. Operative Bank Ltd. No. I. 209

Just near by **Rose Garden**, Mattupetty Road, Munnar



Hydel Park, Aluva to Munnar Road
Near KSRTC, Moolakadai, Munnar, Kerala - 685 612
Mob. : 9447192336 | 9447385890 | 9496017669



രാജ്യാന്തര ശ്രദ്ധ നേടിയ പൊമ്പിള പോരാട്ടം

തോട്ടം തൊളിലാളികളുടെ രകതം വീണ മണ്ണാണിത്. രണ്ടു തോട്ടം തൊഴിലാളികൾ പോലീസിൻെറ വെടിയേറ്റ് മരണം വരിച്ച മണ്ണ്. മൂന്നാറിൻെറ ഒരു നൂറ്റാണ്ടിൻെറ ചരിത്രം പറയുമ്പോൾ 1958ലെ ഗൂഡാർവിള വെടിവെയ്പും ഉപതിരഞ്ഞെടുപ്പും ട്രേഡ് യൂണിയെൻറ രൂപീകരണവും പറയാതെ വയ്യ.



ഡോ. അഷിത

തിരുവിതാംകൂറിൽ ട്രേഡ് യൂണിയൻ ആരംഭിച്ചതിനൊപ്പം തേയില തോട്ടം മേഖലയിലും യൂണിയൻ രൂപീകരിക്കപ്പെട്ടിരുന്നു. തിരുവിതാംകൂർ കോൺഗ്രസിൻെറ നേതൃത്വത്തിൽ ഹൈറേഞ്ച് വർക്കേഴ്സ് യൂനിയൻ എന്ന പേരിലായിരുന്നു കെ വി മാത്യുവിൻെറ നേതൃത്വത്തിൽ 1946ൽ യൂണിയൻ നിലവിൽ വന്നത്. എന്നാൽ അതൊരു സമര സംഘടനയായിരുന്നില്ല. മൂന്നാർ, പീരുമേട് എന്നിവിടങ്ങളിലെ തമിഴ് തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങളിൽ യൂണിയൻ ഇടപെടുന്നില്ലെന്ന ആക്ഷേപം ഉയർന്നതിനെ തുടർന്നാണ് മൂന്നാറിലെ ചിലർ വി.സുബ്ബയ്യാ നാടാരുടെ നേതൃത്വത്തിൽ തമിഴ്നാടിലെ മുതിർന്ന കോൺഗ്രസ് നേതാക്കളായ കെ. കാമരാജ്, ജി. രാമാനുജം തുടങ്ങിയവരെ നേരിൽക്കണ്ട് തോട്ടം മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിച്ചത്. കാര്യങ്ങൾ നേരിട്ട് മനസിലാക്കാൻ 1948 ഫെബ്രുവരിയിൽ അവർ മൂന്നാറിലെത്തി. ഒപ്പം ഐ.എൻ.ടി.യു.സി ദേശീയ നേതാവ് ഖണ്ഡുഭായ് ദേശായിയും ഉണ്ടായിരുന്നു.(ഇദേഹം പിന്നിട് കേന്ദ്ര തൊഴിൽ മന്ത്രിയായി) ഇതിൻറ തുടർച്ചയാണ് 1948 മാർച്ച് 30 ന് മൂന്നാറിൽ സൗത്ത് ഇന്ത്യൻ പ്ലാൻേറഷൻ വർക്കേഴ്സ് യൂണിയൻ രൂപീകരിക്കുന്നത്. അന്നത്തെ മദിരാശി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത യൂനിയന് നേതൃത്വം നൽകിയത് വി. സുബ്ബയ്യനാടാർ, എം.രാമയ്യ, ശർമ്മ സ്വാമി തുടങ്ങിയവരായിരുന്നു. ജ്ഞാനമണി, ഗുരുസ്വാമി, ശങ്കിലി വൈസ് പ്രസിഡൻറ്മാരും പത്മനാഥൻ ജനറൽ സെക്രട്ടറിയും മുത്തയ്യ വാഗുവര ട്രഷററുമായിരുന്നു. പക്ഷെ, മറ്റൊരു സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത യൂണിയന് തിരുവിതാംകൂർ പ്രവർത്തനാനുമതി നിഷേധിച്ചു.



റോസമ്മ

പിന്നിടാണ് ഐ.എൻ.ടി.യു.സി മധുര ജില്ലാ ഓർഗനൈസിങ് സെക്രട്ടറി ആർ. കുപ്പുസ്വാമിയെ മൂന്നാറിലേക്ക് അയയ്ക്കുന്നത്. ഇതിനിടെ 1947 ഒക്ടോബർ 23 ന് മൂന്നാർ ആസ്ഥാനമായി തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ് രൂപീകരിച്ചിരുന്നു. കുപ്പുസ്വാമിയുടെ വരവോടെ മൂന്നാറിൻെറ രാഷ്ട്രീയം മാറി. ഇതേ സമയത്തുതന്നെയാണ് ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ എന്ന ആവശ്യം ഉയർന്നത്. ദേവികുളം–പീരുമേട് പ്രദേശങ്ങൾ തമിഴ്നാടിൽ ചേർക്കണമെന്ന വാദം ശകതമായി.



കുപ്പുസ്വാമി

1952 ലെ തിരു– കൊച്ചി തെരഞ്ഞെടുപ്പിൽ സ്വന്തം സ്ഥാനാർഥികളെ ടിടിഎൻസി രംഗത്തിറക്കിയിരുന്നു.. സംസ്ഥാന പുനരേകീകരണ കമീഷൻ റിപ്പോർട്ട് വരുന്നതുവരെ സമരം തുടർന്നു. ദേവികുളവും പീരുമേടും കേരളത്തിൻറ ഭാഗമായി തുടർന്നു. കുപ്പുസ്വാമിയുടെ നേതൃത്വത്തിൽ തമിഴ്വാദം ശകതമാകുമ്പോൾ അതിനെ നേരിട്ടത് മൂന്നാറിൽ ജനിച്ചുവളർന്ന എൻ. ഗണപതിയുടെ നേതൃത്വത്തിലായിരുന്നു. 1952 ൽ 25 ാം വയസിൽ തിരു–കൊച്ചി നിയമസഭയിലേക്ക് ദേവികുളത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ട ഗണപതി ട്രേഡ് യൂണിയൻ രംഗത്തായിരുന്നില്ല, രാഷ്ട്രീയത്തിലാണ് ശ്രദ്ധിച്ചത്. അദേഹം പല തവണ എംഎൽഎയായി. 1977ൽ കോൺഗ്രസ് വിട്ട് കേരള കോൺഗ്രസിൽ ചേർന്നു.



ഗണപതി

സംസ്ഥാന രൂപീകരണതിന് ശേഷമാണ് മൂന്നാറിൽ പുതിയൊരു യൂണിയൻ വരുന്നത്. സുബ്ബയ്യാ നാടാർ തന്നെയാണ് ഇതിന് കാരണക്കാരനായത്. അദേഹം മധുരയിൽ മുതിർന്ന കമ്യൂണിസ്റ്റ് നേതാവ് പി.രാമമൂർത്തിയെ കണ്ട് മൂന്നാറിലെ പ്രശ്നങ്ങൾ അവതരിപ്പിച്ചതിനെ തുടർന്നാണ് ഉത്തമപാളയത്ത് നിന്നും എസ്.ടി.സുബ്ബയ്യ വാദ്ധ്യാരെ മൂന്നാറിലേക്ക് അയക്കുന്നത്. റോസമ്മ പുന്നുസിനെയും ചുമതലപ്പെടുത്തി. ഇവർ മൂന്നു പേരും നല്ലതണ്ണിയിൽ താമസിച്ചാ

ണ് എഐ.ടി.യു.സി നേതൃത്വത്തിൽ 1957ൽ ദേവികുളം എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ രൂപീകരിക്കുന്നത്. എം ചെല്ലയ്യ പ്രസിഡൻറും റോസമ്മ പുന്നൂസ് ജനറൽ സെക്രട്ടറിയുമായിരുന്നു. മൊക്കസാമി, കണ്ണൻ ദേവൻ കമ്പനിയില സ്റ്റാഫായിരുന്ന പി സ്റ്റാൻലി,ാനരാജ്,അച്യുതൻ നായർ (മണി) മുണ്ടമറ്റം, എസ്.പി.വേലു എന്നിവരായിരുന്നു മറ്റു ഭാരവാഹികൾ.

1957ലെ ഐക്യകേരളത്തിലെ ആദ്യ തിരഞ്ഞെടുപ്പിൽ ദേവികുളം ദ്വയാംഗ മണ്ഡലമായിരുന്നു. ഒരാൾ പട്ടികജാതി വിഭാഗത്തിൽനിന്നും മറ്റൊരാൾ ജനറൽ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടും. അന്ന് റോസമ്മ പുന്നൂസും എൻ ഗണപതിയുമാണ് വിജയിച്ചത്.



സി.എ കുര്യൻ

കോൺഗ്രസിലെ ജനറൽ വിഭാഗം സ്ഥാനാർഥി ബി കെ നയാരുടെ പത്രിക തള്ളിപോയതിനെ എതിരെ അദേഹം നൽകിയ കേസിൽ ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നു. കേരളത്തിലെ ആദ്യ ഉപതിരഞ്ഞെടുപ്പ്. രാജ്യത്തെ പ്രമുഖ നേതാക്കളൊക്കെ പ്രചരണത്തിന് എത്തി. ഇന്ദിരാഗാന്ധിയും എത്തി. ഇളയരാജയും സഹോദരനും അന്ന് മൂന്നാറിലുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വേണ്ടി പാട്ട് പാടിയിരുന്നത് ഇവരാണ്. റോസമ്മ വീണ്ടും വിജയിച്ചു.



നേശമ്മാൾ

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിളർപ്പിനെ തുടർന്നാണ് ദേവികുളം എസ്റ്റേറ്റ് എംപ്ലോയിസ് യൂണിയൻ രൂപികരിക്കുന്നത്. 1968ലാണ് യൂണിയൻ രൂപീകരണം. 1965ൽ ദേവികുളത്ത് നിന്നും നിയമസഭയിലേക്ക് വിജയിച്ച (ആർക്കും ഭൂരിപക്ഷം ഇല്ലാതിരുന്നതിനാൽ നിയമസഭാ ചേരാതെ പിരിച്ചു വിട്ടു. അതിനാൽ ആരും സത്യപ്രത ചെയ്തില്ല.) ജി. വരദൻ പ്രസിഡൻറും ജോസഫ് ചാവേലി ജനറൽ സെക്രട്ടറിയുമായിരുന്നു. എസ്.സുബൈമാണിക്കം (സുന്ദരമാണിക്കം) വൈസ് പ്രസിഡൻറായിരുന്നു. ആർ.മാണിക്കം, അഡ്വ. വി.എസ്.കോശി, എസ്. പാൽരാജ്, പി.എൻ.മനോഹരൻ എന്നിവരായിരുന്നു കമ്മിറ്റിയിൽ.



വരദൻ

മൂന്നാറിലെ സമരങ്ങൾ



1952ലാണ് കണ്ണൻ ദേവൻ കമ്പനിയിൽ ആദ്യമായി ബോണസ് സമരം നടന്നത്. ലാഭമില്ലാത്തിനാൽ ബോണസില്ലെന്ന് മാനേജ്മെൻറ് അറിയിച്ചതിനെ തുടർന്നായിരുന്നു സമരം. 13 ദിവസം സമരം നീണ്ടു. പണിമുടക്കിയ ദിവസങ്ങളിലെ ശമ്പളവും 8.25 ശതമാനം ബോണസും 500 രൂപ അഡ്വാൻസും വാങ്ങിയാണ് സമരം അവസാനിച്ചത്. ലേബർ കോടതിയിലാണ് അന്നു തീരുമാനമുണ്ടായത്. 1958 ഒക്ടോബറിൽ നടന്ന തൊഴിൽ സമരത്തിലാണ് രണ്ടു തൊഴിലാളികൾ രകതസാക്ഷികളായത്. വിവിധ ആവശ്യങ്ങളുന്നയിച്ച് 1958 ഒക്ടോബറിൽ ഒന്നിച്ച് പണിമുടക്കാൻ ഐ.എൻ.ടി.യു.സിയും എ.ഐ.ടി.യു.സിയും തീരുമാനിച്ചെങ്കിലും ചില ആവശ്യങ്ങൾ അംഗീകരിക്കുകയും മറ്റുള്ളവ ലേബർ കോടതിയുടെ പരിഗണനക്ക് വിടുകയും ചെയ്തതോടെ ഐ.എൻ.ടി.യു.സി പിന്മാറി. എങ്കിലും എ.ഐ.ടി.യു.സി സമരത്തിനിറങ്ങി. പലയിടത്തും യൂനിയൻ പ്രവർത്തകർ ഏറ്റുമുട്ടി. സമരം അടിച്ചമർത്താൻ പൊലീസും മാനേജ്മെൻറും. അത് വെടിവെയ്പിൽ കലാശിച്ചു.1958 ഒക്ടോബർ 20 ന് ഗൂഡാർവിളയിൽ ഹസൻ റാവുത്തറും പാപ്പമ്മാളും പൊലീസ് വെടിവെപ്പിൽ മരിച്ചു. കമ്മ്യൂണിസ്റ്റ് ഭരണത്തിലായിരുന്നു ഐഎടിയുസി തൊഴിലാളികൾ കൊല്ലപ്പെട്ടത്.



സുന്ദരമാണിക്കം

അന്നത്തെ എം.എൽ.എ റോസമ്മ പുന്നൂസും ചെല്ലയ്യയും നിരാഹാര സമരവും നടത്തിയിരുന്നു.

1968 നവംബറിൽ 19 ദിവസത്തെ പണിമുടക്ക് നടന്നത് മിനിമം വേജസ് എന്ന ആവശ്യം ഉന്നയിച്ചാണ്. സിഐടിയു നേതൃത്വത്തിൽ നടന്ന സമരത്തിൽ പങ്കെടുത്ത നിരവധി തൊഴിലാളികളെ പിരിച്ചുവിട്ടു.

1974ൽ അഞ്ചു ദിവസം സമരം നടന്നു. എങ്കിലും മൂന്നാറിൻെറ ചരിത്രത്തിൽ രേഖപ്പെടുത്തുക



എ.കെ മണി



മുനിയാണ്ടി

സ്ത്രീ സമരമായിരിക്കും. 2015ലെ ബോണസ് തർക്കവുമായി ബന്ധപ്പെട്ടായിരുന്നു സ്ത്രീ സമരത്തിന്റെ തുടക്കം. കമ്പനി പ്രഖ്യാപിച്ച 10ശതമാനം ബോണസ് പോരെന്നും 20ശതമാനം വേണമെന്നും ആവശ്യപ്പെട്ടാണ് ആയിരക്കണക്കിന് സ്ത്രീ തോട്ടം തൊഴിലാളികൾ തെരുവിലിറങ്ങിയത്. സെപ്തംബർ ഏഴു മുതൽ ഒമ്പത് വരെ അവർ മൂന്നാർ ടൗണിനെ നിശ്ചലമാക്കി. റോഡുകൾ ഉപരോധിച്ചു. എസ്റ്റേറ്റുകളുടെയും ഫാക്ടറികളുടെയും പ്രവർത്തനം നിലച്ചു. സംസ്ഥാനത്തെ സ്ത്രീ വിമോചന പ്രവർത്തകർ ഐക്യദാർഢ്യവുമായി മൂന്നാറിലേക്ക് ഒഴുകി എത്തി. ബോണസും എക്സേഗ്രഷ്യയും മടക്കം 20ശതമാനം വാങ്ങിയാണ് സമരം അവസാനിപ്പിച്ചത്. ആരാണ് ഈ സമരം ഇത്ര സംഘടിതമായി ആസൂത്രണം ചെയ്തതെന്നോ ആരാണ് നയിച്ചതെന്നോ ഇന്നും അജ്ഞാതം. സമരത്തിന് പൊമ്പിളൈ ഒരുമ എന്ന് പേരിട്ടത് മാധ്യമങ്ങൾ. ലിസി, ഗോമതി, ഇന്ദ്രാണി എന്നിവരെ വക്താക്കളായി അവതരിപ്പിച്ചതും മാധ്യമങ്ങൾ. എന്നാൽ, ഇവർക്ക് സ്ത്രീ തൊഴിലാളികളിൽ എത്രത്തോളം സ്വാധീനമുണ്ടായിരുന്നുവെന്നത് സംബന്ധിച്ച് തർക്കമുണ്ട്. തൊട്ടടുത്ത പഞ്ചായത്ത് തിരിഞ്ഞെടുപ്പിലും പൊമ്പിളൈ ഒരുമ ശക്തി തെളിയിച്ചു. എന്നാൽ, പതുക്കെ വിസ്മൃതിയിലായി. പിന്നിട് പ്രഖ്യാപിച്ച സമരങ്ങൾക്ക് കാര്യമായ പിന്തുണ കിട്ടിയില്ല. എങ്കിലും സ്ത്രീ സമരത്തെ കുറിച്ച് പഠിക്കാൻ ഇന്നും അതിർത്തി കടന്ന് ഗവേഷകർ എത്തുന്നു.

തോട്ടം തൊഴിലാളികൾക്കിടയിൽ സ്ത്രി തൊഴിലാളികൾക്ക് മുൻതൂക്കമുണ്ടെങ്കിലും ട്രേഡ് യൂണിയൻ നേതൃത്വത്തിലേക്ക് സ്ത്രികൾ കടന്നു വരാത്തത് എന്തുകൊണ്ടായിരിക്കും? മൂന്നാറിലെ തോട്ടം തൊഴിലാളികൾക്കിടിയിൽ വേറെയും യുണിയനുകൾ രൂപീകരിക്കപ്പെട്ടുവെങ്കിലും അംഗീകാരം നേടുന്നതിൽ അവരൊക്കെ പരാജയപ്പെട്ടു.

ദേവികുളം എസ്റ്റേറ്റ് എംപ്ലോയിസ് യൂണിയന് എം വൈ ഔസേഫും പി.പളനിവേലും നേതൃത്വം നൽകുന്നു. മുൻ എം എൽ എ എ കെ മണി പ്രസിഡൻറും ജി.മുനിയാണ്ടി ജനറൽ സെക്രട്ടറിയുമായി സൗത്ത് ഇൻഡ്യൻ പ്ലാൻേറഷൻ വർക്കേഴ്സ് യുണിയനും കെ വി ശശി പ്രസിഡൻറും വി ഒ ഷാജി ജനറൽ സെക്രട്ടറിയുമായി ദേവികുളം എസ്റ്റേറ്റ് എംപ്ലോയിസ് യൂണിയനും പ്രവർത്തിക്കുന്നു. ഈ മൂന്ന് യുണിയനുകൾക്കാണ് അംഗീകാരം.

നിയമസഭാ ഡപ്യൂട്ടി സ്പീക്കറായിരുന്ന സി എ കുര്യൻ, എം മുത്തുസ്വാമി, മുൻ എം എൽ എമാരായ എൻ ഗണപതി, കിട്ടപ്പ നാരായണ സ്വാമി എനിവർക്ക് പുറമെ നേശമ്മാൾ ഗണപതി, സിറിൽ ഫ്രാൻസിസ്, വേലായുധം എന്നിവരും തോട്ടം തൊഴിലാളി നേതാക്കളായിരുന്നു. മുൻ എം എൽ എ എസ് രാജേന്ദ്രൻ, കേരള വെയർ ഹൗസിംഗ് കോർപ്പറേഷൻ ചെയർമാൻ പി. മുത്തുപാണ്ടി തുടങ്ങിയ നേതാക്കളും ഈ മേഖലയിൽ നിന്നുള്ളവർ. സിപിഎം നേതാവായിരുന്ന മൂന്നാറിന്റെ ജനകീയ മുഖമായിരുന്ന വി.ഇ. അബ്ദുൾഖാദർ എന്ന ഇക്ക, എം പോത്തിരാജ്, സി ഐ.കുമാർ, അഡ്വ കെ എം തോമസ്, പീറ്റാ മുത്തയ്യ, ജി. വൈകുണ്ഠം തുടങ്ങിയവരെയും വിസ്മരിക്കാനാകില്ല. എം. സുന്ദരം, മുരുകേശൻ എന്നിവരും ദേവികുളത്ത് നിന്നുള്ള എം.എൽ. എമാർ ആയിരുന്നു.

സ്റ്റാഫ് യൂണിയൻ രൂപീകരണവും മൂന്നാറിലെ ട്രേഡ് യൂണിയൻ ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഹൈറേഞ്ച് എസ്റ്റേറ്റ് സ്റ്റാഫ് അസോസിയേഷനാണ് പിന്നിട് എസ്റ്റേറ്റ് സ്റ്റാഫ് യൂണിയൻ ഓഫ് സൗത്ത് ഇൻഡ്യയുടെ ബ്രാഞ്ചായി മാറുന്നത്. 1947 ഒക്ടാബറിൽ നടന്ന വാർഷിക ജനറൽ ബോഡി യോഗത്തിൽ സ്റ്റാഫ് യൂണിയൻ നേതാക്കൾ എത്തിയെങ്കിലും കാര്യമായ ചലനമുണ്ടായില്ല. ഇതേ തുടർന്ന് പ്രസിഡൻറ് ഡോ.പി.എച്ച് ഡാനിയൽ ഡിസംബറിൽ മൂന്നാറിലെത്തി യോഗം വിളിച്ചു. സ്കൂളിലായിരുന്നു യോഗം. എന്നാൽ, സ്റ്റാഫ് അസോസിയേഷൻറ ഇടപ്പെടൽ മൂലം യോഗം തടസപ്പെട്ടു. തുടർന്ന് റോഡിൽ യോഗം ചേർന്ന് സ്കൂൾ ഹെഡ്മാസ്റ്ററായ എ. ആൻറണി പ്രസിഡൻറായി കമ്മിറ്റി രൂപികരിച്ചു. ആൻറണിയെ പിരിച്ചു വിട്ടുകൊണ്ടാണ്



കെ.വി ശശി



വി.ഒ ഷാജി



എ. രാജ MLA



മുത്തുപാണ്ടി




ഭവ്യ

കമ്പനി പ്രതികരിച്ചത്. ആർ വെങ്കിട്ടരാമൻ അടക്കമുള്ളവർ ഇടപ്പെട്ടതിനെ തുടർന്ന് പിരിച്ചു വിടൽ റദ്ദാക്കി. വൈകാതെ അസോസിയേഷൻ അംഗങ്ങൾ സ്റ്റാഫ് യൂണിയനിൽ അംഗത്വമെടുത്തു. വർഷങ്ങൾക്ക്ശേഷം സ്റ്റാഫ് ജീവനക്കാർക്കായി എഐടിയുസി നേതൃത്വത്തിൽ മറ്റൊരു സംഘടനയും നിലവിൽ വന്നു.

ഇപ്പോഴത്തെ എം എൽ എ രാജ തോട്ടം തൊഴിലാളി യൂണിയൻ പ്രവർത്തകനല്ലെങ്കിലും തോട്ടം മേഖലയിൽ ജനിച്ചു വളർന്നയാൾ. ദേവികുളം കോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുകയും

ഡിവൈഎഫ്ഐ നേതാവെന്ന നിലയിൽ പ്രവർത്തിക്കുകയും ചെയ്തുവരവെയാണ് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ജില്ലാ പഞ്ചായത്തംഗം ഭവ്യയും അഭിഭാഷകയാണ്. മുതിർന്ന സിപിഐ നേതാവ് പി.മുത്തുപ്പാണ്ടിയുടെ മകൾ. യുവജന രംഗത്ത് സജീവമാണ്. മൂന്നാറിലെ രാഷ്ട്രിയ രംഗത്ത് പുതിയൊരു തലമുറ സജീവമാകുകയാണ്. ഇതേ സമയം മൂന്നാർ ഗ്രാമപഞ്ചായത്തിലെ ആദ്യവനിത പ്രസിഡൻറ് ആനി ബാബു കാലാവധി കഴിഞ്ഞതോടെ രാഷ്ട്രീയം വിട്ടു.

ട്രേഡ് യൂണിയൻ നേതൃത്വത്തിലേക്ക് വനിതകൾ വരാത്തത് പോലെയാണ് മാനേജ്മെൻറ് തലത്തിലും സ്ത്രി സാന്നിദ്ധ്യം കാണാത്തത്. 1990കളിൽ ടാറ്റാ ടീ കമ്പനിയിൽ രണ്ടു വനിതകളെ പ്ലാൻറർമാരായി നിയമിച്ചിരുന്നു. സൗത്ത് ഇൻഡ്യയിൽ ആദ്യമായി വനിതകൾ പ്ലാൻറർമാരാകുന്നുവെന്നത് വാർത്തയായിരുന്നു. ഹേത പണ്ഡിറ്റ്, മഹ്റൂഖ് എന്നിവരായിരുന്നു അവർ. എന്നാൽ, വൈകാതെ അവർ രണ്ടു പേരും തേയില തോട്ടത്തോട് ഗുഡ്ബൈ പറഞ്ഞു. പിന്നിട് ഹാരിസൺ മലയാളം പ്ലാൻേറഷനിൽ അമ്മു ജോസഫ് എത്തി. എന്നാൽ, അവരും അധികനാൾ തുടർന്നില്ല. എന്തുകൊണ്ടായിരിക്കാം, പ്ലാൻറർമാരായി തുടരാൻ വനിതകൾ താൽപര്യം പ്രകടിപ്പിക്കാത്തത്. ഇതേ സമയം, സൂപ്പർവൈസർമാരായി നിരവധി വനിതകൾ വിജയകരമായി ജോലി ചെയ്യുന്നുണ്ട്.






മുൻ എം.എൽ.എമാരായ മുരുകേശൻ, സുന്ദരം, എൻ. കിട്ടപ്പ, എസ്. രാജേന്ദ്രൻ



എന്റെ അന്നത്തെ ദേവികുളത്തിന് സ്മരണാഞ്ജലികൾ



എൻ.എൻ. സ്വാമി

കൊച്ചി–ധനുഷ്കോടി ദേശീയപാതയിൽ മൂന്നാറിൽ നിന്നും ഏഴുകിലോമീറ്ററോളം കയറ്റങ്ങളും വളവുകളും പിന്നിട്ട് ചായക്കാടുകളെയും തണൽ മരങ്ങളെയും കണ്ട്, മേഘമാലകളെയും മലകളെയും തൊട്ട്, ശീതക്കാറ്റ് ദീർഘമായി ഉൾക്കൊണ്ട് 'കുളിരാടുന്നു ദേഹത്ത്....' എന്നു മൂളിപ്പാട്ടും പാടി യാത്ര ചെയ്താൽ ദേവികുളത്തു 'പറന്നി'റങ്ങാം.

ദേവികുളം...ഏതോ പുരാണ ദേവിമാരൊക്കെ കുളിച്ചു 'കുട്ടപ്പി'കളായ കുളം എന്നൊക്കയാണ് ഭാവനാശാലികളായ പൊതുജനജിഹ്വകൾ പണ്ടു പറഞ്ഞിരുന്നത്. അവിടെ ഒരു കുളം ഉണ്ടായിരുന്നു എന്നത് യാഥാർഥ്യം. ഇപ്പോഴുമുണ്ട്.

പണ്ട് പാണ്ഡവക്കൂട്ടം ഏകപത്നിയായ പാഞ്ചാലിയോടൊപ്പം വനവാസകാലത്ത് ഈ കുളക്കരയിൽ ക്യാമ്പ് ചെയ്തിരുന്നു...ആ ദേവി കുളിച്ച ശേഷമാണ് ദേവികുളം എന്നു പേര് വന്നതെന്നുമാണ് പ്രചാരം. ദേവി കുളിക്കുന്നതിനുമുമ്പ് സ്ഥലനാമം എന്തായിരുന്നുവെന്നു ചോദിച്ചാൽ ഉത്തരം മുട്ടി 'യാർർർ ഇവൻ?' എന്ന മട്ടിൽ തുറിച്ചുനോക്കും.

മാനം തൊട്ടുനിൽക്കും സഹ്യസാനുക്കളാൽ വലയം ചെയ്യപ്പെട്ട്, ആ വൃത്തത്തിനുള്ളിൽ ഒതുങ്ങിക്കൂടിയ ഒരു കൊച്ചു ശൈത്യ ഗ്രാമമാണ് ദേവികുളം. എന്നാൽ പണ്ടൊരിക്കൽ അതായത് 1909ൽ ദേവികുളം ഡിവിഷന്റെ (അന്നത്തെ ജില്ല) ആസ്ഥാനമായിരുന്നു ഇവിടം. അതുക്കും മുമ്പ് കാർഡമം ഡിവിഷന്റെ ആസ്ഥാനവും. ഇന്ന് കാർഡമം സെറ്റിൽമെൻറ് ആഫീസറുടെ ആസ്ഥാനമായി മാറിയിട്ടുണ്ട് ദേവികുളം. രാജഭരണ നാളുകളിൽ രാജാവും പരിവാരങ്ങളും വേനൽക്കാലത്ത് താമസിച്ചിരുന്നതും ഈ ഗ്രാമത്തിൽ. ഈ കൊച്ചുകുളത്തെപ്പറ്റി പറയുമ്പോൾ എന്റെ ആത്മാംശങ്ങൾ തുടിക്കുന്ന ചില അനുഭവങ്ങൾ അറിയാതെ തന്നെ പ്രത്യക്ഷമാകാം. എന്റെ കഥ ഈ ഗ്രാമവുമായി അത്രമാത്രം അലിഞ്ഞു ചേർന്നിരിക്കുന്നു.

ശൈത്യത്തിന്റെ കലവറയായ ഈ കുളഭൂമിയിലേക്ക് ഞാൻ പിച്ചവെച്ചുനടന്നു കേറിയത് ഏതാണ്ട് രണ്ടോ മൂന്നോ വയസ്സുള്ളപ്പോഴായിരുന്നു. അച്ഛന്റെ ഔദ്യോഗികപോസ്റ്റിങ്ങ് ആണു കാരണം. അദ്ദേഹം കോടതിയിൽ കോപ്പിയടിക്കുന്നയാൾ (അതായത്,കോപ്പിസ്റ്റ്) ആയിരുന്നു. സ്വന്തം കുടുംബപ്രശ്നങ്ങൾ കാരണം അച്ഛൻ ഈ ശീതളഭൂമിയിലേക്ക് ട്രാൻസ്ഫർ വാങ്ങിവന്നതാണെന്നും കൂടാതെ, ഹിൽ അലവൻസ് ആയി 25 രൂപ കിട്ടും എന്നത് അന്നത്തെ നിലക്ക് നല്ലൊരു ആകർഷണം ആയിരുന്നെന്നും പിൽക്കാലത്തു എന്നോടുപറഞ്ഞിട്ടുണ്ട്. (എലിപോലുള്ള ആ തുക അക്കാലത്ത് മലയെപ്പോൽ വലുപ്പം ഉള്ളതായിരുന്നുവെത്ര...).

റവന്യൂ ഡിവിഷൻ ഓഫീസുമുതൽ എല്ലാ സർക്കാർ ഓഫീസുകളും, പോസ്റ്റ് ഓഫീസും അച്ഛന്റെ തൊഴിൽവേദിയായ കോടതി, പോലീസ് സ്റ്റേഷൻ, സബ്ജയിൽ, റസ്റ്റ് ഹൗസ് തുടങ്ങി എല്ലാം ഈ കുളത്തിലായിരുന്നു. സർക്കാർ ക്വാർട്ടേഴ്സ്, സർക്കാർ ആസ്പത്രി, വിദ്യാലയങ്ങൾ, ശ്രീമൂലം ക്ലബ് എന്ന പൊതുവായനശാല, ഒരു സിനിമാ കൊട്ടക.....ക്ഷേത്രം...പള്ളി...ഒരേ യൊരു ബാങ്ക് (ടആക) വക്കീൽ സ്വാമിയുടെ കെട്ടിടത്തിൽ... അങ്ങനെയങ്ങനെ.....! ശ്രീമൂലം ക്ലബ്ബിൽ നിന്നു തുടങ്ങിയതാണെൻറ വായനാശീലം..! ഇതിന് പുമെ എന്നെങ്കിലും ഒരിക്കൽ എത്തിയേക്കാവുന്ന ഗവർണർക്ക് താമസിക്കാനുള്ള തിരുവനന്തപുരത്തിന് പുറത്തെ ഏക രാജ്ഭവൻ. (രാജ്ഭവൻ 1990ൽ ടൂറിസം വകുപ്പിന്റെ ഗസ്റ്റ് ഹൗസായി. 1994ൽ ദേവികുളം ആകാശവാണി സ്ഥാപിച്ചതും രാജ്ഭവൻ വളപ്പിൽ)

കടകളെപ്പറ്റി പറഞ്ഞാൽ... സാം കൊ, കുഞ്ഞമ്മദിന്റെ കട, സെൽവമണി കട, ഇറച്ചിപ്പാറയിലെ ആൽബർട്ടിന്റെ കട, നാടാർ കട എന്നീ നാലു പലചരക്കുകടകൾ, കുഞ്ഞമ്മദിന്റെ തന്നെ ലൈല ഹോട്ടൽ, പപ്പൻ നായരുടെ ഒരേയൊരു തുണികട, ഒരു റേഷൻ കട, ഹോട്ടൽ സ്വാമിയുടെ കെട്ടിടത്തിൽ ചാരായക്കട...!

മഞ്ഞും തണുപ്പും, ഒരിക്കലും ഉഷ്ണം തോന്നാത്ത വെയിൽ നാളങ്ങളും...! മശകമക്കുണങ്ങൾ ഇല്ലാത്ത... ഫാനിന്റെ ആവശ്യമേയില്ലാത്ത കാലാവസ്ഥ....!

അതിസുന്ദരവും സുഖശീതളവുമായി എങ്ങുനോക്കിയാലും പച്ചപ്പ്. എന്തു നട്ടാലും മുളച്ചു ഫലം തരുന്ന മണ്ണ്.. ക്വാർട്ടേഴ്സിൽ ഉള്ള പറമ്പിൽ യഥേഷ്ടം പച്ചക്കറികൾ... 25 പൈസക്ക് ലഭിക്കുന്ന ഒരു കുപ്പി പാൽ... അസുഖങ്ങൾ അലോസരപ്പെടുത്താത്ത അന്തരീക്ഷം...! ജലത്തിനു ദോഷമില്ലാത്തതിനാൽ ജലദോഷമുണ്ടാകാറില്ല.

ഒരു മൂന്നാം ക്ലാസ്സുമുതലുള്ള കാര്യങ്ങൾ ഇപ്പോഴും അലയടിക്കുന്നുണ്ട് ഓർമ്മ സമുദ്രത്തിൽ.



ചെല്ലപ്പൻ എന്ന ഒരു കൂട്ടുകാരനായ സഹപാഠിയുണ്ടായിരുന്നു. RDO ഓഫീസിനു സമീപമുള്ള പുല്ലുമേഞ്ഞ LP സ്കൂളിലേക്ക് ചെറുനടപ്പുദൂരം മാത്രം. ക്ലാസ്സ് ഉച്ച വരെ. സ്കൂൾ വിട്ടാൽ ഞങ്ങൾ തോളിലൂടെ കയ്യിട്ട് ഓരോട്ടമാണ് വീടുകളിലേക്ക്.... ഒരുനാൾ ഓടവേ, വഴിയരികിലെ ഒരു പൈപ്പിൽ തട്ടി ഇരുവരും സുന്ദരമായിവീണു. അവൻറെ കൈ മാത്രം ഉരഞ്ഞുപൊട്ടി... കല്ലിലടിച്ചെൻറെ തലപൊട്ടി ചോരപ്രളയം...! ആരോവന്നു പിടിച്ചെണീപ്പിച്ചു. അതുവഴി വന്ന ഒരു സർക്കാർ ജീപ്പിൽ മലയുടെ മണ്ടയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ ആശുപത്രിയിൽ എത്തിച്ചു. (അക്കാലത്തു ഹൈറേഞ്ചിൽ ഓട്ടോറിക്ഷ ഒന്നും അവതരിച്ചിട്ടില്ലായിരുന്നു. അന്നു ഫോണും മറ്റും ഇല്ലായിരുന്നുവല്ലോ. ഒന്നു ഫോണിക്കണമെങ്കിൽ പോസ്റ്റ് ഓഫീസിൽ പോകേണ്ടിവരും...!) തലേക്കെട്ടുമായി വീട്ടിലെത്തിയ എനിക്കു വീണ വേദനകൂടാതെ ബോണസ് ആയി അമ്മയുടെ... അച്ഛൻറെ.... ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന സഹോദരിയുടെ... എല്ലാം ശകാരവേദനകളും....!

ഹൈസ്കൂൾ കുറച്ച് താഴെ. ഏതോ ബാങ്കിൻെറ കെട്ടിടമായിരുന്നു. പലക വിരിച്ച രണ്ടു നില. പിന്നിട് ഹൈകോടതി ഇടപ്പെടലിലൂടെ ഹൈസ്കൂൾ പുതിയ സ്ഥലത്തേക്ക് മാറ്റി. പ്രൈമറി സ്കൂളിനും കിട്ടി സ്വന്തം സ്ഥലവും കെട്ടിവും. അതു ഇറച്ചിപാറയിൽ...

ഗൂഡാർവിള ഹൈസ്കൂളിന് കെട്ടിടം നിർമ്മിച്ചതും ഹൈക്കോടതി ഇടപ്പെടലിന തുടർന്നാണ്.എസ്എസ്എൽസി പരീക്ഷയിൽ ഒരു കുട്ടി പോലും ജയിക്കാതിരുന്നതിനെ തുടർന്ന് ഗൂഡാർവിള ഹൈസ്കൂളിൻെറ ശോച്യാവസ്ഥ 'മാതൃഭൂമി' പ്രസിദ്ധികരിച്ചു. ഈ വാർത്ത ഹർജിയായി പരിഗണിച്ച് ഹൈക്കോടതി കമ്മീഷനെ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് കെട്ടിടം നിർമ്മിച്ചതും പഞ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചതും.

ദൈവം... വിശ്വാസം.. അതൊന്നും കാര്യമായി ആലോചിക്കുന്ന പ്രായമായിരുന്നില്ലല്ലോ അത്. അച്ഛനോ അമ്മയോ ചെയ്യുന്നതു കണ്ട് കൈ കൂപ്പുന്ന... അമ്പലത്തിൽ ചെന്ന് ണിം... ണിം... എന്നു മണിയടിക്കുന്ന കൗതുകം മാത്രം....പിന്നെ എല്ലാ കൊല്ലവും അയ്യപ്പൻ ചിറപ്പ്...ജയചന്ദ്രൻ, ജയവിജയന്മാർ തുടങ്ങിയവരുടെ സംഗീതസദസ്സുകൾ....!വർഷത്തിൽ മൂന്നു പരീക്ഷകൾക്കായി ദൈവത്തോട് പ്രത്യേകസഹായാപേക്ഷ...എന്നിട്ടും മാർക്ക് കുറയുമ്പോൾ ഞാൻ പഠിക്കാത്ത കുഴപ്പം എന്നുപറഞ്ഞു ബാലപീഡനം...

വായന തുടങ്ങിയത് ആറാംതരം കഴിഞ്ഞാണ്. ശ്രീമൂലം ക്ലബ്ബിലെ വിനോദങ്ങളും ലൈബ്രറിയിലെ പുസ്തകങ്ങളും ഹരമായിരുന്നു. അവിടെ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ചുതീർത്തതു ഞാൻ തന്നെയായിരുന്നു. ഞാൻ പഠിച്ചത് മലയാളം മീഡിയം ആയിരുന്നെങ്കിലും തമിഴ് മീഡിയവും ഉണ്ടായിരുന്നു. തമിഴ് കുട്ടികൾക്കു ശിഷ്യപ്പെട്ടു ഞാൻ ആ ഭാഷയും നന്നായി സംസാരിക്കാനും എഴുതാനും വായിക്കാനും വശമാക്കി. അതിനാൽ തമിഴ് പുസ്തകങ്ങളും വായിക്കാൻ കഴിഞ്ഞു.

ദേവി ടാക്കീസ് എന്നൊരു ഓലക്കൊട്ടക...(പിന്നീട് അതു കൈലാസ് ആയി. അതിൻെറ അടുത്താണ് KSRTC സ്റ്റാൻഡ്... അതായത് രണ്ടു ഷെഡുകൾ, ഡ്രൈവറും കണ്ട്രാറും രാപ്പാർക്കുന്ന ഒരു മുറി... രാവിലെ ആറേമുക്കാലിനും ഏഴെമുക്കാലിനും പോ



Devikulam Rajbhavan building

കുന്ന കോട്ടയം, എറണാകുളം വണ്ടികൾ ഷെഡ്ഡിനകത്ത്) ഇതിനിടെ അച്ഛൻ അടുത്തൂൺ പറ്റി. സർക്കാർ ക്വാർട്ടേഴ്സ് ഒഴിയുക യും വേണം. പത്രവിതരണക്കാരനായ നീലകണ്ഠപ്പിള്ളയെന്ന വയോവൃദ്ധൻ, കുന്നിൻമുകളിൽ താൻ താമസിച്ചിരുന്ന ഒരു തകര ക്കുടിൽ സ്വയം ഒഴിഞ്ഞു ഞങ്ങളുടെ താമസത്തിനുനൽകി. കറൻറ് ഇല്ല... വെള്ളമില്ല....വെള്ളം വഴിയിലെ പൈപ്പിൽ നിന്നും ചു മന്നുകൊണ്ടു വരണം....! ഒറ്റത്തടിയായ താൻ എവിടെയെങ്കിലും കഴിഞ്ഞുകൊള്ളാമെന്നു പ്രഖ്യാപിച്ച് ആ പാവം വൃദ്ധൻ ഞങ്ങ ളെ ആനയിച്ചു...വാടക പോലും വാങ്ങാതെ....ആ ബ്രാണ്ഡഹൃദയത്തെ ഒരിക്കലും മറക്കാനാവില്ല.

ജീവരഥം ഉരുണ്ടു. എൻെറ വിദ്യാഭ്യാസ ജീവിതം കഴിഞ്ഞു. അച്ഛൻെറ ഉൾമനസ്സിൽ നീറുന്ന ഒരാഗ്രഹം ഉണ്ടായിരുന്നു– 'എന്നെ എങ്ങിനെയെങ്കിലും കണ്ണൻ തേവൻ കമ്പനിയിൽ ഉദ്യോഗസ്ഥനാക്കുക. അപ്പോൾ ഫാമിലി ക്വാർട്ടേഴ്സ് കിട്ടും... ഞങ്ങ ളുടെ താമസപ്രശ്നം ഇല്ലാതാകും. എനിക്ക് 60 ആകുന്നവരെ പ്രശ്നമേ ഉണ്ടാവില്ല....സഹോദരങ്ങളുടെ കാര്യങ്ങൾ നടക്കും.... അങ്ങനെ... അങ്ങനെ...!

അച്ഛൻെറ വക പരിശ്രമങ്ങൾ തീവ്രമായി നടക്കുന്നതിൻെറ തെളിവായി...അതിൻെറ ശുഭരോഗവുമായി ഒരു ദിവസം നാലുമ ണിക്ക് കമ്പനിയുടെ പ്രതിനിധി എത്തി– നാളെ രാവിലെ 8 മണിക്ക് ഹെഡ് ഓഫീസിൽ ഇൻറർവ്യൂ.....!

അടുത്തനാൾ അഭിമുഖം കഴിഞ്ഞ്, എന്നെ കമ്പനി ആസ്പത്രിയിലേക്ക് വൈദ്യ പരിശോധനക്കു വിട്ടു. അടുത്ത ദിനം സർട്ടി ഫിക്കറ്റ് വാങ്ങി സമർപ്പിച്ചു...ഞാൻ കാത്തുനിന്നു .....മൂന്നു മണിയായപ്പോൾ മാനേജർ വിളിച്ചു.'You are posted in one of our tea estates in Anamallais(Valparai), as an office staff. Congrats... You may join there in two days' എന്നരുളിചെയ്തു. സ്വപ്നമോ.... മിഥ്യ യോ.... യാഥാർഥ്യമോ... എന്നറിയാതെ thank you sir എന്നു മുറു മുറുത്തുകൊണ്ട് പുറത്തിറങ്ങി. അടുത്തനാൾ... ഒരു കുഞ്ഞു തകരപ്പെട്ടിയിൽ ജൗളിയും മറ്റവശ്യവസ്തുക്കളും കുത്തിനിറച്ച് അച്ഛനും ഞാനും രാവിലെ 6മണിക്ക് മൂന്നാറിലേക്ക്... അവിടന്ന് ഉടുമൽപേട്ട്... പൊള്ളാച്ചി വഴി വാൽപാറ...! ഉദ്യോഗപർവത്തിൻെറ തുടക്കം...ഒരു ചുമട് ഉത്തരവാദിത്തങ്ങളുടെയും. മനസ്സിൽ തിങ്ങി വിങ്ങിയ ദേവികുളസ്മരണകൾ എന്നും എപ്പോഴും....ഇപ്പോഴും ഈ എഴുപത്തിയൊന്നാം വയസ്സിലും മാനസവീണയിൽ രാഗമലിക തീർക്കുന്നു. പിന്നീട് പലതവണ പോയിട്ടുണ്ടെങ്കിലും ഖേദപൂർവം പറയട്ടെ.... എൻെറ ദേവികുളവും മൂന്നാറുമൊക്കെ ആസൂത്രണമില്ലാത്ത ടൂറിസത്തിൻെറ പ്രളയപ്രവാഹത്തിൽ ഒഴുകിയൊഴുകിപ്പോയി. മൂന്നാറിനോളമില്ലെങ്കിലും ദേവികുളവും കോലം കെട്ടു. അധികൃതമായും അല്ലാതെയും മൊട്ടക്കുന്നുകൾ ചുരണ്ടിമാറ്റി. വീടുവെച്ചിരിക്കുന്നു.... റിസോട്ടുകൾ.... മാലിന്യം അലങ്കരിച്ച പാതയോരം...ട്രാഫികിൻെറ അതിപ്രസരം....ടൂറിസം കൊണ്ടു തൽപരകക്ഷികൾ നന്നാകുംതോറും പ്രകൃതി വികൃ തമാവുകയാണ്. എൻെറ അന്നത്തെ ദേവികുളത്തിന് സ്മരണാഞ്ജലികൾ..... ???



സൗഭാഗ്യം
ഇപ്പോൾ എല്ലാ ദിവസവും

കേരള ഭാഗ്യക്കുറി
വിശ്വസ്തം സുതാര്യം ജനകീയം

ചൊവ്വ സ്ത്രീശക്തി
ഒന്നാം സമ്മാനം
₹75 ലക്ഷം
ടിക്കറ്റ് വില 40 രൂപ മാത്രം

തിങ്കൾ വിൻവിൻ
ഒന്നാം സമ്മാനം
₹75 ലക്ഷം
ടിക്കറ്റ് വില 40 രൂപ മാത്രം

ബുധൻ ഫിഫ്റ്റി ഫിഫ്റ്റി
ഒന്നാം സമ്മാനം
₹1 കോടി
ടിക്കറ്റ് വില 50 രൂപ മാത്രം

ഞായർ അക്ഷയ
ഒന്നാം സമ്മാനം
₹70 ലക്ഷം
ടിക്കറ്റ് വില
40 രൂപ മാത്രം

വ്യാഴം കാരുണ്യ പ്ലസ്
ഒന്നാം സമ്മാനം
₹80 ലക്ഷം
ടിക്കറ്റ് വില 40 രൂപ മാത്രം

വെള്ളി നിർമൽ
ഒന്നാം സമ്മാനം
₹70 ലക്ഷം
ടിക്കറ്റ് വില 40 രൂപ മാത്രം

ശനി കാരുണ്യ
ഒന്നാം സമ്മാനം
₹80 ലക്ഷം
ടിക്കറ്റ് വില 40 രൂപ മാത്രം

കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്
www.statelottery.kerala.gov.in

kslott

மூணாரில் கல்வி நிலையங்களின் தோற்றமும் வளர்ச்சியும்

Veeran.K, Rtd.Jr.Superintendent,
Department of General Education, Govt.of Kerala

ஊரே திருவிழா கோலம் பூண்டிருந்த ஒரு வியாழக்கிழமை நாளில் திருவிதாம்கூர் மஹாராஜா மூணாருக்கு விஜயம் புரிந்த 7.10.1936 அன்று நான் எனது பெற்றோர் திருமதி.வடிவு திரு.குப்பாண்டி அவர்களின் இரண்டாவது மகனாக பிறந்தேன். 1957ம் ஆண்டு SSLC தேர்வில் வெற்றிபெற்ற பின் சிறிது காலம் சிவன்மலை எஸ்டேட் மற்றும் லக்கம் டிவிஷனில் ஆசிரியராக பணிபுரிந்தேன். கோவை ராமகிருஷ்ணா வித்தியாலயத்தில் Intermediate படித்துக் கொண்டிருக்கும் போது 1965ல் PSC தேர்வெழுதி வெற்றி பெற்றேன். பாலக்காட்டில் கோட்டை மைதானத்தில் இருந்த கேரளா அரசின் புத்தக நிலையத்தில் முதன் முதலாக பணிக்கு அமர்த்தப்பட்டு பின்னர் சித்தூர் AEO அலுவலகத்திற்கும் மூணார் AEO அலுவலகத்திற்கும் மாற்றப்பட்டு 1991ல் அடிமாலி AEO அலுவலகத்தில் இருந்து சூப்பரிண்டெண்டாக பணி ஓய்வு பெற்று கோவையில் எனது மனைவி பார்வதியுடன் வசித்து வருகிறேன்.



முதல் பள்ளிக்கூடம்

ஏறத்தாழ 1916 களில் தான் மூணார் நகரின் மையப்பகுதியில் நூற்றாண்டைக் கடந்த அரசு ஆங்கிலேய தமிழ் ஆரம்பப் பாடசாலை (ATPS) சமூக அக்கறை கொண்ட சில இளைஞர்களாலும் ஆங்கிலேயர்களாலும் ஆரம்பிக்கப்பட்டது. இந்த ஆரம்பப்பாடசாலையின் முதல் தலைமை ஆசிரியராக திரு.வின்சென்ட் என்பவரின் தந்தை பொறுப்பேற்றார். அவருக்குப் பின் திரு. மாணிக்கம், திரு பொன்னுமுத்து, திரு.தேவநேசம் பொன்னையா, திரு.ஞானசிகாமணி, திரு. ஈனோஸ், திருமதி, கிரிஸ்டல் சோபானம், திருமதி. மெர்சி ஞானலெட், திருமதி. கோல்டி மைல்ட் மே சாமுவேல், திருமதி. முத்தாபரணம் போன்றோரும் திருமதி. தனலட்சுமி தம்பிராஜ், திருமதி.நாகம்மாள் தேவதாஸ், திருமதி.எஸ்தர் ராணி நோவா, திரு. சுப்பையா, திருமதி.மாரியம்மாள் குணசீலன் போன்றோரும் தலைமையில் இருந்தனர். வருமான அதிகாரியாக இருந்து 2021ம் ஆண்டு உயிர்நீத்த எனது மூத்த மகன் குணாளனும் இந்த பள்ளியிலேயே பயின்று சிறிது காலம் இந்த வரலாற்று பெருமை மிக்க பள்ளியில் ஆசிரியராகவும் சேவை செய்தான். எனது மாமனார் திரு.பரமசிவம், திரு.கோதண்டன், திரு.கன்னியப்பன், திரு. பொன்னன், அவர்களின் தலைமுறையினர் எனது குழந்தைகள், சகோதர சகோதரிகள் என ஆறு தலைமுறையினர் இப்பள்ளியின் முன்னாள் மாணவர்கள் என்பதில் பெருமை கொள்கிறேன். ஆறு தலைமுறையினரின் அடிப்படைத் தகவல்கள் இப்பொழுதும் இந்த வரலாற்று பள்ளியின் சேர்க்கைப் பதிவேடுகளில் காணப்படுகின்றன. சில ஆண்டுகளுக்கு முன்னர் தான் நலிந்த நிலையில் காணப்பட்ட இந்த பதிவேடுகள் எனது இரண்டாவது மகன் சக்திவேலுவின் முயற்சியினால் காப்பாற்றப்பட்டன.

இதன் பின்னர் மெல்ல மெல்ல தொலைதூர தேயிலைத் தோட்டத்து தொழிலாளர்களின் கல்வி கனவினை நனவாக்கிட 12 ஆரம்பப் பாடசாலைகள் அரசின் உதவியுடன் தொடங்கப்பட்டன. 1924ம் ஆண்டு வரலாறு காணாத பெரும் வெள்ளத்தில் சேதமடைந்த தேயிலை தொழிற்சாலை இன்று கேரளா அரசின் போக்குவரத்து நிலையத்தின் அருகில் உள்ள தெற்குபீரட்டு என்ற சிறிய மலைப்பகுதிக்கு மாற்றப்பட்டது. 1926ம் ஆண்டு மூணார் எஸ்டேட் தேயிலை தொழிற்சாலையாக செயல்பட்டு வந்த கட்டிடம் மூணார் உயர்நிலைப்பள்ளியாக மாற்றப்பட்டது (MUNNAR HIGH SCHOOL).

வெள்ளத்தில் சிதிலம் அடைந்த தேயிலை தொழிற்சாலை அலுவலகத்தில் பயன்படுத்தப்பட்ட மிக விலை உயர்ந்த நாற்காலிகள், மேசைகள், கோப்புகளை பத்திரப்படுத்த பயன்பட்ட பர்மா தேக்கினால் செய்யப்பட்ட சிறு அலமாரிகள் என மூணார் உயர்நிலைப்பள்ளி தேயிலையின் நறுமணத்துடன் தனது நீண்ட நெடும் பயணத்தை தொடங்கியது. ஆசிரியர்கள் அனைவரும் ஒவ்வொரு வகுப்பினுடைய தினப் பதிவேடுகளையும் பர்மா தேக்கு அலமாரிகளின் மெலிதான இடைவெளிகளில் பத்திரப்படுத்தி வைப்பது வழக்கம். கோடி ரூபாய் மதிப்பு பெரும் அந்த அலமாரிகளின் முகவரியே இன்று இல்லை. தொழிற்சாலை மூன்று அடுக்குகளைக் கொண்டிருந்தது. இந்த கட்டிடத்தில்தான் preparatory class அதாவது Form I முதல் Form VI வரை அதாவது 5 முதல் 11ம் வகுப்பு வரையிலான பள்ளிக்கூடம் தொடங்கப்பட்டது. இதனருகில்தான் ஆங்கிலேய தமிழ் ஆரம்பப் பாடசாலை Anglo Tamil Primary School (ATPS) அமைந்துள்ளது.

